

# ചാവറയച്ചന്റെ 101 കിരണങ്ങൾ

ഫാ. സെഡ്. എം. മൂഴൂർ

# നൂറ്റിയൊന്നു കിരണങ്ങൾ

PRIOR GENERAL'S HOUSE
LIBRARY
3677
ERNAKULAM

Complimentary Copy

2-12-2000

# നൂറ്റിയൊന്നു കിരണങ്ങൾ

ഫാ. സെഡ്.എം. മൂഴൂർ

ആരാമം പബ്ലിക്കേഷൻസ്
തൊടുപുഴ, പിൻ. 685 584
ഫോൺ: 0486 225691
വില:45രൂപ

MALAYALAM

101 Kirinangal

(Profiles)

**By Z.M. Moozhoor**

Published by the author

Rights Reserved

First Published

By Aramam Publications, Thodupuzha.

*Cover Design* : Shanavas Kechery Aramam Digital

*Type Setting* : Geo Mathew & Jose Edakkra, Aramam

*Printed at* : K.E. Offset, Mannanam. Ph: 597296


*Distributors* : Chavara shrine, Mannanam.

Deepika Book House, Kottayam.

Aramam Digital Dream World Thodupuzha

K.C.M. Press Monastery Road Eranakulam.

***Price* : Rs.45**



1946–ൽ കോട്ടയം ജില്ലയിൽ മൂഴൂർ ഗ്രാമത്തിൽ ജനിച്ചു. വീട്ടുപേര് മൂങ്ങാമാക്കൽ. പേര് സക്കറിയാസ്. 1976–ൽ വൈദികനായി. മാന്നാനം ബൈബിൾ വിവർത്തനസമിതി കോ–ഓർഡിനേറ്റർ, ദീപിക ആഴ്ചപ്പതിപ്പ് പത്രാധിപർ, ന്യൂയോർക്ക് യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ ചാപ്ലയിൻ, മൂലമറ്റം സെന്റ് ജോസഫ്സ് കോളേജ് അധ്യാപകൻ തുടങ്ങിയ നിലകളിൽ സേവനം. കഥ, നോവൽ, കവിത തുടങ്ങിയ 60–ഓളം കൃതികൾ രചിച്ചു. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ എഡിറ്റു ചെയ്തതു കൂടാതെ അദ്ദേഹത്തെക്കുറിച്ചു നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. ഗ്രീക്കുപുരാണകഥാസാഗരത്തിൽനിന്നുള്ള രണ്ടുലക്ഷത്തിപത്തൊൻപതിനായിരം രൂപാ ചാവറയച്ചനോടുള്ള ആദരവിന്റെ പ്രതീകമായി നിക്ഷേപിച്ച് ചാവറവിദ്യാനിധി സാധുവിദ്യാർത്ഥികൾക്കായി സ്ഥാപിച്ചു. വാർഷികപലിശ വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പിനു വേണ്ടി വിനിയോഗിക്കുന്നു. സി.എം.ഐ. കോട്ടയം പ്രോവിൻസ് വിദ്യാഭ്യാസവകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്. ഫാ. മൂഴൂർ 1996–ൽ രൂപം കൊടുത്ത ആരാമം ഡിജിറ്റൽ ഡ്രീം വേൾഡ് ദൃശ്യ,ശ്രാവ്യ,കലാമാധ്യമങ്ങളിലൂടെ വിലപ്പെട്ട സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു.


വിലാസം:

ഫാ. സെഡ്. എം. മൂഴൂർ CMI
സെയിന്റ് ജോസഫ്സ് മോണസ്റ്ററി
അറക്കുളം.–685591, ഇടുക്കി
ഫോൺ :0486 225691 (Off)
: 0486-252104 (Res)

# ഉള്ളടക്കം


1. നല്ല കുടുംബം ........ 28
2. ദൈവമാതൃഭക്തി ........ 28
3. ദൈവശുശ്രൂഷക്കുള്ള അഭിലാഷം ........ 29
4. അനുകമ്പ ........ 30
5. നിശ്ചയദാർഢ്യം ........ 31
6. ത്യാഗം ........ 32
7. ഇച്ഛാഭംഗം ........ 32
8. പ്രാർത്ഥനപ്പുസ്തകം ........ 33
9. സമൂഹജീവിതം ........ 34
10. പഠനം ........ 35
11. പ്രസംഗം ........ 36
12. സന്യാസസഭയുടെ തുടക്കം ........ 36
13. ദൈവപരിപാലന ........ 38
14. സഹിഷ്ണുത ........ 39
15. പ്രാർത്ഥനയുടെ ശക്തി ........ 39
16. രോഗശമനം ........ 40
17. അനുസരണം ........ 41
18. ഹൃദയലാളിത്യം ........ 42
19. സേവന തല്പരത ........ 43
20. പരമാർത്ഥഹൃദയം ........ 44
21. ദൈവസഹായം ........ 45

22. മറ്റുള്ളവരെക്കുറിച്ചുള്ള മതിപ്പ് ........ 46
23. ദേശീയത ........ 46
24. ധ്യാനപ്രസംഗം ........ 47
25. സാന്ത്വനം ........ 48
26. തിരുക്കുടുംബത്തിന്റെ നാമം ........ 49
27. കൂനമ്മാവ് ആശ്രമം ........ 50
28. ദൈവത്തിന്റെ ദ്വീപ് ........ 50
29. പ്ലാശനാൽ ആശ്രമം. ........ 51
30. ശീശ്മ ........ 51
31. മെത്രാൻ സ്ഥാനം. ........ 52
32. ധീരത ........ 52
33. സമരസാരഥി. ........ 53
34. മേലധികാരിയുടെ സാക്ഷ്യപത്രം. ........ 54
35. സത്യാന്വേഷി. ........ 56
36. സമാദരണീയൻ ........ 57
37. ശത്രുസ്നേഹം ........ 58
38. കരുണ്യം ........ 59
39. ഇടവകധ്യാനം. ........ 60
40. നിത്യാരാധന ........ 60
41. വിദ്യാലയങ്ങൾ. ........ 61
42. സാധുജനസേവനം. ........ 62
43. സന്യാസിനീ സഭ. ........ 63
44. അനുകരണയോഗ്യൻ. ........ 63
45. മാന്നാനത്തുണ്ടായ പുഷ്പം. ........ 64

46. ദൈവികമനുഷ്യൻ ........................ 64
47. മറക്കാത്ത ഓർമ്മ ........................ 65
48. വിപദിധൈര്യം ........................ 65
49. ദൈവമാതൃഭക്തി. ........................ 66
50. അമലോത്ഭവനാമം ........................ 67
51. കൃതജ്ഞത ........................ 67
52. അനുപമ സ്നേഹം ........................ 68
53. പരി. കന്യകയുടെ സഹായം ........................ 68
54. പ്രപഞ്ചം എത്ര മനോഹരം ........................ 70
55. ലോകസമ്പത്ത് ........................ 70
56. ക്ഷണ പ്രഭാചഞ്ചലം ........................ 71
57. വെളിച്ചം ........................ 72
58. ദൈവദർശനം ........................ 72
59. ദിവ്യപേടകം ........................ 73
60. വിനയം ........................ 74
61. ദാരിദ്രം ........................ 74
62. ഒരമ്മയുടെ മക്കൾ ........................ 75
63. കുർബാനക്കടം ........................ 76
64. നാല്പതുമണി ആരാധന ........................ 76
65. തിരുശേഷിപ്പുകൾ ........................ 78
66. മാസാദ്യ വെള്ളിയാഴ്ച ........................ 79
67. വാഴപ്പിണ്ടിയിൽ പ്രസ്സിന്റെ മാതൃക ........................ 79
68. സ്ത്രീവിദ്യാഭ്യാസം ........................ 80
69. സത്യത്തിനു വേണ്ടി പീഡിപ്പിക്കപ്പെട്ടു ........................ 81

70. വൈകി വന്ന അംഗീകാരം ............ 82
71. സെമിനാരികളുടെ പൊതുമല്പാൻ ............ 83
72. കുഴിമാടം തുറക്കുന്നു. ............ 84
73. ജ്ഞാനവായന ............ 85
74. പാവങ്ങളുടെ സ്നേഹിതൻ. ............ 86
75. ദളിത് വിദ്യാർത്ഥികൾക്ക് തണൽ നൽകുന്നു ............ 87
76. ഭാരതത്തിലെ ആദ്യത്തെ അനാഥശാല ............ 87
77. ദീനദയാലുവായ ചാവറയച്ചൻ ............ 88
78. മുത്തിയൂട്ട് എന്ന സത്ക്രിയ ............ 89
79. ശത്രുസ്നേഹം യേശുവിന്റെ കല്പന ............ 89
80. നന്മകൊണ്ട് തിന്മയെ നേരിടുന്നു ............ 90
81. കർത്താവിന്റെ ശിഷ്യർക്കടുത്ത മാതൃക ............ 91
82. നല്ല ഇടയൻ ............ 92
83. നിർമ്മല ജീവിതത്തിനു സാക്ഷ്യം ............ 93
84. ഒരു തലമുടിയുടെ കഥ ............ 94
85. നിപുണനായ ഭരണാധികാരി ............ 95
86. നൂറ്റിക്കഞ്ച് പള്ളിക്കു നൽകുക ............ 96
87. ദൈവം കൽപിച്ചു തന്ന സമയം ............ 97
88. നാളാഗമനങ്ങൾ ............ 98
89. കൃതജ്ഞതാഭാവം ............ 99
90. ദർശനവീട്. ............ 100
91. പണം തിരികെ കൊടുക്കുന്നു ............ 100
92. സഭാസ്നേഹം ............ 101
93. സുറിയാനി ഭാഷാസ്നേഹം ............ 102

94. സമന്വയം ..................................................................... 102
95. ദീനക്കാരോടു കാരുണ്യം ........................................................ 103
96. കുർബാനയും പ്രാർത്ഥനയും ................................................. 103
97. സന്യാസം - ദൈവത്തിന്റെ വിളി ............................................ 104
98. കർത്താവിന്റെ മണവാട്ടികൾ ................................................ 105
99. മരണത്തിനൊരുക്കം ............................................................. 106
100. സ്ത്രീവിദ്യാഭ്യാസം ............................................................. 106
101. പ്രിയോർമാവ് ..................................................................... 107
102. ക്രിസ്തുവിന്റെ വികാരിയുടെ തീഷ്ണത ................................ 108
103. കടലാസും മഷിയും ............................................................. 109
104. നിത്യകന്യകയായ അമ്മ ....................................................... 110
105. ഉണ്ണിയേശുവും മാതാവും ................................................... 111
106. പ്രപഞ്ചം. ........................................................................... 112
107. വത്സല പിതാവ് .................................................................. 112
108. വിശുദ്ധിയുടെ പരിമളം ...................................................... 113
109. പണപ്പിരിവ് ........................................................................ 115
110. മഠവും സെമിനാരിയും ....................................................... 116
111. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ സാക്ഷ്യം .................... 117
112. വിരോചിതപുണ്യം ............................................................... 118
113. ദൈവത്തേയും മനുഷ്യനേയും കോർത്തിണക്കിയ വ്യക്തി ........ 119
114. മനുഷ്യകുലത്തിന്റെ അമൂല്യരത്നം ..................................... 119

ആമുഖം

# സുറിയാനി കത്തോലിക്കാ സഭയുടെ അനുഗ്രഹ വർഷങ്ങൾ

വാഴ്ത്തപ്പെട്ട ചാവറകുറിയാക്കോസ് ഏലിയാസച്ചന്റെ ചരമശതാബ്ദി ആഘോഷങ്ങൾ കുനമ്മാവ് സി.എം.ഐ. ആശ്രമത്തിൽ നടക്കുന്ന വേളയിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് ഡോക്ടർ സുകുമാർ അഴീക്കോടു പറഞ്ഞു.''പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ ഇരുപതാം നൂറ്റാണ്ടിൽ ആദരപൂർവ്വം അനുസ്മരിക്കപ്പെടുന്നെങ്കിൽ, ആ വ്യക്തി പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുകൊണ്ടു തന്നെ ഇരുപതാം നൂറ്റാണ്ടും ഇരുപത്തൊന്നാം നൂറ്റാണ്ടും സൃഷ്ടിച്ചയാളായിരിക്കും. അങ്ങനെയുള്ളവരെയാണ് യുഗസ്രഷ്ടാക്കൾ എന്നു വിളിക്കുന്നത്. ചാവറയച്ചൻ അത്തരത്തിൽ ഒരു യുഗസ്രഷ്ടാവായിരുന്നു.'' പത്തൊൻപതാം നൂറ്റാണ്ടിൽ കേരളീയ സമൂഹത്തിനു വെളിച്ചം പകർന്ന ചാവറയച്ചൻ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പൂമുഖപ്പടിയിൽ നിൽക്കുന്ന നമുക്കു സൂര്യ തേജസ്സായി ചൂടും വെളിച്ചവും പകരുന്നു. ഇത് തുടർന്നു കൊണ്ടേയിരിക്കും.

വാരാപ്പുഴ അതിരൂപതയുടെ കീഴിലായിരുന്ന കേരളത്തിലെ സുറിയാനി കത്തോലിക്കാ സമൂഹത്തിന്റെ വികാരി ജനറാൾ എന്ന പദവി ചാവറയച്ചനു ലഭിക്കുന്നത് 1861 ഓഗസ്റ്റ് എട്ടിനാണ്. എന്നുവരെ ആ ജോലി തുടർന്നുവെന്ന് കൃത്യമായ കണക്കു കിട്ടിയിട്ടില്ല. ബർണദീനോസ് മെത്രാപ്പോലീത്താ മരിക്കുന്ന 1868 ഒക്ടോബർ അഞ്ചു വരെയെന്നു ചിലർ അനുമാനിക്കുന്നു. എന്നാൽ 1864 മുതൽ ചാവറയച്ചൻ കുനമ്മാവ് സെയിന്റ് ഫിലോമിനാ ആശ്രമത്തിൽ ആണ് താമസിച്ചിരുന്നത്. ഒരു പക്ഷേ 1864-ൽ ജോലിയിൽ നിന്നും വിരമിച്ചിരിക്കാം. എങ്കിൽ മൂന്നരവർഷം മാത്രമേ വികാരി ജനറാൾ സ്ഥാനത്ത് ജോലി ചെയ്തുള്ളുവെന്നു കരുതുവാനും വകയുണ്ട്. കാലയളവ് എത്രയെങ്കിലുമാകട്ടെ, കേരളത്തിലെ സുറിയാനി കത്തോലിക്കാ സമൂഹത്തിന് ചാവറയച്ചൻ വികാരി ജനറാളായിരുന്നപ്പോൾ ഉണ്ടായ

നേട്ടങ്ങൾ വർണ്ണാനാതീതമാണ്. ഒരു നൂറ്റാണ്ടു കൊണ്ടു കിട്ടാത്ത മഹത്തായ കാര്യങ്ങളാണ് കൈവിരലിലെണ്ണാവുന്ന വർഷങ്ങൾക്കൊണ്ട് കേരള സഭയ്ക്ക് കൈവന്നത്.

## (1) നാലു റീജിയനുകൾ.

ഭരണസൗകര്യം അടിസ്ഥാനമാക്കി സുറിയാനി കത്തോലിക്കാ സമൂഹത്തെ നാലു റീജിയനുകളാക്കിത്തിരിച്ചു. ഓരോറീജിയനും ഓരോ ദപ്പുദാരി(ഡപ്യൂട്ടി ഓഫ് വികർ ജനറൽ)ന്റെ കീഴിലാക്കി. പ്രസിദ്ധരും പണ്ഡിതരുമായ കർമ്മലീത്താ വൈദികരായിരുന്നു ദപ്പുദാർമാർ. നാല്പതോളം പള്ളികളാണ് ഓരോ ദപ്പുദാറിന്റെയും കീഴിൽ ഉണ്ടായി രുന്നത്.

## (2) ഇടവക വൈദികരുടെ ധ്യാനം

സുറിയാനി ഇടവകപ്പള്ളികളിലെ വികാരിമാർക്കു വാർഷിക ധ്യാനം നിർബന്ധമാക്കിയത് ചാവറയച്ചനാണ്. ആധ്യാത്മിക അഭിവൃദ്ധിയാണ് വൈദികനും അദ്ദേഹം ഭരമേറ്റിരിക്കുന്ന ജനങ്ങൾക്കും ഒന്നാമതായി വേണ്ടത്. ധ്യാനം കൊണ്ടും പ്രാർത്ഥന കൊണ്ടും അതു നേടിയെടുക്കാൻ കഴിയണം. അതാണ് പ്രഥമവും പ്രധാനവുമായതെന്ന് വികാരി ജനറാൾ വിശ്വസിച്ചു. കർമ്മലീത്താ സഭയിലെ പ്രശസ്തരായ വൈദികരായിരുന്നു ധ്യാന ഗുരുക്കന്മാർ. രണ്ടു ബാച്ചുകളിലായി രണ്ടു കേന്ദ്രങ്ങളിൽ വച്ചായിരുന്നു ധ്യാനം. വാർഷിക ധ്യാനത്തിൽ സംബന്ധിക്കാത്ത വികാരിമാർക്ക് അംശമുടക്കു കല്പിച്ചിരുന്നു. ഏതെങ്കിലും കാരണത്താൽ കൂട്ടത്തിൽ വന്നു ധ്യാനിക്കുവാൻ കഴിയാത്തവർ നിശ്ചിത തിയതിക്കു മുൻപ് ഏതെങ്കിലും ഒരു കർമ്മലീത്താ ആശ്രമത്തിൽപ്പോയി വാർഷിക ധ്യാനം നടത്തിക്കൊള്ളണമെന്നും ധ്യാനിച്ച വിവരം അരമനക്കച്ചേരിയിൽ അറിയിക്കണമെന്നും കല്പന കൊടുത്തിരുന്നു. ഏകദേശം ഒന്നര നൂറ്റാണ്ടു മുൻപ് ആസൂത്രണം ചെയ്ത വാർഷിക ധ്യാന പദ്ധതി ഇന്നും സുറിയാനി കത്തോലിക്കാ സഭയിൽ അഭംഗുരം പാലിക്കപ്പെടുന്നുണ്ട്.

## (3) ഇടവക ധ്യാനം

ഇടവക ജനങ്ങളുടെ ആധ്യാത്മിക ജീവിതത്തിനും പ്രത്യേക പദ്ധതി ചാവറയച്ചൻ ആവിഷ്കരിച്ചു. 3 അല്ലെങ്കിൽ 5 ദിവസത്തെ ഇടവക ധ്യാനം ആധ്യാത്മികഭിവൃദ്ധിക്കുള്ള വഴി ആയിരുന്നു. ഈ ധ്യാനപ്പരിപാടി

ഇടവകയിൽ നടന്നശേഷമാണ് മെത്രാൻ ഇടവക സന്ദർശനം നടത്തിയിരുന്നത്. കർമ്മലീത്താ സംഭാംഗങ്ങളായ മൂന്നോ നാലോ അച്ചന്മാർ ടീം ആയിട്ടു വന്ന് ധ്യാനം നടത്തിയിരുന്നു. ധ്യാനസമാപനത്തിലെ കുമ്പസാരത്തിന് കൂടുതൽ സന്യാസ വൈദികർ വന്നിരുന്നു. ധ്യാനത്തിനു ശേഷം കുടുംബവഴക്കുകൾ തീർക്കുക, വാർഷിക പാപമോചനം നടത്താത്തവരേയും പള്ളിക്കടങ്ങൾ ഉള്ളവരേയും സജീവ ഭാഗഭാഗിത്വത്തിലേക്കു കൊണ്ടുവരിക തുടങ്ങിയ അനുരഞ്ജന ശുശ്രൂഷകളും ചാവറയുടെ സമഗ്രപരിപാടിയുടെ ഭാഗമായിരുന്നു.

## ④ ഞായറാഴ്ച പ്രസംഗം

ഞാറാഴ്ച പടാർത്ത അഥവാ പ്രസംഗം സുവിശേഷ വായന കഴിഞ്ഞോ, കുർബാന കഴിഞ്ഞോ, നടത്തണമെന്ന് നിയമം മൂലം അനുശാസിച്ചത് വികാരി ജനറാളായ ചാവറയച്ചൻ ആണ്. എല്ലാ വൈദികരും വേണ്ട വണ്ണം ഒരുങ്ങി ഞായറാഴ്ച പ്രസംഗങ്ങളും തിരുന്നാൾ പ്രസംഗങ്ങളും നടത്തണമായിരുന്നു. കുമ്പസാരത്തിന് അനുവാദം വാങ്ങാൻ മെത്രാന്റെ പക്കൽ എത്തുമ്പോൾ ഞായറാഴ്ച പ്രസംഗങ്ങൾ നടത്തിയ തിയതിയും വിഷയ ശീർഷകങ്ങളും എഴുതിയ കുറിപ്പും മെത്രാനെ കാണിക്കണമായിരുന്നു.

## ⑤ വിദ്യാഭ്യാസരംഗം

സുറിയാനി കത്തോലിക്കരുടെയിടയിൽ വിദ്യാഭ്യാസമുള്ളവർ ദുർലഭമായിരുന്നു. വിദ്യാഭ്യാസം കൊണ്ടുമാത്രമേ സമുദായത്തെ ഉന്നത ശ്രേണിയിൽ എത്തിക്കാൻ കഴിയൂ എന്ന് ചാവറയച്ചൻ വിശ്വസിച്ചു. ഇന്ന് മറ്റേതൊരു സമുദായത്തിന്റെയും മുൻപിൽ വിദ്യാഭ്യാസ കാര്യത്തിൽ സുറിയാനി കത്തോലിക്കർ നിൽക്കുന്നെങ്കിൽ അതിന്റെ പ്രധാന കാരണം വാഴ്ത്തപ്പെട്ട ചാവറയച്ചനാണ്. പള്ളിയോടനുബന്ധിച്ച് പള്ളിക്കുടം സ്ഥാപിക്കണമെന്നും, അങ്ങനെ ചെയ്യാത്ത പള്ളികൾക്ക് കൂദാശപരികർമ്മം നടത്തുവാനുള്ള അനുവാദം മുടക്കുമെന്നും സർക്കുലറിലൂടെ നിർദ്ദേശം നൽകി. ഇതുവഴി നിരവധി സ്കൂളുകൾ ചാവറയച്ചൻ വികാരി ജനറാൾ സ്ഥാനം വഹിച്ച കാലത്ത് ഉയർന്നു. മാന്നാനത്തും, പുളിങ്കുന്നിലും ആർപ്പൂക്കയിലും, ഇടത്വായിലും ചാവറയച്ചൻ തന്നെ മാതൃകാ വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഭാരതീയ ദർശനവും, സാംസ്കാരിക വിഷയങ്ങളും ക്രൈസ്തവർ മനസ്സിലാക്കണമെന്ന് ആഗ്രഹിച്ച ചാവറയച്ചൻ ഒരു സംസ്കൃത വിദ്യാലയം മാന്നാനത്ത് ആരംഭിച്ചു. സുറിയാനി

സമൂഹത്തിന്റെ വികസന പ്രക്രിയയിൽ ചാവറയച്ചന്റെ ക്രാന്തദർശിത്വം എത്രമേൽ ഉപകരിച്ചുവെന്ന് ഇന്നുവരെയുള്ള ചരിത്രം പഠിക്കുന്നവർ സർവ്വാത്മനാസമ്മതിക്കും.

## (6) ദളിതർക്കു വേണ്ടിയുള്ള പ്രവർത്തനം

ഇരുപതാം നൂറ്റാണ്ടിൽപ്പോലും കേരളത്തിൽ അയിത്തം നടപ്പിലുണ്ടായിരുന്നു. താഴ്ന്ന സമുദായത്തിലെ അംഗങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യം തന്നെ സവർണ്ണർ അനുവദിക്കാതിരുന്ന കാലത്ത് അവരെ സ്കൂളുകളിൽ പ്രവേശിപ്പിക്കുക എന്ന കാര്യം ആലോചിക്കാനേ നിവൃത്തിയുണ്ടായിരുന്നില്ല. അന്ന് ചാവറയച്ചൻ താഴ്ന്ന സമുദായത്തിൽപ്പെട്ടവർക്കുവേണ്ടി പ്രത്യേകം സ്കൂളുകൾ തുടങ്ങി. ഉച്ചഭക്ഷണവും പുസ്തകവും വസ്ത്രവും വിതരണം ചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ സ്കൂൾകുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിക്കൊണ്ട് നമ്മുടെ ഗവൺമെന്റുകൾ ചരിത്രം തിരുത്തി എന്നവകാശപ്പെടുന്നു. എന്നാൽ ഒന്നരനൂറ്റാണ്ടുമുൻപ് ഇക്കാര്യം ചാവറയച്ചൻ മലയാളക്കരയിൽ നടപ്പിലാക്കി എന്നോർക്കുക.

## (7) ജനങ്ങളിൽനിന്നു ഫണ്ട്.

പല സാമൂഹ്യപ്രസ്ഥാനങ്ങൾക്കും ഫണ്ട് കണ്ടെത്തുന്നത് ഇന്ന് വിദേശസ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ആണ്. ചാവറയച്ചൻ തുടങ്ങിയ സ്ഥാപനങ്ങൾക്കെല്ലാം മൂലധനം സമ്പാദിച്ചത് പൊതുജനങ്ങളിൽ നിന്നാണ്. 'പിടിയരി' പിരിവ് വഴിയാണ് സൗജന്യ ഉച്ചഭക്ഷണത്തിന് വക കണ്ടെത്തിയത്. മാന്നാനത്തെ സ്കൂൾ നടത്തിപ്പിനായി ജനങ്ങൾ പിരിവെടുത്ത് 17 പറ പുഞ്ചനിലം വാങ്ങിയിരുന്നു. ജനങ്ങളുമായി സർവ്വാത്മനാ ബന്ധം പുലർത്തിയ ചാവറയച്ചന് ഏതാവശ്യങ്ങളിലും സഹായം നൽകാൻ ജനങ്ങൾ സന്നദ്ധരായിരുന്നു.

## (8) ആദ്യവെള്ളിയാഴ്ച ഭക്തി

വിശുദ്ധ മർഗരീത്താ മറിയം അലക്കോക്കിനുണ്ടായ ദർശനങ്ങളുടെ വെളിച്ചത്തിൽ യൂറോപ്പിൽ പ്രചരിച്ച ആദ്യവെള്ളിയാഴ്ച ഭക്തി പ്രസ്ഥാനം ആകർഷകമായി ചാവറയച്ചനു തോന്നി.

മലയാളക്കരയിൽ അതിനു നാന്ദി കുറിച്ചത് അദ്ദേഹമാണ്. 40 മണി ആരാധന,13 മണി ആരാധന എന്നീ ഭക്തിരീതികളും ചാവറയച്ചൻ

അനുഭവവേദ്യമാക്കി. കേരള സഭയുടെ ഉത്മുഖ പ്രയാണത്തിൽ രാജരഥ്യ ഒരുക്കിയത് മേൽപ്പറഞ്ഞ ഭക്തിപ്രസ്ഥാനങ്ങളാണ്.

## (9) ആരാധന ക്രമം

സുറിയാനി കത്തോലിക്കാ ദേവാലയങ്ങളിലെ ബലിയർപ്പണം ഒരോ സ്ഥലത്തും ഓരോവിധമായിരുന്നു. എല്ലാം ഏകീകരിച്ച് എല്ലാവർക്കും സമ്മതമായ ഒരു ക്രമപുസ്തകം ചാവറയച്ചൻ തയ്യാറാക്കി. 1866 മുതൽ 1962 ൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് പുനരുദ്ധാരണത്തിന് നിർദ്ദേശം നൽകുന്നതുവരെ ചാവറപ്പിതാവ് തയ്യാറാക്കിയ 'തുക്കാസാ' ആയിരുന്നു ആരാധന ക്രമത്തിന്റെ അടിസ്ഥാന ഗ്രന്ഥം.

കുർബാന ചൊല്ലുന്നതിന് വൈദികൻ സങ്കീർത്തിയിൽ എത്തുന്നതു മുതൽ കുർബാന കഴിഞ്ഞ് സങ്കീർത്തിയിൽ മടങ്ങിവരുന്നതുവരെ അനുഷ്ഠിക്കേണ്ട ഏറ്റവും ചെറിയ ക്രമം പോലും 'തുക്കാസാ' യിൽ രേഖപ്പെടുത്തിരിയുന്നു. സുറിയാനി സഭാ ഹൈയരാക്കിയുടെ തലവൻ എന്ന നിലയിൽ മാർ അഗുസ്തീനോസ് മെത്രാപ്പോലീത്താ 1925–ൽ കൽപിച്ചിരിക്കുന്നത് നോക്കുക: ''സുറിയാനി റീത്തിലെ പൂജാ ക്രമങ്ങൾ'' എന്ന പേരോടുകൂടി അച്ചടിപ്പിച്ചിട്ടുള്ള 'തുക്കാസ' പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം നടത്തണമെന്നും നടത്തിയ്ക്കണമെന്നും 1925–ൽ നമ്മുടെ മെത്രാന്മാരുടെ സംഘത്തിൽ തീരുമാനിച്ചിട്ടു ള്ളതനുസരിച്ച് പട്ടക്കാരെല്ലാവരും ഇതിൽപ്പറഞ്ഞിരിക്കുന്ന ക്രമങ്ങൾ കുർബാനയിൽ അനുസരിച്ചുകൊള്ളേണ്ടതാണ്(തുക്കാസാ പേജ്4)

ചാവറയച്ചൻ തുക്കാസാ എഴുതിയ കാലത്തു നടന്ന ഒന്നാം വത്തിക്കാൻ സൂനഹദോസിന്റെ പശ്ചാത്തലം നാം മറക്കരുത്. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷമുള്ള പഠനങ്ങളും, തീരുമാനങ്ങളും അനുസരിച്ച് വേണ്ട പരിഷ്ക്കാരങ്ങൾ ആരാധന ക്രമത്തിൽ വരുത്തേണ്ട താണെന്നതിൽ തർക്കമില്ല. അദ്ദേഹം അന്നു ചെയ്ത മഹത്തായ സേവനത്തിന്റെ പേരിൽ അദ്ദേഹത്തെ അഭിനന്ദിക്കുന്നതിനു പകരം, സുറിയാനി റീത്തിനു വിരുദ്ധമായി പ്രവർത്തിച്ച വ്യക്തി എന്ന് ചാവറയച്ചനെ മുദ്ര കുത്തുന്നതും മത പഠനഗ്രന്ഥങ്ങളിൽ അങ്ങനെ യൊക്കെ എഴുതിച്ചേർക്കുന്നതും തികച്ചും ഗർഹണീയമാണ്.

ദുഃഖശനിയാഴ്ച ക്രമം ലത്തീനിൽ നിന്നു വിവർത്തനം ചെയ്ത് സുറിയാനി ആരാധനാ ക്രമത്തിൽ ചേർത്തു എന്നതാണ് ചിലർ ചാവറയ്ക്കെതിരേ ഉയർത്തുന്ന ആരോപണം. സുറിയാനി ഭാഷയേയും

സുറിയാനി സമുദായത്തേയും ജീവനു തുല്യം സ്നേഹിച്ച വ്യക്തിയാണ് ചാവറയച്ചൻ. കാനോനനമസ്കാരപ്പുസ്തകം കയ്യെഴുത്തായിട്ടാണ് വൈദികരിൽ പലരും കൊണ്ടു നടന്നിരുന്നത്. നിലവിലിരുന്ന എല്ലാ സുറിയാനി കാനോന നമസ്കാര പുസ്തകങ്ങളും, ഏറെ ജോലിത്തിരക്കുണ്ടായിരുന്നിട്ടും, നിഷ്ക്കർഷം പഠിച്ച് അഞ്ഞൂറിലധികം പേജ് സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കി കുനമ്മാവിൽ അച്ചടിപ്പിച്ചു നമസ്ക്കാരപ്പുസ്തകം പ്രസിദ്ധികരിച്ച ചാവറയച്ചന്റെ സുറിയാനി ഭാഷാ സ്നേഹം അനന്യമായിരുന്നു.

മാർപാപ്പായ്ക്ക് എഴുതിയ കത്തിൽ, ഈ കത്തിനുള്ള മറുപടി സുറിയാനി ഭാഷയിൽത്തന്നെ തരണമെന്ന് ചാവറയച്ചൻ അപേക്ഷിക്കുന്നത് ആ ഭാഷയോടുള്ള സ്നേഹത്തിനു തെളിവാണല്ലോ

അന്ന് വാരപ്പുഴ മെത്രാസനത്തിൻ കീഴിലായിരുന്നു., സുറിയാനി സമുദായം. സഭയിലെ കാലുഷ്യവും ഛിദ്രവും എന്നേയ്ക്കും കെട്ടടങ്ങണമെങ്കിൽ സ്വന്തം സുറിയാനി സമുദായത്തിലെ ഒരു മെത്രാനെ നിയമിക്കണമെന്ന് പരിശുദ്ധ സിംഹാസനത്തോട് ചാവറയച്ചൻ രേഖാമൂലം അറിയിക്കുന്നുണ്ട്.

ഇനി ദുഃഖശനിയാഴ്ച ക്രമത്തെത്തെക്കുറിച്ച്: സുറിയാനിയിൽ അന്യം നിന്നു പോയ ദുഃശനിയാഴ്ച ക്രമത്തിനു പകരമായി മറ്റൊന്ന് ഇല്ലായിരുന്നു. ചാമ്പൽ ബുധനാഴ്ച മുതൽ ദുഃഖവെള്ളിവരെയുള്ള പീഡാനുഭവ കർമ്മങ്ങൾ സുറിയാനിപ്പള്ളികളിൽ നടത്തിയിരുന്നു. പള്ളി നിറയെ ആളുകൾ സംബന്ധിച്ചുമിരുന്നു. എന്നാൽ ദുഃഖശനിയാഴ്ചകളിൽ സുറിയാനി പള്ളികളിൽ കർമ്മങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് ജനങ്ങൾ ലത്തീൻ പള്ളികളിൽ പോയിരുന്നു. സുറിയാനിക്കാരായ സഹോദരങ്ങളെ സുറിയാനിപ്പള്ളികളിൽത്തന്നെ ദുഃഖശനിയാഴ്ച ദിവസം കാണണമെന്നുള്ള അഭിലാഷമാണ് നമസ്കാര ക്രമം തയ്യാറാക്കാൻ ചാവറയെ പ്രേരിപ്പിച്ചത്. 'ദുഃഖ ശനിയാഴ്ച ക്രമങ്ങൾ ഇല്ലാത്തതിനാൽ ഞങ്ങളുടെ പള്ളികൾ യഹൂദപ്പള്ളികൾ പോലെ അടഞ്ഞു കിടക്കുന്നുവെന്നും അതുകൊണ്ട് സുറിയാനിയിൽ ഉണ്ടാക്കിയിട്ടുള്ള നമസ്കാരക്രമം പരിശുദ്ധ സിംഹാസനം ആചരണത്തിനായി അനുവദിച്ചു തരണമെന്നുമാണ് ചാവറയച്ചൻ അത്യുന്നത കർദ്ദിനാൾ അലക്സാണ്ടർ ബൊർബോസായ്ക്ക് എഴുതുന്നത്. സുറിയാനി റീത്തിനേയും ഭാഷയേയും സമുദായത്തേയും സ്നേഹിച്ച, അതിന്റെ നേട്ടങ്ങളിൽ അങ്ങേയറ്റം ആഹ്ളാദിച്ച, ആ മഹാത്മാവിനെ മഞ്ഞക്കണ്ണാടിയിലൂടെ ദർശിച്ച് വിമർശനശരമെയ്യുന്ന അല്പവിഭവന്മാരുടെ അജ്ഞതയും അഹങ്കാരവും ദൈവം ക്ഷമിക്കട്ടെ.

## (10) സെമിനാരി വിദ്യാഭ്യാസം.

ഏതെങ്കിലും ഒരു മല്പാന്റെ(സുറിയാനി പണ്ഡിതനായ വൈദികന്റെറ) പക്കൽ താമസിച്ച് അത്യാവശ്യം വേണ്ട പുണ്യകാര്യങ്ങൾ പഠിക്കുക എന്നതാണ് പഴയകാലത്തെ വൈദിക വിദ്യാർത്ഥികൾ ചെയ്തിരുന്നത്. അനൗപചാരികമായ ഈ പരിശീലനത്തിന്റെ പോരായ്മ മനസ്സിലാക്കിയ ചാവറയച്ചൻ ഇന്ത്യയിലും ഇന്ത്യക്കു പുറത്തുമുള്ള സെമിനാരികളെക്കുറിച്ചു നന്നായി പഠിച്ചു. മാന്നാനത്തും, പുളിങ്കുന്നിലും, എൽത്തുരുത്തിലും, വാഴക്കുളത്തും, നല്ല സെമിനാരികൾ സ്ഥാപിച്ചു. പുത്തൻ പള്ളി സെമിനാരിയും മാന്നാനം സെമിനാരിയും എല്ലാവിധ സൗകര്യങ്ങളും ഉള്ളതായിരുന്നു. മാന്നാനത്ത് രൂപതാ വൈദികർക്കും സന്യാസ വൈദികർക്കും വെവ്വേറേ വിഭാഗങ്ങൾ ഉണ്ടായിരുന്നു. പുത്തൻ പള്ളി സെമിനാരിയിലാണ് രൂപതാ വൈദികർ മിക്കവരും പഠിച്ചിരുന്നത്. സുറിയാനി മലയാളത്തിലെ മുഴുവൻ സെമിനാരികളുടെയും ഉന്നതാധികാരി ചാവറയച്ചൻ ആയിരുന്നു.

## (11) നൂറ്റിക്കഞ്ച് പിരിവ്

രൂപതയുടെ പൊതു പ്രവർത്തനം, സ്കൂൾ, സെമിനാരി എന്നിവയുടെ നടത്തിപ്പ് മുതലായ കാര്യങ്ങൾക്കായി പൊതുഫണ്ട് രൂപീകരിക്കാനുള്ള ആശയം വലിയ പ്രിയോരച്ചന്റെ പ്രയോഗിക ബുദ്ധിയുടെ പര്യായമാണ്. നൂറ്റിക്കഞ്ച് വരുമാനം അരമനക്കച്ചേരിയിൽ അടയ്ക്കണമെന്ന് നിയമംമൂലം അനുശാസിച്ചു.

## (12) പള്ളിക്കണക്ക്

പള്ളികളുടെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള കണക്കു പുസ്തകം പ്രധാന തിരുനാളിനു മുമ്പ് യോഗത്തിൽ പാസ്സാക്കി അരമനയിൽ പരിശോധനയ്ക്ക് എല്പിക്കണം. അല്ലെങ്കിൽ തിരുനാൾ നടത്തുവാൻ അനുവാദം ലഭിക്കയില്ലായിരുന്നു. ഇതും ചാവറയുടെ മനോമുകുരത്തിൽ വിരിഞ്ഞ ആശയസൂനമാണ്.

## (13) പുണ്യമത്സരം

വ്യക്തികൾക്കും സമൂഹത്തിനും ഒരുപോലെ സുകൃതങ്ങളിൽ അഭിവൃദ്ധി ഉണ്ടാകണമെന്ന് ചാവറയച്ചൻ അതിയായി ആഗ്രഹിച്ചു. അതിനായി അദ്ദേഹം കണ്ടുപിടിച്ച പ്രയോഗികവിദ്യ ആയിരുന്നു ഒട്ടം കെട്ടുക എന്നുള്ളത് അതിന്റെ അർത്ഥം പന്തയം വയ്ക്കുക എന്നാണ് (ശബ്ദതാരാവലി). കുരിശിന്റെ പുകഴ്ചയുടെ തിരുനാളിലാണ് ഒട്ടം കെട്ടൽ ചടങ്ങ്. വിശുദ്ധ കുരിശിന്റെ ഒരു തിരുനാൾദിനം മുതൽ അടുത്ത തിരുന്നാൾ വരെ ഏതെങ്കിലും ഒരു സുകൃതം നിശ്ചയിച്ച് അതു പ്രത്യേകവിധത്തിൽ അഭ്യസിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. സന്യാസശ്രമങ്ങളിലാണ് ഈ ചടങ്ങ് നടന്നിരുന്നത്. ഈ വാഗ്ദാനം ഭംഗിയായി എഴുതി മറ്റുള്ള എല്ലാ ആശ്രമങ്ങിലേയ്ക്കും ആയച്ചു കൊടുക്കുന്നു. അത് പരസ്യമായി പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. ഉദാഹരണത്തിന് ഒരുനിരുന്നാൾ മുതൽ അടുത്ത തിരുന്നാൾ വരെ വിനയം എന്ന പുണ്യം മറ്റ് ഏതു സമൂഹത്തേക്കാൾ അധികമായി ഞങ്ങൾ അഭ്യസിക്കുന്നതാണ് എന്നു വാഗ്ദാനം ചെയ്യുന്നു. അതല്ലെങ്കിൽ ക്ഷമ, പരസ്നേഹം, കടമകളുടെ നിർവഹണം തുടങ്ങി മറ്റെന്തെങ്കിലും സുകൃതങ്ങളാകാം. ഇതുപോലെ തന്നെ ഒരു സമൂഹത്തിലെ വ്യക്തികൾ ഓരോരുത്തരും അതേ സമൂഹത്തിലുള്ളവരോട് ഇങ്ങനെ ഏതെങ്കിലും ഒരു പുണ്യം അഭ്യസിക്കാമെന്ന് ഒട്ടം കെട്ടിയിരുന്നു. പുണ്യാഭിവൃദ്ധിയിൽ പുരോഗമിക്കുന്നതിന് വേണ്ടി വാഴ്ത്തപ്പെട്ട ചാവറയച്ചൻ നടപ്പിലാക്കിയ ഈ പ്രയോഗിക വിദ്യ അടുത്ത കാലം വരെ കർമ്മലീത്താ സഭകളിൽ നടന്നിരുന്നു.

വിശുദ്ധിയുടെ വിളനിലമായ ചാവറയച്ചന്റെ മാതൃക സ്വീകരിച്ചിരുന്നെങ്കിൽ കേരള ക്രൈസ്തവരിൽ എത്രയോ വലിയ മാറ്റം ഉണ്ടാകുമായിരുന്നു. റീത്തുകളും മത്സരങ്ങളും പ്രാദേശികവാദങ്ങളും മറന്ന് വിനയത്തിന്റെയും വിട്ടുവീഴ്ചയുടെയും ഒട്ടം കെട്ടാൻ മനസ്സുവച്ചിരുന്നെങ്കിൽ എല്ലാ ഭിന്നതകളും നിമിഷങ്ങൾക്കൊണ്ടു അവസാനിക്കുമായിരുന്നു.

## (14) മരിയഭക്തി

മരിയഭക്തിയുടെ മഹാ പ്രേക്ഷിതനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. എപ്പോഴെങ്കിലും എവിടെയെങ്കിലും പ്രസംഗം പറയേണ്ടി

വന്നാൽ പരിശുദ്ധ കന്യകമറിയത്തെക്കുറിച്ച് പറയാതെ അവസാനിപ്പിക്കുകയില്ലായിരുന്നു. ജപമാല ഭക്തി കേരളത്തിൽ പ്രചരിപ്പിക്കാൻ നിരന്തരം യത്നിച്ച ചാവറയച്ചൻ ജപമാലയെ നിർവചിച്ചത് ചരടിൽ തൂക്കിയിട്ട ബൈബിൾ എന്നാണ്. ജപമാലരഹസ്യങ്ങളെല്ലാം ബൈബിൾ വിഷയങ്ങളാണ്. സ്വർഗസ്ഥനായ പിതാവേ, നന്മനിറഞ്ഞ മറിയമേ എന്നീ പ്രാർത്ഥനകളും ബൈബിളിൽ നിന്ന് അടർത്തിയെടുത്ത ഉതിർമണികളാണ്. ജപമാല ചൊല്ലുന്നത് നിരുത്സാഹപ്പെടുത്തുന്നവർ ബൈബിളിന്റെ യഥാർത്ഥപാത പുണരുന്നവരാണെന്ന് എങ്ങനെ പറയാൻ കഴിയും.

## (15) സ്ത്രീ വിദ്യാഭ്യാസം

ക്രാന്തദർശിയായ സാമൂഹ്യപരിഷ്ക്കർത്താവു കൂടി ആയിരുന്നു ചാവറയച്ചൻ. വിദ്യാഭ്യാസം, കൈത്തൊഴിൽ തുടങ്ങിയ വഴി സ്ത്രീകളെ പുരോഗതിയിലേക്ക് നയിക്കുക എന്നത് കർമ്മലീത്താ സന്യാസിനി സമൂഹത്തിന്റെ ലക്ഷ്യമായിരുന്നു. സ്ത്രീവിമോചനം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ആരംഭിച്ചതു ചാവറയച്ചനാണ്. കൂനമ്മാവിൽ മാത്രം നടത്തേണ്ട പ്രസ്ഥാനമായിട്ടാണ് കർമ്മലീത്താ സന്യാസിനി സമൂഹത്തെ ലെയോ പോൾദ് മിഷനറി ഉദ്ദേശിച്ചത്. അമ്മ ത്രേസ്യായുടെ അഭിപ്രായം പോലെ അതിന്റെ അംഗസംഖ്യ 13 ആകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. എന്നാൽ കേരളത്തിലെല്ലായിടത്തും മഠത്തിന്റെ ശാഖകൾ വേണമെന്നും കൂനമ്മാവ് മഠം മാതൃസ്ഥാപനം എന്നതു കൊണ്ട് ഒരു പരിശീലന കേന്ദ്രമായി തീർക്കണമെന്നും ചാവറയച്ചൻ ആഗ്രഹിച്ചു. വയലിൽ വളർന്ന കടുകുമണി പോലെ അയ്യായിരത്തിലേറെ അംഗങ്ങളുള്ള സി.എം.സി. സഭ പഞ്ചഭൂഖണ്ഡങ്ങളിലെ നാനാമണ്ഡലങ്ങളിൽ നിസ്തുല സേവനം അനുഷ്ഠിക്കുന്നു.

ഇങ്ങനെ കഴിഞ്ഞ ഒന്നു രണ്ടു നൂറ്റാണ്ടുകളിൽ കേരളത്തിലെ സുറിയാനി കത്തോലിക്കാ സമൂഹത്തിനുണ്ടായിട്ടുള്ള പുരോഗതിയ്ക്ക് രൂപരേഖയൊരുക്കിയതും അത് പ്രയോഗികമാക്കിത്തീർത്തതും വാഴ്ത്തപ്പെട്ട ചാവറയച്ചനാണ്. കർമ്മലീത്താ സന്യാസ സഭയുടെ സുപ്പീര്യർ ജനറാൾ എന്ന നിലയിൽ ഭാരതത്തിലെ പ്രഥമ എതദ്ദേശീയ സന്യാസസഭയ്ക്കും, സുറിയാനി സമൂഹത്തിന്റെ വികാരി ജനറാൾ എന്ന നിലയിൽ സീറോ മലബാർ സഭയ്ക്കും ഒരു പോലെ, ഒരേ സമയം ശാശ്വത നേട്ടങ്ങൾക്കുള്ള

വിത്തു പാകി. നാം കണ്ടതു പോലെ വികാരി ജനറാൾ എന്ന നിലയിലുള്ള പ്രവർത്തനം ഏതാനും വർഷങ്ങൾ മാത്രമായിരുന്നു. 'മേഘ ജ്യോതിസ്സു തൻ ക്ഷണിക ജീവിതമല്ലികാമ്യം' എന്നവണ്ണം കേരള സഭയ്ക്ക് അവിസ്മൃതവും അഭിമാനകരവും ആയ ആ നാതി ദീർഘ കാലയളവ് ആണ്, വാഴ്ത്തപ്പെട്ട ചാവറയച്ചൻ സഭാ നൗകയെ നയിച്ച 1861 മുതലുള്ള ഏതാനും വർഷങ്ങൾ. അനുഗ്രഹവർഷങ്ങൾ എന്ന് അവയെ വിളിക്കട്ടെ.

വാഴ്ത്തപ്പെട്ട ചാവറ കൈവച്ച ഏതു രംഗത്തും പ്രതിഭയുടെ തിളക്കവും തനിമയുടെ സൗന്ദര്യവും കാണാം. ഭാരതത്തിലെ ആദ്യത്തെ അനാഥാലയം കൈനകരിയിൽ സ്ഥാപിച്ചത് ആർദ്രതയുടെ ചാവറ മുഖമാണ്. വാഴപ്പിണ്ടിയിൽ രൂപകല്പന ചെയ്ത പ്രസ്സ് മാധ്യമരംഗത്തെ അനന്യസംഭവമാണ്. 'അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം' ലക്ഷണ മൊത്ത മലയാളത്തിലെ നവീന ഖണ്ഡകാവ്യമാണ്.

മാന്നാനത്തു സ്ഥാപിച്ച സംസ്കൃത വിദ്യാലയം മതാന്തര സൗഹൃദ മെന്ന മണിമന്ദിരത്തിന്റെ ആദ്യശിലയാണ്.

ചാവറയച്ചന്റെ വിശുദ്ധിയെക്കുറിച്ച ആകാലഘട്ടത്തിലെ ജനങ്ങളുടെ മനോഭാവം എന്താണെന്ന് നവീകരണ മാർത്തോമ്മാ സഭയുടെ അദ്ധ്യക്ഷൻ മാർ മാത്യൂ അത്തനാസിയൂസ് മെത്രാന്റെ ഒരു പരാമർശം മാത്രം വെളിവാക്കും. "ഈ നാട്ടിൽ വല്ല ചാവറയച്ചനോ മറ്റോ അല്ലാതെ മറ്റാരാണ് സ്വർഗത്തിൽ പോകുന്നത്. അദ്ദേഹത്തിന്റെ തുകൽവാറിൽ തൂങ്ങി ഞാനും അവിടെ ചെന്നെത്താൻ നോക്കും" ഇങ്ങനെയാണ് അദ്ദേഹം ചാവറയച്ച നേക്കുറിച്ചു പറഞ്ഞത്.


ആശംസകൾ കൊണ്ട് ഈ എളിയ യത്നത്തെ അനുഗ്രഹിച്ച സി.എം .ഐ. സഭാ ജനറാൾ ഫാദർ ഫാദർ അലക്സ് ഊക്കനും, സി.എം.സി. മദർ ജനറാൾ സി. ഫിദേലിസിനും കൃതജ്ഞത അർപ്പിക്കുന്നു. കഴിഞ്ഞ നാലു ദശാബ്ദമായി വാഴ്ത്തപ്പെട്ട ചാവറയച്ചന്റേയും ധന്യരും ദൈവ ദാസരുമായ വിശിഷ്ട വ്യക്തികളുടെയും നാമകരണത്തിനായി വിശുദ്ധ നഗരിയിൽ താമസിച്ച് അക്ഷീണ യത്നം ചെയ്യുന്ന ഫാ. ലൂക്കാസ് വിത്തുവെട്ടിക്കലിനോട് കേരള സഭയ്ക്കുള്ള കടപ്പാട് നിസ്സീമമാണ്. സി.എം.ഐ. സഭയ്ക്ക് അഭിമാനപാത്രമായ അദ്ദേഹത്തിന് ഈ ഗ്രന്ഥം സാദരം സമർപ്പിക്കുന്നു.

# നൂറ്റിയൊന്നു കിരണങ്ങൾ

ചാവറയുടെ നൂറ്റൊന്നു കിരണങ്ങൾ ആ പുണ്യപുരുഷന്റെ ജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത ഏതാനും സംഭവങ്ങളുടെയും ആശയാദർശങ്ങളുടെയും സമാഹാരമാണ്. ജീവിത കഥയിലും, ചാവറ കൃതികളിലും ചാവറയെപ്പറ്റി വിവിധ ഗ്രന്ഥകാരന്മാർ എഴുതിയിട്ടുള്ള കൃതി കളിലും നിന്ന് ചീന്തിയെടുത്തിട്ടുള്ള സംഭവങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സമ്പൂർണ്ണ ജീവചരിത്രം വായിക്കാൻ സമയമില്ലാത്തവർക്ക് ഈ കൃതി സഹായകമായിരിക്കും. ഈ പാർശ്വചിത്രങ്ങളിലൂടെ ചാവറയച്ചൻ ആരായിരുന്നുവെന്നും അദ്ദേഹം സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ ഏതൊക്കെയെന്നും ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും. ചാവറയച്ചന്റെ ജീവിതമാകുന്ന സാഗരത്തിൽ മുങ്ങി നീരാടുവാനും അനർഘരത്നങ്ങൾ കണ്ടെത്തുവാനും അനുവാചകർക്ക് ഈ കൊച്ചു ഗ്രന്ഥം വഴിയൊരുക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

*ഫാ. സെഡ് എം. മൂഴൂർ.*

ആശംസ



# ആത്മീയതയുടെ സ്ഫുലിംഗങ്ങൾ

വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് ഏലിയാസച്ചനെ ഇനിയും കേരള സഭയ്ക്ക്, ഭാരത സഭയ്ക്ക് പരിചയപ്പെടുത്തുന്നതിൽ അസാംഗത്യമുണ്ട്. കാരണം 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കാര്യപ്രാപ്തരും സഭാതനയരുമായ അമരക്കാരുടേയും, നിയതമായ ലക്ഷ്യങ്ങളുടേയും അഭാവത്തിൽ ഉലഞ്ഞു നീങ്ങീയ കേരള സഭാനൗകയുടെ ചുക്കാൻ പിടിക്കാൻ നിയുക്തനാവുകയും തന്റെ ദൗത്യം അസാമാന്യ പാടവത്തോടും തീക്ഷണതയോടും കൂടെ പൂർത്തീകരിക്കയും ചെയ്ത ഈ സഭാതനയന്റെ സംഭാവനകളെ സത്യത്തിനു നേരെ കണ്ണടയ്ക്കാതെ ആർക്കും വിസ്മരിക്കാനാവില്ല. യാഥാർത്ഥ്യങ്ങൾ മൂടി വയ്ക്കാത്ത ആർക്കും അംഗീകരിക്കാതിരിക്കാനുമാവില്ല. ഇന്നത്തെ കേരള സഭയുടെ പ്രൗഢിക്കും പെരുമയ്ക്കും അവൾ ഏറ്റവുമധികം കടപ്പെട്ടിരിക്കുന്നതും അദ്ദേഹത്തോടുതന്നെ. കാരണം സഭാജീവിതത്തെ നവീകരിക്കുന്നതിനും സമൂഹത്തിൽ സഭയുടെ യശസ്സ് ഉയർത്തുന്നതിനുമായി അദ്ദേഹം നടത്തിയ പ്രയത്നങ്ങൾ അതുല്യങ്ങളാണ്.

അലറിമറിയുന്ന തിരമാലകളെക്കണ്ട് അലറിക്കരയുന്ന ശിഷ്യരുടെ നടുവിലും, ആഴക്കടലിന്റെ ശാന്തതയോടെ ഉറങ്ങാൻ കഴിഞ്ഞ ഗുരുവിനു സമം ശീശ്മകളാലും, ആധ്യാത്മിക നിഷ്ക്രിയത്വത്താലും കലുഷിതമായിരുന്ന സഭാ നൗകയെ നയിക്കുവാനുള്ള ധീരതയും കർമ്മശേഷിയും അദ്ദേഹത്തിനു ലഭിച്ചത് തന്റെ ആന്തരികതയിൽ നിന്നുമാണ്. ഏകാന്തതയിൽ പിതാവുമായി സമ്പർക്കം നടത്തിയിരുന്ന ഗുരുതന്നെ അദ്ദേഹത്തിനു മാർഗദീപമായിരുന്നു. സ്വച്ഛന്ദമായി തന്റെ നാഥനുമായി

സ്നേഹസംഭാഷണം നടത്താനും,അതിലൂടെ തന്റെ ഇല്ലായ്മയും അവിടുത്തെ സമ്പന്നതയും ഏറ്റുപറയാനും അദ്ദേഹം വളരെയേറെ സമയം കണ്ടെത്തി. താൻ അയോഗ്യനാണെന്നും എന്നാൽ ദൈവം തന്റെ തിരുമനസ്സനുസരിച്ച് എല്ലാം നടത്തുന്നുവെന്നും ആ മനസ്സാണു തന്നെ നിരന്തരം നയിക്കുന്നതെന്നും അദ്ദേഹം ഏറ്റുപറയുന്നു. ആ പുണ്യാത്മാവിന്റെ ദൈവൈക്യത്തിന്റെ സമ്യഗ്നിദർശനമാണ് 'ധ്യാനസല്ലാപങ്ങൾ' എന്ന കൃതി.

ആ ദൈവാനുഭവത്തിന്റെ സമഗ്രദർശനമാണ് 'ആത്മാനുതാപം', 'ധ്യാനസല്ലാപങ്ങൾ' തുടങ്ങിയ ഈ പുണ്യാത്മാവിന്റെ കൃതികൾ. കർമ്മ ബദ്ധ ജീവിതവും മതജീവിതവും മാനവസേവനവും എല്ലാം സമ്യക്കായി സമ്മേളിപ്പിച്ച വ്യക്തിയെന്ന് ഭാരതത്തിന്റെ രാഷ്ട്രപതിയായിരുന്ന ശ്രീ. ആർ. വെങ്കട്ടരാമൻ അഭിപ്രായപ്പെട്ട ചാവറയച്ചന്റെ ധന്യജീവിതത്തെ തന്റെ അനുഗൃഹീത തൂലികയിലൂടെ 'ചാവറയച്ചന്റെ നൂറ്റൊന്നു കിരണ ങ്ങൾ' എന്ന കൃതിവഴി വായനക്കാർക്കായി പുനഃ പരിചയപ്പെടുത്തുകയാണ് ഫാ. സെഡ്. എം. മൂഴൂർ.

തിരക്കു പിടിച്ച ആധുനികയുഗത്തിൽ, ഗ്രന്ഥകർത്താവു തന്നെ പറയുന്നതുപോലെ, സമ്പൂർണ്ണ ജീവചരിത്രം വായിക്കാൻ സമയമില്ലാ ത്തവർക്ക് ഈ കൃതി സഹായകരമായിരിക്കും. ജീവചരിത്രത്തോടൊപ്പം ആ ധന്യാത്മാവിന്റെ കൃതികളിലേക്കും അദ്ദേഹം ചുരുക്കമായി വെളിച്ചം വീശുന്നുണ്ട്. ഓരോ കിരണവും അതിൽ തന്നെ പൂർണ്ണമാകയാൽ തുടർച്ചയായ വായനയുടെ ഭാരം വായനക്കാരിൽ ഉണ്ടാകുന്നില്ല. എന്നാൽ എല്ലാ കിരണങ്ങളിലൂടെയും കണ്ണോടിക്കുന്ന ഒരാൾക്ക് ചാവറയച്ചന്റെയും സഹപ്രവർത്തകരുടേയും ജീവിതത്തിലേക്കും സംഭാവനകളിലേക്കും കടന്നുവരാൻ പ്രകാശം ലഭിക്കും. സ്വതസിദ്ധമായ ശൈലിയിലും ലളിതവും സുഗ്രാഹ്യവുമായ ഭാഷയിലുമുള്ള അദ്ദേഹത്തിന്റെ ഈ നൂതനാവിഷ്കാ രത്തിന് എല്ലാ വിജയാശംസകളും, മംഗളങ്ങളും നേരുന്നു.

ഫാ. അലക്സ് ഊക്കൻ സി.എം. ഐ.

(പ്രിയോർ ജനറാൾ)

ആശംസ

# കിരണങ്ങളുടെ പ്രകാശധാര



ദൈവസ്നേഹം ഹൃദയത്തിൽ നിറഞ്ഞുകഴിയുമ്പോൾ മനുഷ്യ ഹൃദയങ്ങളിലേക്ക് അത് താനേ പരന്നൊഴുകും. ദൈവത്തെ തീവ്രമായി സ്നേഹിച്ചുകൊണ്ട് അവിടുത്തെ മഹത്വം വർദ്ധിപ്പിക്കാനുള്ള വഴികൾ ആരാഞ്ഞറിഞ്ഞ് ദൈവമക്കളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു വേണ്ടി യത്നിച്ച ചാവറയച്ചന്റെ വ്യക്തിപ്രഭാവത്തിന്റെ ചുരുളഴിയുകയാണ് നൂറ്റിയൊന്ന് കിരണങ്ങൾ എന്ന ഈ ഗ്രന്ഥത്തിലൂടെ. ചാവറയച്ചനെ ചുറ്റിപ്പറ്റിയുള്ള കൊച്ചുകൊച്ചു കഥകൾ, ജീവിതാനുഭവങ്ങൾ, 19-ാം നൂറ്റാണ്ടിലെ കേരളസഭയുടെ ചരിത്രാവിഷ്ക്കാരങ്ങൾ തുടങ്ങിയ ചെറിയ ചെറിയ നുറുങ്ങുകളായി ഇവിടെ പ്രത്യക്ഷപ്പെടുമ്പോൾ അനുവാചകരെ പ്രത്യേകിച്ച് കുട്ടികളെ ഈ ഗ്രന്ഥം ഏറെ ആകർഷിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ഭൗതികതയുടെ അതിപ്രസരത്താൽ ഇരുണ്ടുമൂടിയിരിക്കുന്ന ഈ ലോകത്തെ, അല്പം ആത്മീയ വെളിച്ചത്തിനായി കൊതിക്കുന്ന മനുഷ്യഹൃദയങ്ങളെ, ദൈവോന്മുഖതയുടെ ഉയരങ്ങളിലേക്ക് ഉയർത്തുന്ന ഒരു ലിഫ്റ്റായി വർത്തിക്കുവാൻ മൂഴൂർ അച്ചനും, അച്ചന്റെ മനോമുകരങ്ങളിൽ ഉയർന്ന് തെളിഞ്ഞ ഭാവനാ ശില്പങ്ങൾക്കും സാധിക്കുമെന്നതിൽ സംശയമില്ല. മഞ്ഞപ്പുസ്തകങ്ങളും, ഓടസാഹിത്യങ്ങളും, കുരുന്ന് ഹൃദയങ്ങളെ വഴിതെറ്റിക്കുന്ന

സാഹചര്യത്തിൽ ഇത്തരം ഗ്രന്ഥങ്ങൾ ഏറെ പ്രസക്തവും അനിവാര്യവുമാണ്. ഇതുപോലുള്ള ഗ്രന്ഥങ്ങൾ രചിക്കുവാൻ കാരുണ്യവാനായ ദൈവം അച്ചന് ഇനിയും ശക്തിയും പ്രചോദനവും നൽകട്ടെയെന്ന് ഇത്തരുണത്തിൽ പ്രാർത്ഥിക്കുന്നു. വാഴ്ത്ത. ചാവറയച്ചന്റെ വിശ്വസ്ത പുത്രനായി പരിലസിക്കുവാൻ അച്ചന് ദൈവം നൽകിയിരിക്കുന്ന ഈ പ്രതിഭാശക്തി തുണയാകട്ടെ. സെഡ്. എം. മൂഴൂർ അച്ചൻ തിരുസഭയ്ക്ക്, പ്രത്യേകിച്ച് ഭരതസഭയ്ക്ക് നൽകുന്ന, നൽകിക്കൊണ്ടിരിക്കുന്ന സംഭാനനകളുടെ മാറ്റ് കൂട്ടുവാൻ ഈ ഗ്രന്ഥത്തിന് കഴിയട്ടെ എന്നാശംസിക്കുന്നു. അഭിനന്ദനങ്ങൾ നേരുന്നു.

സി. ഫിദേലിസ് സി.എം.സി.

(മദർ ജനറൽ)

ഒന്ന്

# നല്ല കുടുംബം

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വിശുദ്ധിയ്ക്കുള്ള അണിയറ സ്വന്തം കുടുംബമായിരുന്നു. ഭക്തയും ശാലീനയുമായ സ്വമാതാവിന്റെ ശിക്ഷണത്തിൽ വളരാൻ ഇടയായതിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവത്തിന് ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നുണ്ട്, ആത്മാനുതാപം എന്ന പ്രസിദ്ധമായ കാവ്യകൃതിയിൽ.

പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ
അന്നവൾക്കുനീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചു തന്നവൾ
ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം
അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തേയും

*(ആത്മാനുതാപം 1: 45-54)*

രണ്ട്

# ദൈവമാതൃഭക്തി

ജീവിത വിശുദ്ധിക്കുള്ള രാജപാതയാണ് ദൈവഭക്തി. സ്വന്തം പുത്രന്റെ ഭാവി ഭാസുരമാകണമെന്നാഗ്രഹിച്ച ചാവറയച്ചന്റെ സ്നേഹമാതാവ് വെച്ചൂർപള്ളിയിൽ പരി. കന്യാമറിയത്തിന് ശിശുവായ കുറിയാക്കോസിനെ അടിമവയ്ക്കുവാൻ കൊണ്ടുപോയി. അവൾ പരി.

കന്യകയോട് അപേക്ഷിച്ചു. ' അല്ലയോ പരി. മാതാവേ, ദൈവജനനീ എന്റെ ഉദരഫലമായ ഈ ശിശുവിനെ നിന്റെ ദാസനായി കൈക്കൊണ്ടാലും!. ഇതാ ഇവനെ നിന്റെ തൃപ്പാദത്തിൽകാഴ്ച വയ്ക്കുന്നു. കാത്തു പരിപാലിക്കേണമേ".

അപ്പോൾ അവിടെ സന്നിഹിതനായിരുന്ന പുരോഹിതൻ അവളോടു പറഞ്ഞു." ഇവനെ നീ ദൈവമാതാവിന്റെ ദാസനായിത്തന്നെ വളർത്തിക്കൊള്ളുക. നിന്റെ മകനല്ല; മാതാവിന്റെ പുത്രനാണെന്നു കരുതി സ്നേഹപുരസ്സരം പരിപാലിക്കുക."

അന്നുമുതൽ എല്ലാവർഷവും കന്നിമാസം എട്ടാംതീയതി അമ്മയും മകനും വെച്ചൂർ പള്ളിയിലെത്തി കന്യാകമാതാവിന്റെ മുമ്പിൽ തങ്ങളുടെ പ്രതിഷ്ഠയെ നവീകരിച്ചുപോന്നു.

(ആത്മാനു 2 ;1-24)

മൂന്ന്.

## ദൈവശുശ്രൂഷക്കുള്ള അഭിലാഷം

ചാവറകുറിയാക്കോസ് ഏലിയാസച്ചന്റെ മാതാപിതാക്കൾ ക്രൈസ്തവ ജീവിതത്തിന് ഉന്നതമാതൃകയായിരുന്നു. പ്രതിദിനം ഇടവകപ്പള്ളിയിൽ പോയി വി. കുർബാന കാണുന്നതിനും കുർബാനയിൽ ശുശ്രൂഷിയായി പങ്കുകൊള്ളുന്നതിനും കൊച്ചു കുറിയാക്കോസിനെ അവർ പ്രോത്സാഹിപ്പിച്ചു. കുർബാനപ്പുസ്തകം (തക്സാ) അൾത്താരയിലേയ്ക്ക് എടുത്തു വയ്ക്കുവാൻ പോലും ശക്തിയില്ലാതിരുന്ന ഇളം പ്രായത്തിൽത്തന്നെ ചാവറയച്ചൻ കുർബാനയിൽ ഭക്തിപൂർവ്വം ശുശ്രൂഷ ചെയ്തിരുന്നു.

പത്താം വയസ്സിൽ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ സെമിനാരിയിൽ പ്രവേശിക്കുന്നതിനാഗ്രഹിച്ചു. സെമിനാരി ജീവിതത്തിന് ഒരു പരിശീലനമെന്നനിലയ്ക്ക് ഒരു വർഷത്തേയക്ക് ഇടവകയായ ചേന്നൻകരിപ്പള്ളിമേടയിൽ വികാരിയച്ചനോടൊപ്പം കൊച്ചു കുറിയാ

ക്കോസ് താമസിച്ചു. ആ കാലഘട്ടത്തെക്കുറിച്ച് അകമഴിഞ്ഞ കൃതജ്ഞതയോടെയാണ് അദ്ദേഹം ഓർക്കുന്നത്. "പാപിയായ എന്റെ ഹീനതമുഴുവനും മാറ്റി എന്നെ നിന്റെ പക്കലേയ്ക്ക് വിളിച്ചത് ദൈവമേ, അങ്ങേ ദയാധിക്യത്താലാണല്ലോ. അങ്ങേ വളർത്തുപിതാവായ വി. യൗസേപ്പിന്റെ നാമത്തിലുള്ള പള്ളിയിൽ, അങ്ങേ മേച്ചിൽപ്പുറത്തുതന്നെ എന്നെ സംരക്ഷിക്കാൻ കാരുണ്യം തൂകിയല്ലോ." സ്വന്തം ദൈവവിളിയെക്കുറിച്ച് സദാപി ദൈവത്തിനു കൃതജ്ഞതയർപ്പിക്കുവാൻ ചാവറയച്ചൻ ആഗ്രഹിച്ചു.(ആത്മാനുതാപം 1: 128–140)

**നാല്.**

# അനുകമ്പ

ചാവറ കുറിയാക്കോസച്ചൻ പള്ളിപ്പുറം സെമിനാരിയിൽ പഠിച്ചിരുന്ന കാലത്ത് കുറവിലങ്ങാട്ടു പള്ളി ഇടവകക്കാരൻ പീലിപ്പോസ് എന്ന സഹപാഠി ഉണ്ടായിരുന്നു. നാല്പതു വയസ്സ് പ്രായക്കാരനും മന്ദബുദ്ധിയും ക്ഷിപ്രകോപിയുമായ പീലിപ്പോസ് പഠിപ്പിൽ തീർത്തും മോശക്കാരനായിരുന്നു. സുറിയാനി ഭാഷ വായിക്കാൻ പോലും നിശ്ചയമില്ലായിരുന്നു. നമസ്ക്കാരപ്പുസ്തകം സദാ കൈയിൽ കൊണ്ടു നടക്കുകയും എപ്പോഴും മറിയാ ആലാഹാ മറിയാ ആലാഹാ (കർത്താവേ ദൈവമേ) എന്ന് ഉരുവിടുകയും ചെയ്തിരുന്നു. സഹപാഠികൾക്കെല്ലാം പീലിപ്പോസിന്റെ പെരുമാറ്റം നീരസം വരുത്തി. എന്നാൽ കുറിയാക്കോസ് ശെമ്മാശൻ മാത്രം പീലിപ്പോസിനോട് വളരെ അനുകമ്പയോടെ പെരുമാറി. അതുകൊണ്ട് സുറിയാനിഭാഷ പഠിക്കാൻ എപ്പോഴും അദ്ദേഹം കുറിയാക്കോസ് ശെമ്മാശന്റെ അടുക്കൽ വരുമായിരുന്നു. പഠനസമയത്തിൽ വലിയ ഒരുഭാഗം മന്ദബുദ്ധിയായ പീലിപ്പോസിനുവേണ്ടി ചെലവഴിക്കുന്നതിൽ യാതൊരു വിമുഖതയും കാണിച്ചില്ല,ചാവറശെമ്മാശൻ.



അഞ്ച്.

# നിശ്ചയദാർഢ്യം

1817-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന പത്രോസ് അൽക്കാന്ത്രാ മെത്രാനിൽ നിന്ന് കുറിയാക്കോസ് ശെമ്മാശൻ ആസ്ഥാനപ്പാടു പട്ടം സ്വീകരിച്ചു. തദവസരത്തിൽ ഉച്ചരിച്ച "എന്റെ അവകാശം കർത്താവു മാത്രമാകുന്നു." എന്ന സങ്കീർത്തന വാക്യത്തിനനുസൃതമായ ജീവിതമാണ് മരണം വരെ ചാവറയച്ചൻ നയിച്ചത്.

അക്കാലത്ത് അദ്ദേഹത്തിന്റെ മാതാപിതാക്കൻമാരും ഏക സഹോദരനും മരണമടഞ്ഞു. വൈദിക ജീവിതം ഉപേക്ഷിച്ച് വീട്ടിലേയ്ക്ക് മടങ്ങുവാനും കുടുംബം അന്യം നിന്നുപോകാതെ ഒരു വിവാഹം കഴിച്ച് കുടുംബഭാരമേല്ക്കാനും ബന്ധുജനങ്ങൾ നിർബന്ധിച്ചു. അദ്ദേഹമാകട്ടെ അതിനു വഴങ്ങിയില്ല. ദൈവത്തെ തന്റെ ജീവിതത്തിന്റെ ഏകാവകാശമായി സ്വീകരിച്ച് അർപ്പിത ജീവിതം തുടരുവാൻ തയ്യാറായി. എടത്വായിൽ വിവാഹം ചെയ്ത് അയച്ചിരുന്ന സ്വന്തം സഹോദരിയേയും ഭർത്താവിനേയും കുടുംബത്തിൽ ദത്തുനിർത്തുകയും അവർക്ക് അവകാശം എഴുതിക്കൊടുക്കുകയുമാണ് കുറിയാക്കോസ് ശെമ്മാശൻ ചെയ്തത്. ഇതറിഞ്ഞ പിതൃസഹോദരൻമാർ കുപിതരായി ശെമ്മാശനെ ബലമായി പിടിച്ച് വീട്ടിൽ കൊണ്ടുവന്നു. വിൽപ്പത്രം തിരുത്തിയെഴുതിയെങ്കിലും ഗൃഹഭരണത്തിന്റെ മുഴുവൻ ചുമതലയും സഹോദരിയേയും ഭർത്താവിനേയും ഏൽപ്പിച്ചിട്ട് കുറിയാക്കോസ് ശെമ്മാശൻ സ്വന്തം തീരുമാനത്തിൽ ഉറച്ചു നിന്നുകൊണ്ട് സെമിനാരിയിലേയ്ക്കു മടങ്ങുകയാണുണ്ടായത്.

ആറ്

## ത്യാഗം

ജീവിതത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിശുദ്ധാത്മാക്കളെ നിരാശയിലേയക്കല്ല, കൂടുതൽ കൂടുതൽ വിശുദ്ധിയിലേയ്ക്കും ദൈവോന്മുഖതയിലേയ്ക്കുമാണ് നയിക്കുന്നത്. ദൈവം നൽകിയ ദു:ഖാനുഭവങ്ങളെ എപ്രകാരമാണ് ചാവറയച്ചൻ സ്വീകരിച്ചതെന്ന് നാളാഗമത്തിൽ അദ്ദേഹം തന്നെ എഴുതുന്നുണ്ട്.

'സെമിനാരിയിൽ ആയിരിക്കുമ്പോൾ അപ്പനും അമ്മയും ഉണ്ടായിരുന്ന ഒരേ ഒരു സഹോദരനും മരിച്ചു. ജ്യേഷ്ഠത്തിയും ഒരു പെൺപൈതലുമായി വീട് അവശേഷിച്ചിരിക്കയിൽ അതിനാലുണ്ടാകുന്ന ദു:ഖസന്താപങ്ങളൊക്കെയും ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടു സഹിക്കയും പഠിച്ച പഠനത്തിനൊത്തവണ്ണം ദൈവമാതാവിന് അടിമയായി കയ്യാളിച്ച് വിശേഷഭക്തിക്കാരനായിത്തീരുകയും ചെയ്തു." (നാളാഗമം.പേജ് 350)

O

ഏഴ്.

## ഇച്ഛാഭംഗം

പള്ളിപ്പുറം സെമിനാരിയുടെ അധികാരിയായിരുന്ന പാലയ്ക്കൽ തോമ്മാ മല്പാൻ തന്റെ വിദ്യാർത്ഥികളോട് വിശേഷവിധിയായി താത്പര്യം കാണിച്ച വ്യക്തിയാണ്. തന്റെ വിദ്യാർത്ഥികളിൽ ചിലരെയെങ്കിലും ലത്തീൻഭാഷ പഠിപ്പിക്കുന്നത് സഭയ്ക്കും പുണ്യാഭ്യാസത്തിനും ഉപകരിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. ഇക്കാര്യം മെലെസ്യാ മെത്രാനച്ചനെ അറിയിച്ച് അതിനുവേണ്ട അനുവാദം വാങ്ങിച്ചു.

പാലയ്ക്കൽ തോമ്മാച്ചനും നിക്ലാവൂസ് മിഷനറി വൈദികനും തമ്മിൽ മമതാബന്ധമുണ്ടായിരുന്നതിനാൽ ശെമ്മാശന്മാരുടെ ലത്തീൻ പഠനത്തിന് വേണ്ട ഒത്താശകൾ നൽകാമെന്ന് നിക്ലാവൂസ് മൂപ്പച്ചൻ സമ്മതിച്ചു.താമസിയാതെ പാലയ്ക്കൽ തോമ്മാ മല്പാൻ മൂന്നു ശെമ്മാശൻമാരെ വരാപ്പുഴയിൽ കൊണ്ടുചെന്നു. അവരിലൊരാൾ ചാവറകുറിയാക്കോസ് ആയിരുന്നു. അവരുടെ താമസസൗകര്യവും മറ്റും മൂപ്പച്ചൻ നേരിട്ട് അന്വേഷിച്ചു കൊള്ളും എന്ന ശരണത്തോടെ പാലയക്കലച്ചൻ പള്ളിപ്പുറത്തേയ്ക്കു മടങ്ങി.

ശുഭ പ്രതീക്ഷയോടെ പിറ്റേദിവസം ചാവറകുറിയാക്കോസ് ശെമ്മാശനും കൂട്ടുകാരായ രണ്ടുപേരും ലത്തീൻ പഠനത്തിനായി സെമിനാരിയിലെത്തി. പക്ഷേ ദു:ഖകരമായ അനുഭവമാണ് അവർക്ക് ഉണ്ടായത്. സുറിയാനിക്കാരായ ശെമ്മാശൻമാരെ വരാപ്പുഴ ലത്തീൻ സെമിനാരിയിൽ പ്രവേശിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും സാധ്യമല്ല എന്ന് അധികാരികൾ അറിയിച്ചു. മാനക്കേടും ധനനഷ്ടവും ഉണ്ടായി. നേരത്തെ പഠിച്ചിരുന്ന സുറിയാനി ഭാഷ ഈ താമസത്തിനിടയിൽ ഉപയോഗമില്ലാത്തതുകൊണ്ട് കുറെയെല്ലാം മറക്കുകയും ചെയ്തു. ഈ ബുദ്ധിമുട്ടുകളെല്ലാം സമചിത്തതയോടെ നേരിടുവാൻ കുറിയാക്കോസ് ശെമ്മാശനും കൂട്ടുകാരും തയ്യാറായി. അക്കാലത്ത് വരാപ്പുഴ ഭാഗങ്ങളിൽ പടർന്നുപിടിച്ച പകർച്ചവ്യാധിമൂലം മടങ്ങിപ്പോകുന്നതുവരെ ക്ഷമാപൂർവ്വം ആ കാലമെല്ലാം തള്ളിനീക്കുകയാണ് അവർചെയ്തത്.

എട്ട്

# പ്രാർത്ഥനപ്പുസ്തകം

സുറിയാനി ഭാഷയിൽ ചാവറയകുറിയാക്കോസ് ശെമ്മാശൻ നല്ല പ്രാവീണ്യം നേടി. അക്കാലത്ത് വൈദികരുടെ കാനോൻ ജപങ്ങൾ പല പുസ്തകങ്ങളിലായിട്ടാണ് കിടന്നത്. ഇത് പ്രാർത്ഥനയ്ക്ക് ബുദ്ധി

മുട്ടു വരുത്തിയിരുന്നു. എല്ലാം ക്രമാനുഗതമായി ചൊല്ലുക ക്ലേശകര വുമായിരുന്നു. വൈദികരായ സഹോദരങ്ങളെ സഹായിക്കുന്നത് തന്റെ കടമയായി കുറിയാക്കോസ് ശെമ്മാശൻ കരുതി. ഹുദറാ, കശ്ക്കോൽ മുതലായ സുറിയാനി ഗ്രന്ഥങ്ങളിൽ നിന്ന് ഇതിലേയ്ക്ക് ആവശ്യമായ ഭാഗങ്ങൾ സഞ്ചയിച്ച് പ്രാർത്ഥനാപുസ്തകം തയ്യാറാക്കുന്ന ജോലി പാലയ്ക്കൽ മല്പാനച്ചന്റെ അനുവാദത്തോടെ ആരംഭിച്ചു. വൈദികർക്ക് അനായാസം ജപിക്കത്തക്കവിധം ഒരു കാനോന നമസ്ക്കാരം പുസ്തകം സെമിനാരി പരിശീലനകാലത്തു തന്നെ അദ്ദേഹം രൂപികരിച്ചു. റോമിൽ നിന്നുള്ള അംഗീകാരത്തോടു കൂടി അതു കൂടുതൽ പരിഷ്ക്കരിച്ച് പിൽക്കാലത്ത് അച്ചടിപ്പിച്ച ഗ്രന്ഥമാണ് അടുത്തകാലം വരെ സീറോമലബാർ സഭയിൽ ഉപയോഗിച്ചിരുന്നത്.

**ഒൻപത്.**

# സമൂഹജീവിതം

ചാവറയച്ചന്റെ സെമിനാരി ജീവിതം സംബന്ധിച്ച് സഹപ്രവർത്തകനായിരുന്ന പോരൂക്കര ഏലീശ്വാ അച്ചനെഴുതിയ ചരിത്രസംഗ്രഹത്തിൽ ഇങ്ങനെ കാണുന്നു." അക്കാലത്തിൽ ഈ ദിക്കിൽ പുണ്യ വ്യാപാരങ്ങളാലും ബുദ്ധിസാമർത്ഥ്യത്താലും ഈദേശത്തിലുണ്ടായിരിക്കുന്ന വിശേഷഗുണങ്ങൾക്കൊക്കെക്കും കാരണക്കാരനായിട്ടും ജ്ഞാനദീപംപോലെ വിളങ്ങി പ്രകാശിച്ച ഞങ്ങളുടെ മുൻ ശ്രേഷ്ഠനായിരിക്കുന്ന പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ അടുക്കൽ പള്ളിപ്പുറം സെമിനാരിയിൽ ആക്കുകയും കുട്ടരായശേഷം സഹോദരൻമാർ ഒക്കെയും വിസ്മയിച്ച് ആചരിച്ച് സ്നേഹിപ്പാൻ തക്കപോലെയും ദൈവഭക്തിയാലും സാധുശീലത്താലും എളിമ കീഴ്വഴക്കത്താലും

സഹോദര പ്രിയത്താലും വിശേഷ മാതൃകയായി കുര്യാക്കോസച്ചൻ ജീവിച്ചു. (നാളാഗമം1; 348-349)

പത്ത്

## പഠനം

ചാവറ കുറിയാക്കോസ് അച്ചനെഴുതിയ ആത്മാനുതാപം എന്ന ഗ്രന്ഥത്തിന് മുഖവുര എഴുതിയിട്ടുള്ളത് അദ്ദേഹത്തിന്റെ ആദ്ധ്യാത്മ ഗുരുവായ ലെയോപോൾദ് മിഷനറി ആണ്. ചാവറയച്ചനെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുള്ളത് നോക്കുക.

“പഠിത്തമില്ലാത്ത പട്ടക്കാരൻ ശേഷം പേരുടെ ആത്മത്തിന് ഉപകാരമില്ലാത്തവനാകുന്നതല്ലാതെ നിത്യനാശത്തിനു കാരണക്കാരനാകാൻ ഇടയുള്ളതുമാകുന്നു. ഇക്കാര്യം നമ്മുടെ പുതു ശെമ്മാശന് വഴിപോലെ ബോധ്യമായി. ആസ്ഥപ്പാടുപട്ടം ഏറ്റനാൾ തുടങ്ങി എറ്റ മേറ്റമായി പഠിത്തം കൊണ്ട് തക്ക ദൈവ ഊഴിയക്കാരനാകുവാൻ ഉത്സാഹിക്കയും പ്രയത്നപ്പെടുകയും ചെയ്തു.

ഇപ്പോഴും ജീവിച്ചിരിക്കുന്ന അയാളുടെ സെമിനാരിക്കൂട്ടരായ കത്തനാരച്ചൻമാർ സാക്ഷിക്കുംവണ്ണം കൊച്ചു കുറിയാക്കോസ് ദൈവ ഊഴിയത്തിന്റെ ലാക്കല്ലാതെ മറ്റൊരു വിചാരവും കൂടാതെ പഠിത്തത്തിലും ദൈവപേടിയിലും വിശേഷ താത്പര്യമുള്ളവനായിരുന്നു. കൂട്ടുകാരോടെല്ലാവരോടും ഉപവിയും സന്തോഷവുമായി, ചെറുപ്പക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു.( ആത്മനുതാപം മുഖവുര പേജ് 2)

പതിനൊന്ന്.

## പ്രസംഗം

1829-ൽ വൈദികപട്ടം സ്വീകരിച്ചതു മുതൽ സഭയുടെ സർവ്വോന്മുഖമായ പുരോഗതിയ്ക്കായി ജീവിതം ഉഴിഞ്ഞു വയ്ക്കാൻ അദ്ദേഹം കൂടുതൽ ശ്രദ്ധ ചെലുത്തി. അക്കാലത്ത് ദേവാലയങ്ങളിൽ പ്രസംഗം പറയുന്ന പതിവില്ലായിരുന്നു. ചാവറയച്ചന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞത്ഈ രംഗത്താണ്. അദ്ദേഹം പള്ളികളിൽ ചുറ്റിനടന്ന് പ്രസംഗിക്കുവാൻ തുടങ്ങി. നാടാകെ പരക്കത്തവിധം ഒരു പ്രശംസയാണ് ഈ പ്രസംഗങ്ങളിൽ നിന്നുൽഭൂതമായത്. പുളിങ്കുന്നിൽ നടത്തിയ ധ്യാനയോഗത്തിന്റെ ഫലം സമീപ പ്രദേശങ്ങളിലേയ്ക്കും പരന്നു. സഹപ്രവർത്തകനായിരുന്ന പോരൂക്കര തോമ്മാ മല്പാനും നല്ല പ്രസംഗകനായിരുന്നു. വാഴ്ത്തപ്പെട്ട ചാവറയച്ചൻ പോരൂക്കരയച്ചനെ അങ്ങേയറ്റം ബഹുമാനിച്ചിരുന്നുവെന്ന് നാളാഗമത്തിൽ ചാവറയച്ചൻ തന്നെ എഴുതിയ ഭാഗങ്ങൾ വ്യക്തമാക്കുന്നുണ്ട്." ഇടിയാലെ ഭൂമിയെ ഇളക്കി പഞ്ച ഫലാദികളെ മുളപ്പിക്കുന്നതുപോലെ എറിയ കാലമായിട്ട് കുമ്പസാരിക്കാതെയും മറ്റും നടന്നവരെയും വലിയ ദുർന്നടപ്പുകാരെയും -വല്യവരായിട്ടും ചെറിയവരായിട്ടും ഉള്ളവരെ -ദൈവഭയത്താൽ ഇളക്കി ഇദ്ദേഹം ( പോരൂക്കരയച്ചൻ) ഭക്തിക്കാരാക്കി. ഇന്നും ആ ഓർമ്മ വിടാതെ ഭക്തിക്കാരായിരിക്കുന്നവരുമുണ്ട് (നാളാഗമം പേജ്300)

പന്ത്രണ്ട്

## സന്ന്യാസസഭയുടെ തുടക്കം

ലോകമെല്ലാം ഉപേക്ഷിച്ച് വനവാസം ചെയ്യണമെന്നുള്ള ആഗ്രഹത്തോടെ അതിനുള്ള അനുവാദത്തിനായി ചാവറയച്ചനും പോരൂക്കരയച്ചനും വരാപ്പുഴ മെത്രാപ്പോലീത്തായെ സന്ദർശിച്ച സംഭവം



നാളാഗമത്തിനും വിവരിക്കുന്നുണ്ട്.

"ഒരു ദിവസം രണ്ടു തോമ്മാച്ചൻമാർ– പാലക്കലച്ചനും പോരുക്കരത്തച്ചനും– ചേർന്ന് മെത്രാനച്ചനെ കാര്യങ്ങൾ നിവേദിപ്പിച്ചു. അവർ പറഞ്ഞു: ഞങ്ങൾ രണ്ടുപേരും കൂടി വല്ലേടത്തും ഒതുങ്ങിപ്പാർക്കാനാണ് ആഗ്രഹിക്കുന്നത്. അതിന് അങ്ങ് അനുവാദം നൽകണം. സെക്രട്ടറിജോലിക്കായി മറ്റാരെങ്കിലും അച്ചന്മാരെ ഞങ്ങൾ കണ്ടുപിടിച്ചുതരാം."

മെത്രാനച്ചൻ അവരോടുപറഞ്ഞു" അല്പം വല്ലതും വിവരമുള്ള നിങ്ങൾ രണ്ടുപേരുള്ളത് മിണ്ടടക്കമായി അടങ്ങിപ്പാർത്താൽ പിന്നെ ജനങ്ങളെ ആരു പഠിപ്പിക്കും. ഇങ്ങനെ നിങ്ങൾക്കു ആഗ്രഹമുണ്ടെങ്കിൽ ഒരു കൊവേന്ത തുടങ്ങുക എന്നാൽ നിങ്ങൾക്കും മറ്റുള്ളവർക്കും അതുകൊണ്ട് ഉപകാരമുണ്ടല്ലോ."

" പിതാവേ, അതുവല്ലതും നടക്കുന്ന കാര്യമാണോ? രാജാക്കൻമാർ ആരെങ്കിലും സഹായമുണ്ടെങ്കിൽ നടന്നേനേ. നമ്മുടെ ജാതിക്കാരായ രാജാക്കൻമാർ ആരുമല്ലല്ലോ ഇവിടെയുള്ളത്.?"

മെത്രാനച്ചൻ അവരോടു പറഞ്ഞു." അതോർത്തു വിഷമിക്കേണ്ട നടത്തണമെന്നു് വിചാരിച്ച് ഉത്സാഹത്തോടെ ഇറങ്ങിത്തിരിച്ചാൽ ഇതെല്ലാം നടക്കും. നമ്മുടെ രാജ്യത്ത് ക്രിസ്ത്യാനികൾ ഏറെയുണ്ടല്ലോ അവരോട് ധർമ്മം വാങ്ങിയാൽമതി. നിങ്ങളുടെ ആവശ്യം സാധ്യമാകും(നാളാഗമം 1: 6–7)

മൗറേലിയൂസ് മെത്രാപ്പോലീത്താ ഇങ്ങനെ നിർദ്ദേശിക്കയും ഒരു ധർമ്മക്കടലാസ് എഴുതിയുണ്ടാക്കി പള്ളികളിൽ നിന്നു സംഭാവന പിരിക്കാൻ കല്പിക്കയും സ്വന്തം സംഭാവനയായി 200 രൂപാ അവർക്കു നൽകുകയും ചെയ്തു.




പതിമൂന്ന്

# ദൈവപരിപാലന

സന്യാസഭവനം സ്ഥാപിക്കുന്നതിനുള്ള അനുവാദം കിട്ടിയയുടനെ ചാവറയച്ചനും പോരൂക്കര- പാലയ്ക്കൽ മല്പാന്മാരും സ്ഥല നിർണ്ണയത്തിനായി പലേടത്തും യാത്ര ചെയ്തു. പല സ്ഥലവും പരിശോധിച്ചശേഷം വെട്ടിക്കാട്ടു മുക്കിനടത്ത്കളമ്പൂർ എന്ന സ്ഥലത്തെത്തി. വൃദ്ധനായ പാലയ്ക്കലച്ചന് കുന്നും മലയും കയറുവാൻ ബുദ്ധിമുട്ടായിരുന്നു.തന്മൂലം പാലയക്കലച്ചൻ ഒരു വലിയ മരത്തിന്റെ അരുകിലായി വള്ളം കരയ്ക്കു ചേർത്ത് അവിടെ വിശ്രമിച്ചു. പോരൂക്കരയച്ചനും കണിയാന്തറ യാക്കോബും ചാവറയച്ചനും കുന്നും മലയും കയറിയിറങ്ങി. കുറെനേരം താമസിച്ചു.

പാലയ്ക്കലച്ചൻ ക്ഷീണിതനായി വള്ളത്തിന്റെ സമീപം ഉണ്ടായിരുന്നു. വള്ളത്തിനു തൊട്ടടുത്ത് നിന്ന വലിയ വൃക്ഷത്തിന്റെ ശാഖയിൽ ചുറ്റിപ്പിണഞ്ഞ് ഒരു വലിയ വിഷസർപ്പം കിടപ്പുണ്ടായിരുന്നു. വള്ളത്തിനു നേരേ മുകളിൽ. അത് അല്പമൊന്ന് ഇളകിയാൽ വള്ളത്തിൽ പതിക്കുമെന്ന നിലയിലായിരുന്നു. വിപദിധൈര്യത്തോടെ പാലയ്ക്കലച്ചൻ ശബ്ദം കൂടാതെ വള്ളം അല്പം മാറ്റി മറ്റൊരു സ്ഥലത്തിട്ടു. ചാവറയച്ചനും മറ്റും തിരിച്ചെത്തിയപ്പോൾ സംഭവിച്ച കാര്യങ്ങൾ കണ്ട് അത്ഭുതപ്പെട്ടു. സർപ്പ ദംശനത്തിൽ നിന്ന് മല്പാനച്ചന് രക്ഷപ്പെടാൻ കഴിഞ്ഞത് ദൈവ പരിപാലനയാലത്രേ എന്നു പറഞ്ഞ് അവർ ദൈവത്തിനു ഹൃദയംഗമമായി നന്ദി പറഞ്ഞു.

പതിനാല്.

## സഹിഷ്ണുത

ദർശന വീട് പണിയുന്നതിന് ഏറ്റവും ഉചിതമായ സ്ഥലം പുല്ല രിക്കുന്ന് ആണെന്ന് അച്ചൻമാർ എല്ലാവർക്കും ബോധ്യപ്പെട്ടു. ആ സ്ഥലത്ത് ആശ്രമം പണിയുന്നതിന് സ്ഥലവാസികൾക്ക് എതിർ പ്പുണ്ടോ എന്നറിയാൻ ദിവാൻജിയുടെ നിർദ്ദേശപ്രകാരം ഏറ്റുമാനൂർ തഹസീൽദാർ നാട്ടുകാരെ വിളിച്ചു കൂട്ടി. കുടമാളൂർ ഭഗവതിയുടെ സങ്കേതമാകയാൽ അവിടെ ദർശനവീടു പണിയുന്നതിൽ ഊരാൺമക്കാർ തങ്ങളുടെ വിസമ്മതം പ്രകടിപ്പിച്ചു. അപ്പോൾ ചാവ റയച്ചന്റെ സ്നേഹിതനും ഏറ്റുമാനൂർക്കാരനുമായിരുന്ന ഓജനാര് എന്ന മുസ്ലിം കച്ചവടക്കാരൻ ചാവറയച്ചനെ സമീപിച്ചു പറഞ്ഞു. “അച്ചൻ ഊരാൺമക്കാരുടെ എരിർപ്പിനെ വകവയ്ക്കേണ്ട ആശ്രമം സ്ഥാപിക്കാൻ തയ്യാറായാൽ അനുവാദം വാങ്ങിത്തരുന്ന കാര്യവും മറ്റു സഹായവും ഞാൻ ചെയ്തു തരാം.”

“ഹൈന്ദവ സഹോദരൻമാരുമായി വഴക്കിട്ട് സന്യാസഭവനം പണി യാൻ ഞാൻ ആഗ്രഹിക്കുന്നില്ല” എന്നായിരുന്നു ചാവറയച്ചന്റെ പ്രതി കരണം.

പതിനഞ്ച്.

## പ്രാർത്ഥനയുടെ ശക്തി

ദർശനവീട് തുടങ്ങുന്നതിനായി ചാവറയച്ചനും സഹപ്രവർത്ത കരും മധ്യകേരളത്തിലെ അനേക സ്ഥലങ്ങൾ സന്ദർശിച്ചു. അവ സാനം മാന്നാനം കുന്ന് ദർശനവീടിനായി നിശ്ചയിച്ചു. കാടുതെളി

ക്കാൻ നാട്ടുകാരായ അനേകം പേരും ചാവറയച്ചന്റെ സ്നേഹിത നായ ഒജനാരുമേത്തരുടെ ജോലിക്കാരും ഉണ്ടായിരുന്നു. ക്ലേശകര മായ ജോലിക്കിടയിൽ പണിക്കാർ പറഞ്ഞു " ഈ കുന്നിന്റെ മുക ളിൽ വെള്ളം കിട്ടാൻ ബുദ്ധിമുട്ടാവുമല്ലോ. എവിടെയെങ്കിലും ഒരു കിണർ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. " നമുക്ക് ആ കാര്യത്തി നായി പ്രാർത്ഥിക്കാം .ദൈവം തീർച്ചയായും നമ്മുടെ ആഗ്രഹം സാധിച്ചു തരും." എന്നതായിരുന്നു ചാവറയച്ചന്റെ പ്രതികരണം.

അവരെല്ലാവരും കൂടി പ്രാർത്ഥിച്ചു. അതിനുശേഷം പണി തുട രുകയും ചെയ്തു. കാടുവെട്ടുന്നവർ കുറെ സ്ഥലം തെളിച്ചുവന്ന പ്പോൾ അവിടെ ഒരു കിണർ കാണുകയും ചെയ്തു. അത് എല്ലാ വർക്കും ഉന്മേഷം പകരാനിടയാക്കി.

പതിനാറ്

# രോഗശമനം

ചാവറയച്ചനും സഹപ്രവർത്തകരും മാന്നാനത്ത് ദർശന വീടിനായി കാടുതെളിച്ച് സ്ഥലമൊരുക്കുകയും കുരിശ് റുശ്മാ ചെയ്യുകയും ചെയ്തു.കൊട്ടും ഘോഷവും നടത്തി കുരിശ് പ്രതിഷ്ഠിച്ച രാത്രിയിൽ നാടിന്റെ നാനാഭാഗത്തുനിന്നും ജന ങ്ങൾ ആ ചടങ്ങുകളിൽ പങ്കെടുക്കാനെത്തി. പാലായിലെ ഉള്ളാ ട്ടുതറ കുടുംബത്തിലെ ഒരു ശെമ്മാശനും ആ കൂട്ടത്തിൽ ഉണ്ടാ യിരുന്നു. അയാളുടെ അനുജനായ ഒരു ബാലനും ഈ ആഘോ ഷത്തിൽ പങ്കുകൊണ്ടു. സകല പുണ്യവാന്മാരുടെയ ലുത്തി നിയാ കഴിഞ്ഞ ഉടനെ മേല്പറഞ്ഞ ബാലൻ "എന്റെ കാലി

ന്മേൽ എന്തോകടിച്ചു'' എന്നു പറഞ്ഞ് നിലവിളിച്ചു. ഭയങ്കര മായ ഉഷ്ണവും തളർച്ചയും അയാൾക്ക് അനുഭവപ്പെട്ടു. അവൻ മരിച്ചുവെന്നാണ് ആകാഴ്ച കണ്ടവർക്കുതോന്നിയത്. ഒരു വിധ ത്തിൽ ആബാലനെ മറ്റുള്ളവർ താങ്ങിയെടുത്തുകൊണ്ടുപോ യി. പോരൂക്കര അച്ചൻ അവന്റെ മുഖത്ത് ഹന്നാൻ വെള്ളം തളിച്ചു. എല്ലാവരോടും പ്രാർത്ഥിക്കുവാൻ അദ്ദേഹം ആവശ്യ പ്പെട്ടു. വൈദ്യരെ വിളിക്കുകയോ ചികിത്സിക്കുകയോ വേണ്ടെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസത്തിന് ഫല മുണ്ടായി. പ്രതിവിധികൾ ഒന്നുംകൂടാതെ,നേരം വെളുത്തപ്പോ ഴേയ്ക്ക് രോഗം സൗഖ്യമായി. ദൈവപരിപാലനയുടെ അദൃശ്യ കരങ്ങൾ എല്ലാവർക്കും ബോധ്യമാവുകയും ചെയ്തു. ഈ സംഭവം വാഴ്ത്തപ്പെട്ട ചാവറയച്ചൻ നാളാഗമത്തിൽ രേഖപ്പെ ടുത്തിയിട്ടുണ്ട്.

പതിനേഴ്.

## അനുസരണം

1832ൽ മൗറേലിയൂസ് മെത്രാപ്പോലീത്താ റോമിലേയ്ക്ക് സ്ഥലം മാറി. പകരം വരാപ്പുഴ അതിരൂപതയുടെ അധികാരിയായി നിയമിത നായത് ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്താ ആയിരുന്നു. ചാവ റയച്ചനും പാലയ്ക്കൽ പോരൂക്കര അച്ചൻമാരും ചേർന്ന് സന്യാസ ഭവനം മാന്നാനത്തു ആരംഭിക്കുന്ന ഘട്ടമായിരുന്നു അത്. പുതിയ മെത്രാൻ അവരോട് അനുഭാവപൂർവ്വമല്ല പെരുമാറിയത്. ആശ്രമം പണിക്കു നേതൃത്വം കൊടുത്ത ചാവറ കുര്യാക്കോസച്ചനെ പള്ളി പ്പുറത്തു പള്ളിയുടെ വികാരിയായി നിയമിച്ച് മെത്രാൻ കല്പന കൊടു ത്തു. ഈ കല്പനമൂലം, തുടങ്ങിവച്ച പണികൾ മുന്നോട്ടു കൊണ്ടു

പോകാൻ സാധ്യമല്ല എന്നുവന്നതുള്ളതുകൊണ്ട് ചാവറയച്ചൻ മെത്രാന്റെ പക്കലെത്തി സങ്കടമുണർത്തിച്ചു. '"കല്പന അനുസരിക്കണം" എന്നായിരുന്നു മെത്രാന്റെ മറുപടി. ചാവറയച്ചൻ ആവലാതി ഒരിക്കൽക്കൂടി ആവർത്തിച്ചു. മെത്രാൻ ഗൗരവപൂർവ്വം ചോദിച്ചു. "തന്റെ തന്നിഷ്ടംപോലെ നടക്കണം അല്ലേ? മേൽപ്പട്ടക്കാരന്റെ ചൊല്ലുവിളി പഠിച്ചിട്ടില്ലയോ?"

മേലധികാരിയുടെ കർശനമായ താക്കീതുകേട്ടിട്ട് ചാവറയച്ചൻ യാതൊരെതിർപ്പും കാണിക്കാതെ പള്ളിപ്പുറത്തു പള്ളിയിലെത്തി വികാരി സ്ഥാനം ഏറ്റെടുത്തു.

പതിനെട്ട്.

# ഹൃദയലാളിത്യം

ചാവറയച്ചൻ പള്ളിപ്പുറത്തു പള്ളിയിൽ വികാരിയായിരിക്കേ പാലയ്ക്കൽ തോമ്മാ മല്പാന്റെ അനന്തിരവനായ വർക്കിയച്ചൻ എന്ന ഒരു യുവ വൈദികൻ പള്ളിപ്പുറത്തുണ്ടായിരുന്നു. തൽക്കാലത്തേയ്ക്ക് അദ്ദേഹത്തെ ഇടവകയുടെ ചാർജ്ജ് ഏൽപ്പിച്ചിട്ട് ആശ്രമം പണികൾക്കു നിർദ്ദേശം നൽകിക്കൊണ്ട് കണിയാന്തറ യാക്കോബിനെ സഹായിക്കാനായി ഇടയ്ക്കിടെ ചാവറയച്ചൻ മാന്നാനത്തേയ്ക്കു പോയിരുന്നു. മൂന്നുനോയമ്പിനോടനുബന്ധിച്ച് നേർച്ച വിളമ്പിയപ്പോൾ എന്തോ ക്രമക്കേട് കാട്ടിയതിന് ഇടവകക്കാരനായ ഒരാളെ വർക്കിയച്ചൻ വടികൊണ്ടടിച്ചു. അപമാനിതനായ അയാൾ മെത്രാനച്ചന്റെ പക്കൽ സങ്കടം കൊടുത്തു. ചാവറയച്ചന്റെ അസാന്നിദ്ധ്യത്തിൽ ഇങ്ങനെ സംഭവിച്ചതു അറിഞ്ഞ മെത്രാൻ ഒരു കല്പന ചാവറയച്ചന്റെ പേർക്കയച്ചു. വരാപ്പുഴ മെത്രാസനത്തിൽ നിന്ന് രേഖാമൂലമായ അറിയിപ്പു കൂടാതെ പള്ളിപ്പുറം പള്ളിവിട്ട് ഒരിടത്തും ചാവറ

കുറിയാക്കോസ് കത്തനാർ പോകാൻ പാടില്ലാ എന്നതായിരുന്നു ആ കല്പന.

ദു:ഖിതനും ക്ഷീണിതനുമായ ചാവറയച്ചൻ പാലയ്ക്കൽ തോമ്മാ മല്പാനോട് ആലോചിച്ചശേഷം വരാപ്പുഴ പോയി മെത്രാനച്ചനെ കണ്ട് 'സങ്കടം അറിയിച്ചു.' താൻ മടങ്ങിപ്പോവുക എന്നു മാത്രമാണ് മെത്രാനച്ചൻ മറുപടി പറഞ്ഞത്. വീണ്ടും മെത്രാനച്ചനെ സങ്കടം കേൾക്കാൻ നിർബന്ധിച്ചപ്പോൾ കർശനമായ താക്കീതാണ് ചാവറ യച്ചന് കിട്ടിയത്. അതേപ്പറ്റി ചാവറയച്ചൻ നാളാഗമത്തിൽ ഇങ്ങനെ കുറിച്ചിട്ടിരിക്കുന്നു. 'കൊവേന്ത ഉണ്ടാകണമെന്നുള്ള അതിയായ താത്പര്യത്തിന്റെ പേരിൽ മെത്രാനച്ചനോടു കടന്നുസംസാരിച്ച തോർത്ത് ദു:ഖിച്ചു. പിതാവ് മുടക്ക് നൽകാതെ ക്ഷമിച്ചതിൽ ആശ്വ സിച്ച് പള്ളിപ്പുറത്തേയ്ക്കു മടങ്ങി. അവിടെച്ചെന്ന് കല്പനപ്രകാരം വർക്കിക്കത്തനാരെ വരാപ്പുഴയ്ക്കു പറഞ്ഞയക്കുകയും ചെയ്തു.(നാ ളാഗമം 1 .പേജ് 66-71)

ചാവറയച്ചന്റെ ഹൃദയലാളിത്യംവും സത്യസന്ധതയും മനസ്സി ലാക്കിയ ഫ്രാൻസിസ് സേവ്യർ മെത്രാനച്ചൻ വർക്കിക്കത്തനാരെ പള്ളിപ്പുറം പള്ളിയുടെ വികാരിയായി നിയമിക്കുകയും ചാവറയച്ചനെ വികാരിജോലിയിൽ നിന്ന് ഒഴിവാക്കി ആശ്രമം പണിയുന്ന കാര്യങ്ങ ളിൽ തുടരാൻ അനുവദിക്കുകയും ചെയ്തു.

പത്തൊൻപത്

# സേവന തല്പരത

പള്ളിപ്പുറം പള്ളിയിൽ ചാവറയച്ചൻ വികാരിയായിരുന്ന കാലത്ത് ഇടയ്ക്കിടയ്ക്ക് മാന്നാനത്ത് വന്ന് ആശ്രമം പണികൾക്ക് നിർദ്ദേശം


കൊടുത്തിരുന്നു എങ്കിലും വികാരി ജോലിയിൽ അനാസ്ഥ കാണി ച്ചിരുന്നുവെന്നു കണക്കാക്കേണ്ടതില്ല. ഇടവകയിൽ അത്യാവശ്യ സന്ദർഭങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സേവനം ഏവർക്കും ലഭ്യമാ യിരുന്നു. വസൂരി രോഗബാധിതർക്കും അന്ത്യകൂദാശ നൽകുവാൻ ചാവറയച്ചൻ ധൈര്യവും സന്നദ്ധതയും പ്രകടിപ്പിച്ചിരുന്നു. രോഗ ത്തിന്റെ മാരകസ്വഭാവം കണ്ട് മറ്റുള്ളവർ അദ്ദേഹത്തെ തടഞ്ഞിരു ന്നു. അപ്പോഴെല്ലാം " ഇത് എന്റെ കടമ; തമ്പുരാൻ എന്നെ കാത്തു കൊള്ളും" എന്നു പറഞ്ഞ് അദ്ദേഹം മുന്നോട്ടു പോയിരുന്നു.

## ഇരുപത്

# പരമാർത്ഥഹൃദയം

പോരൂക്കരയച്ചൻ സെമിനാരി റെക്ടറായിരുന്ന അവസരത്തിൽ സന്യാസനിയോഗത്തിൽ ഒരു മുഴുവൻ ധ്യാനം നടന്നു. സന്യാസിക ളാകാൻ സന്നദ്ധത കാണിച്ച ഏതാനും പേരെ വേർതിരിച്ച് പ്രത്യേക പരിശീലനം കൊടുക്കുവാൻ പോരൂക്കരയച്ചൻ തീരുമാനിച്ചു. അവരെ സെമിനാരിക്കെട്ടിടത്തിന്റെ രണ്ടാം നിലയിൽ താമസിപ്പിച്ചു. താഴെ താമസിപ്പിക്കാൻ നിയോഗിക്കപ്പെട്ട തൊണ്ടനാട് അന്തോണി ശെമ്മാ ശൻ തുടങ്ങിയവർക്ക് ഇത് അപമാനകരമായിത്തോന്നി. അദ്ദേഹവും കൂട്ടുകാരും പള്ളിപ്പുറത്തെത്തി. പാലയ്ക്കൽ മല്പാനോടു സങ്കടമു ണർത്തിച്ചു. അവരുടെ പ്രശ്നം പരിഹരിച്ചു കൊടുക്കുവാൻ പാല യ്ക്കലച്ചൻ ചാവറകുറിയാക്കോസച്ചനെ ഏർപ്പെടുത്തി.

കാര്യങ്ങൾ മുഴുവനും മനസ്സിലാക്കാതിരുന്ന ചാവറയച്ചൻ ശെമ്മാ ശന്മാരുടെ പഠന കാര്യങ്ങൾ പഴയതുപോലെ ആക്കുവാൻ ശ്രമിച്ചു. അപ്പോൾ ആശ്രമത്തിലുണ്ടായിരുന്ന തോപ്പിൽ ഗീവർഗീസച്ചനും കണിയാന്തറ യാക്കോബു സഹോദരനും പറഞ്ഞു." പഴയ പടി താമ



സസൗകര്യം മാറ്റം വരുത്തിയാൽ അത് പോരൂക്കരയച്ചന് മനക്ലേശത്തിന് ഇടയാക്കുമല്ലോ" എന്ന്. അപ്പോഴാണ് സംഗതിയുടെ ദൂരവ്യാപകമായ ഗൗരവസ്വഭാവം ചാവറയച്ചൻ മനസ്സിലാക്കിയത്.

തത്സമയം ചാവറയച്ചൻ നടത്തിയ പ്രതികരണം അദ്ദേഹത്തിന്റെ ഹൃദയപരമാർത്ഥതയെ സൂചിപ്പിക്കുന്നുണ്ട്." ഇതിനെ കേട്ടപ്പോൾ മാത്രമേ ഈ ഭോഷന്റെ ഹൃദയത്തിൽ ന്യായം കടന്നൊള്ളൂ."

പിന്നീട് കാര്യങ്ങൾ പോരൂക്കയച്ചനുമായി ആലോചിച്ചശേഷം ചാവറയച്ചൻ വളരെ ശാന്തമായി പ്രശ്നം പരിഹരിച്ചു.

## ഇരുപത്തിഒന്ന്

# ദൈവസഹായം

വളരെയധികം യാതനകൾ സഹിച്ച് പ്രവർത്തനക്ഷമമാക്കിയ അച്ചടിശാല നടത്തിക്കൊണ്ടു പോകാൻ ചാവറയച്ചൻ ഏറെ ക്ലേശിച്ചു. ദൈനംദിനച്ചെലവുകൾക്കു വഴികാണാതെ മുദ്രാലയ സ്ഥാപകന് പലപ്പോഴും വിഷമിക്കേണ്ടി വന്നിട്ടുണ്ട്. ഇങ്ങനെ ഒരിക്കൽ കലശലായ മുട്ടുപാടുവന്നപ്പോൾ ചാവറയച്ചൻ ആശ്രമത്തിന്റെയും മുദ്രണാലയത്തിന്റെയും നാമഹേതുകനും സ്വർഗീയ മദ്ധ്യസ്ഥനുമായ വി. യൗസേപ്പു പിതാവിനോട് സഹായാഭ്യർത്ഥന നടത്തിയ ശേഷം പുറത്തിറങ്ങി. അപ്പോഴുണ്ട് സംഭാവനയായി അഞ്ഞൂറു ചക്രവുംകൊണ്ട് ഒരു അജ്ഞാത സന്ദർശകൻ വന്നു നില്ക്കുന്നു. വി.യൗസേപ്പു പിതാവിന്റെ പ്രത്യേക മധ്യസ്ഥതയിൽ ലഭിച്ച അത്ഭുത സഹായമെന്ന് ഇതിനെ കരുതി ചാവറയച്ചൻ കൃതജ്ഞത അർപ്പിച്ചു. ചേർപ്പുങ്കൽ സ്വദേശി നെല്ലിപ്പുഴ ഇട്ടി എന്ന ഔദാര്യ നിധിയായിരുന്നു ആ സന്ദർശകൻ. ആളയച്ചാൽ അഞ്ഞൂറു രൂപാ ചക്രം കൂടി കൊടുത്ത

യയ്ക്കാമെന്നും ആ ധർമ്മിഷ്ഠൻ അപ്പോൾത്തന്നെ വാക്കുകൊടുത്തു.

PRIOR GENERAL'S HOUSE LIBRARY ERNAKULAM

ഇരുപത്തിരണ്ട്

## മറ്റുള്ളവരെക്കുറിച്ചുള്ള മതിപ്പ്

സഹപ്രവർത്തകനായ പോരൂക്കര തോമ്മാമല്പാൻ 1846 ജനുവരി 8ന് മരണമടഞ്ഞപ്പോൾ ചാവറയച്ചനായിരുന്നു ചരമപ്രസംഗം നടത്തിയത്. തന്റെ ചിരകാല സുഹൃത്തിന്റെ അമൂല്യസേവനങ്ങളെ ചാവറയച്ചൻ ഇങ്ങനെയാണ് പ്രകീർത്തിച്ചത്.

" ഈ വന്ദ്യ പിതാവിന്റെ പറഞ്ഞറിയിപ്പാൻ സാധിക്കാത്ത ബുദ്ധിമുട്ടുകളുടെയും വേലകളുടെയും ഫലമായ ഈ ചുരുങ്ങിയ സന്യാസകൂട്ടവും ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി ഈ മാന്നാനം കുന്നിൽ വന്ദ്യപിതാവുണ്ടാക്കിയ ഈ ദേവാലയവും ഈ സന്യാസഭവനുവും അതിനോടു ചേർന്നിരിക്കുന്ന സകല സംഗതികളും തന്റെ പിൻഗാമികളും ജ്ഞാനമക്കളുമായിരിക്കുന്ന നമുക്കേവർക്കും ഈ വന്ദ്യ പിതാവിന്റെ നിത്യഓർമ്മ ആയിരിക്കട്ടെ. ഇവകളെ നാം കണ്ട് ഈ വന്ദ്യപിതാവിന്റെ മേൽ നന്ദിയും സ്നേഹവും എന്നേയ്ക്കും കാണിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി തന്റെ ചുരുങ്ങിയ ആയുഷ്കാലം ചെലവഴിച്ച് നീതിമാൻമാർക്കു കിട്ടുന്ന ഭാഗ്യമരണം പ്രാപിച്ച് നിത്യഭാഗ്യം അനുഭവിപ്പാൻ പോയിരിക്കുന്നവെന്ന് നമുക്ക് ശരണപ്പെടാം."



## ഇരുപത്തിമൂന്ന്

# ദേശീയത

ക്രിസ്തു മതത്തെ ഒരു വിദേശീയമതമായി ആരെങ്കിലും ചിത്രീകരിക്കുന്നുണ്ടെങ്കിൽ ചാവറയച്ചൻ ആ അഭിപ്രായത്തിന് എതിരായിരുന്നു. ഭാരതത്തിന്റെ സാംസ്ക്കാരിക പാരമ്പര്യം കണ്ടെത്തുവാനും കാത്തു സൂക്ഷിക്കുവാനും സംസ്കൃത ഭാഷ പഠിക്കേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം കരുതി. തന്മൂലം 1846-ൽ മാന്നാനത്ത് ഒരു സംസ്കൃത പാഠശാല ചാവറയച്ചൻ ആരംഭിച്ചു. ആശ്രമ വാസികളായ സന്യാസിമാരും സമീപ പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും അവിടെ നിന്ന് അധ്യയനം നടത്തിയിരുന്നു. തൃശൂർ സ്വദേശിയായിരുന്ന ഒരു പ്രശ്സത പണ്ഡിതനായിരുന്നു പ്രഥമാദ്ധ്യാപകൻ. ആണ്ടുതോറും ഓരോ ഇടവകയിൽ നിന്നും രണ്ടു കുട്ടികളെയെങ്കിലും ഇടവകക്കാരുടെ പൊതുച്ചെലവിൽ ഈ വിദ്യാലയത്തിലേയക്കയച്ച് സംസ്കൃതം പഠിപ്പിക്കണമെന്നായിരുന്ന ചാവറയച്ചൻ നിർദ്ദേശിച്ചത്.

## ഇരുപത്തിനാല്

# ധ്യാനപ്രസംഗം

ചാവറയച്ചന്റെ ധ്യാനപ്രസംഗങ്ങൾ വിശ്വാസികളുടെ ആധ്യാത്മികോന്നതിയ്ക്ക് ഉതകുമെന്നത് വരാപ്പുഴ മെത്രാസനത്തിന് വ്യക്തമായി അറിയാൻ കഴിഞ്ഞു. സ്വദേശീയനോ വിദേശീയനോ

ആയ ഏതെങ്കിലും വൈദികന് ചാവറയച്ചനെപ്പോലെ ദൈവവചനം ഫലപ്രദമായി പ്രസംഗിക്കുവാൻ കഴിയുമായിരുന്നില്ല.അതുകൊണ്ടു 1849–ൽ അന്നത്തെ വരാപ്പുഴ മെത്രാൻ ലുദവിക്കോസ് തിരുമേനി ചാവറയച്ചനെ കേരളത്തിലെ പള്ളികളുടെയെല്ലാം ഔദ്യോഗിക ധ്യാന പ്രസംഗകനായി നിയമിച്ചു.

**ഇരുപത്തിയഞ്ച്**

## സാന്ത്വനം

പുതിയ സന്യാസസഭയ്ക്ക് അമലോത്ഭവ ദാസസംഘം എന്ന പേരാണ് നൽകിയത്. സഭാംഗങ്ങളുടെ പ്രഥമവ്രതവാഗ്ദാനവും സഭയുടെ ഉദ്ഘാടനവും 1855–ലെ അമലോത്ഭവ തിരുനാളിൽ നടത്തുവാൻ തീരുമാനമായി. അതിനൊരുക്കമായ ഏകാന്തധ്യാനം നടത്തുന്നതിന് മെത്രാനച്ചൻ മർസലീനോസ് മിഷനറിയെ മാന്നാനത്തേയ്ക്കയച്ചു. നിർദ്ദിഷ്ടമായ നിയമാവലി നടപ്പാക്കിക്കൊണ്ടായിരുന്നു അദ്ദേഹം ധ്യാനം നടത്തിയത്. ആവൃതി നിയന്ത്രണം,മൗനവ്രതം മുതലായവയുടെ കാഠിന്യം അപ്പോഴാണ് പലർക്കും മനസ്സിലായത്. നിയമാവലിയുടെ കാർക്കശ്യത്തിന്റെ പേരിൽ ധ്യാനത്തിൽ സംബന്ധിച്ചിരുന്നവരിൽ പകുതിപ്പേരോളം വ്രതവാഗ്ദാനത്തിൽ പങ്കെടുക്കാതെ വിമനസ്ക്കരായി പിൻമാറി. തന്നോടൊപ്പം ദീർഘകാലം സന്യാസലക്ഷ്യത്തിൽ സഹകരിച്ച് ജീവിച്ചിരുന്നവരിൽ പകുതിപ്പേർ പിന്തിരിഞ്ഞുപോയത് അവരുടെ നേതാവും ഗുരുവുമായ ചാവറയച്ചന് വല്ലാത്ത വിഷാദവും നഷ്ടബോധവും ഉണ്ടാക്കി. ഇരുപതുവർഷക്കാലത്തെ തന്റെ നിരന്തരയത്നങ്ങൾ വൃഥാവിലാകുന്നതിലുള്ള വിഷാദം അദ്ദേഹം മെത്രാനച്ചനെ അറി

യിച്ചു. ചഞ്ചലബുദ്ധികളും അപക്വമാനസരും പിന്മാറുന്നതു കൊണ്ട് അധൈര്യപ്പെടാനില്ലെന്നും വ്രതാനുഷ്ഠാനത്തിൽ ദൃഢചിത്തതയും ആത്മധൈര്യവും ഉള്ളവരെമാത്രം ചേർത്താൽ മതിയെന്നും മെത്രാനച്ചൻ മറുപടികൊടുത്തു. ഈ വാക്കുകളിൽ സ്വാന്തനം കണ്ടെത്തുവാനും ധൈര്യപൂർവ്വം മുന്നോട്ടുപോകുവാനും ചാവറയച്ചനു കഴിഞ്ഞു.

### ഇരുപത്തിയാറ്

## തിരുക്കുടുംബത്തിന്റെ നാമം

പ്രഥമശ്രേഷ്ഠനായ ചാവറ കുറിയാക്കോസച്ചന്റെ മുമ്പിൽ വ്രതം അനുഷ്ഠിച്ച് ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സഭയുടെ അടിസ്ഥാന ശിലകളായി ചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച സന്യാസ വൈദികരുടെ പേരുകൾ താഴെച്ചേർക്കുന്നു.

1) പുളിങ്കുന്നു തോപ്പിൽ ഗീവർഗീസച്ചൻ
2) ചമ്പക്കുളം പോരൂക്കര കുര്യാക്കോസച്ചൻ
3) അതിരമ്പുഴ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ
4) ഉാലം പുത്തൻ പള്ളി മുഞ്ഞനാട്ടു മത്തായി അച്ചൻ
5) പാലാ കളപ്പുർക്കൽ മത്തായി അച്ചൻ
6) കൈനകരി വല്യാറ യാക്കോബച്ചൻ
7) ഉാലം പുത്തൻ പള്ളി കണിയാരകത്തു മാണിയച്ചൻ
8) പള്ളിപ്പുറത്തു പാലയക്കൽ കുര്യച്ചൻ
9) പാലാ കട്ടക്കയത്തു ചാണ്ടിയച്ചൻ
10) പുളിങ്കുന്ന് കളത്തിൽ സ്കറിയാച്ചൻ

വ്രതാനുഷ്ഠാനവേളയിൽ പുതിയ ജീവിതം സ്വീകരിക്കുന്നതിന്റെ സൂചകമായി ഓരോ സന്യാസിയും കുടുംബപ്പേര് ഉപേക്ഷിക്കയും മറ്റൊരു സന്യാസ നാമധേയം സ്വീകരിക്കയും ചെയ്തിരുന്നു. ചാവ റയച്ചൻ കുടുംബപ്പേരും മല്പാൻ പദവിയും ഉപേക്ഷിച്ച് 'തിരുക്കു ടുംബത്തിന്റെ ഏലിയാ' എന്ന പേരു സ്വീകരിച്ചു.

PRIOR GENERAL'S HOUSE LIBRARY 3677 ERNAKULAM

**ഇരുപത്തിയേഴ്**

## കൂനമ്മാവ് ആശ്രമം

മാന്നാനത്ത് സുറിയാനി കത്തോലിക്കർക്കുള്ളതുപോലെ ഒരു ആശ്രമം കുനമ്മാവിൽ ലത്തീൻ കത്തോലിക്കർക്ക് ഉണ്ടായിക്കാണു വാൻ വരാപ്പുഴ രൂപതാധികാരി ഫ്രാൻസിസ് സേവ്യർ മെത്രാപ്പോ ലീത്താ ആഗ്രഹിച്ചു. അവിടെയുണ്ടായിരുന്ന വൈദിക വസതിക്ക് കുറെ മാറ്റങ്ങൾ വരുത്തി അദ്ദേഹം ആശ്രമം സ്ഥാപിച്ചു. ഒരു വൈദി കനേയും മുന്നുവൈദിക വിദ്യാർത്ഥികളേയും മെത്രാപ്പോലീത്താ അവിടെ പാർപ്പിച്ചു. അവിടെ താമസിപ്പിച്ചവരിൽ ഒരാളൊഴികെ ബാക്കി യുള്ളവരെല്ലാം ആശ്രമ ജീവിതം വെടിഞ്ഞു പൊയ്ക്കളഞ്ഞു. ഇങ്ങനെ ഉദ്യമം ആരംഭത്തിൽത്തന്നെ പരാജയപ്പെട്ടതുമൂലം ദു:ഖിത നായ മെത്രാപ്പോലീത്താ മാന്നാനത്തെ ആശ്രമത്തിന്റെ ശാഖാഭവനം സ്ഥാപിച്ചു കൊള്ളുവാൻ സൗമനസ്യപൂർവ്വം അനുവദിച്ചു കൊണ്ട് കുനമ്മാവിലെ ആശ്രമക്കെട്ടിടം ചാവറ പ്രിയോരച്ചനെ ഏല്പിക്കുക യാണുണ്ടായത്.

സുറിയാനിക്കാർ വരാപ്പുഴ ഭരണത്തിൽ നിന്നു വിട്ടുപോന്നപ്പോൾ പരി. സിംഹാസനത്തതിന്റെ നിശ്ചയ പ്രകാരം കൂനമ്മാവ് ആശ്രമം ലത്തീൻകാർക്ക് 1889–ൽ വിട്ടുകൊടുത്തു.

## ഇരുപത്തിയെട്ട്

# ദൈവത്തിന്റെ ദ്വീപ്

1858-ൽ ആണ് ഏൽത്തുരുത്ത് ആശ്രമം ആരംഭിച്ചത്. ചാവറയച്ചൻ തന്നെയാണ് ശിലാസ്ഥാപനം നിർവ്വഹിച്ചത്. കവിയും കലാകാരനുമായ ചാവറയച്ചന്റെ ഭാവന ആശ്രമത്തിനു നാമധേയം നൽകുന്നതിലും നവീനത്വം കാട്ടി. ഏൽത്തുരുത്ത് എന്ന പദത്തിന്റെ സംയോഗം "ഏൽ പ്ലസ് തുരുത്ത്" എന്നാണ്. ഏൽ എന്ന പദത്തിന്റെ അർത്ഥം ദൈവം എന്നത്രേ. തുരുത്ത് എന്നാൽ ദ്വീപ് എന്നർത്ഥം. പിൽക്കാലത്ത് ഏൽത്തുരുത്ത് ഒരു വിഖ്യാതസ്ഥലമായിത്തീർന്നു.

## ഇരുപത്തിഒൻപത്

# പ്ലാശനാൽ ആശ്രമം.

മാന്നാനത്തുള്ള സെമിനാരിയിൽ നിന്ന് ചാവറയച്ചനുമായി തെറ്റിപ്പിരിഞ്ഞ് പുറത്തുപോയ വ്യക്തിയാണ് (കുടക്കച്ചിറ) അന്തോണിക്കത്തനാർ. അദ്ദേഹം സ്വന്തം നിലയിൽ ഒരു ആശ്രമം പ്ലാശനാൽ എന്ന സ്ഥലത്ത് സ്ഥാപിച്ചു. അന്തോണിക്കത്തനാർ ബാഗ്ദാദിൽ വച്ചു മരണമടഞ്ഞുവെന്നവാർത്ത അറിഞ്ഞപ്പോൾ നാട്ടുകാർ വരാപ്പുഴ മെത്രാപ്പോലീത്തായെ ചെന്നു കണ്ടു. ചാവറകുറിയാക്കോസ് ഏലിയാസച്ചൻ പ്ലാശനാൽ ആശ്രമം ഏറ്റെടുക്കണം എന്ന നിവേദനം അവർ മെത്രാപ്പോലീത്തായുടെ പക്കൽ സമർപ്പിച്ചു. അതനുസരിച്ച് പ്രസ്തുത ആശ്രമം ചാവറയച്ചൻ ഏറ്റെടുക്കുകയാണുണ്ടായത്.

മുപ്പത്

# ശീശ്മ

റോക്കോസ് മെത്രാൻ മലയാളക്കരയിൽ കാലുകുത്തുമ്പോൾ 154 ഇടവകപ്പള്ളികളാണ് സുറിയാനി കത്തോലിക്കർക്ക് ഉണ്ടായിരുന്നത്. സഭാതലവനായ മാർപ്പാപ്പായുടെ അനുവാദം കൂടാതെയാണ് മലയാളക്കരയിലെത്തി റോക്കോസ് മെത്രാൻ അധികാരം പ്രയോഗിച്ചത്. അദ്ദേഹത്തെ തടഞ്ഞു നിറുത്തുവാൻ വരാപ്പുഴ മെത്രാസനത്തിനു കഴിഞ്ഞില്ല. 154 പള്ളികളിൽ 86എണ്ണം പൂർണ്ണമായും 30ഓളം പള്ളികൾ ഭാഗികമായും റോക്കോസിന്റെ പക്ഷം ചേർന്നു. ബാക്കി 38 പള്ളികൾ മാത്രമാണ് വരാപ്പുഴ മെത്രാപ്പോലീത്തായുടെ കീഴിൽ ഉറച്ചു നിന്നത്. ചാവറയച്ചൻ രംഗത്തിനറങ്ങി. മലങ്കര സഭയെ ഒന്നടങ്കം ഗ്രസിക്കാൻ വന്നിരിക്കുന്ന ശീശ്മയായ ചെന്നായോടുള്ള എതിർപ്പിൽ രക്തസാക്ഷ്യം വരിക്കാൻ പോലും തയ്യാറാകണമെന്നത്രേ ചാവറയച്ചൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചത്.

മുപ്പത്തിഒന്ന്

# മെത്രാൻ സ്ഥാനം.

അന്ന് ജനങ്ങൾ ഏറ്റവും ആദരിക്കുകയും വിലമതിക്കയും ചെയ്തിരുന്ന ചാവറയച്ചനെ തന്റെ പക്ഷത്താക്കിയാൽ മലങ്കര സഭയുടെ മുഴുവൻ അധികാരം കയ്യടക്കാമെന്നുള്ള ചിന്ത റോക്കോസ് മെത്രാനുണ്ടായി. ചാവറയച്ചനെ പാട്ടിലാക്കാൻ ഇണങ്ങിയും പിണങ്ങിയും പലവട്ടം പരിശ്രമങ്ങൾ ചെയ്തു. അവസാനം ഒരുദൂതൻവഴി മെത്രാൻ പട്ടം ചാവറയച്ചനു നൽകാമെന്നുവരെ റോക്കോസ് അറിയിച്ചു. അതിന്നു ചാവറയച്ചൻ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. " മെത്രാൻ പട്ടം കിട്ടണമെന്നില്ല! രക്ഷപ്പെടണമെന്നുമാത്രം'

മുപ്പത്തിരണ്ട്

## ധീരത

തോമസ് റോക്കോസ് മെത്രാൻ തൈക്കാട്ടുശ്ശേരി പള്ളിയിൽ താമസിച്ചു. വലിയ ഒരു വിഭാഗമാളുകൾ തന്റെ പിന്തുണയ്ക്കുണ്ട് എന്നു മനസ്സിലാക്കിയപ്പോൾ അദ്ദേഹം ചാവറയച്ചനോടും അനുയായികളോടും നേരിട്ടെതിർക്കുവാൻ ആലോചിച്ചു. ജനങ്ങളുടെ സംഭാവന കൊണ്ടാണ് കൊവേന്തകൾ പണുതിട്ടുള്ളത്. അതിനാൽ അവ പൊതു സ്വത്താണ് എന്നു പറഞ്ഞ് കയ്യേറാമെന്ന് റോക്കോസും കൂട്ടരും കരുതി. തൈക്കാട്ടുശ്ശേരി പള്ളിയിൽ വച്ച് ചേർന്ന യോഗത്തിന്റെ തീരുമാനം മാന്നാനം ഏൽത്തുരുത്ത് എന്നീ കൊവേന്തകൾ കൈവശപ്പെടുത്തിക്കൊണ്ട് റോക്കോസ് മെത്രാനെ തെക്ക് മാന്നാനത്തും, വടക്ക് എൽത്തുരുത്തിലും മാറി മാറി താമസിപ്പിക്കണം എന്നായിരുന്നു. ഇതറിഞ്ഞ് മാന്നാനം ആശ്രമവാസികളും നാട്ടുകാരും പര്യാകുലരായി. ചാവറയച്ചനും തെല്ല് ദു:ഖിതനായെങ്കിലും തന്റെ കൂടെയുള്ളവരെ ആശ്വസിപ്പിക്കേണ്ടത് തന്റെ കടമയാണെന്നുറച്ച് അവർക്ക് ആശ്വാസവും ധൈര്യവും പകർന്നുകൊടുത്തു. ദൈവപരിപാലനയ്ക്കായി സർവ്വതും സമർപ്പിക്കണം എന്ന് കൂട്ടുകാരയെല്ലാം ചാവറയച്ചൻ ഉദ്ബോധിപ്പിച്ചു.

മുപ്പത്തിമൂന്ന്

## സമരസാരഥി.

റോക്കോസ് മെത്രാൻ അഴിച്ചുവിട്ട ശീശ്മയുടെ കൊടുങ്കാറ്റ് വരാപ്പുഴ മെത്രാസനവൃത്തങ്ങളിൽ ആശങ്കയും അമ്പരപ്പും ഉളവാക്കി. സ്വന്തറീത്തിൽ ഒരു മെത്രാനെ കിട്ടുവാനുള്ള അഭിവാഞ്ചയാണ് റോക്കോസിനെ പിന്തുണയ്ക്കാൻ സുറിയാനികത്തോലിക്കരെ പ്രേരിപ്പിച്ചത് എന്ന് വരാപ്പുഴ മെത്രാൻ മനസ്സിലാക്കി. ചാവറകുറിയാക്കോ

സച്ചനെ മെത്രാനാക്കുവാനുള്ള നിർദ്ദേശം പരിശുദ്ധ സിംഹാസനത്തിന് അയയ്ക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. സുറിയാനിക്കാരുടെ ആധ്യാത്മിക ഭാഗധേയ വിധാതാവായി ചാവറയച്ചനെപ്പോലെ പണ്ഡിതനും പക്വമതിയും സുസമ്മതനുമായ മറ്റൊരാൾ ഇല്ലെന്നു എല്ലാവർക്കും ബോധ്യമായിരുന്നു. പക്ഷെ മെത്രാൻ സ്ഥാനം സ്വീകരിക്കുവാൻ വിനീതനായ ചാവറയച്ചൻ സമ്മതിച്ചില്ല.തന്മൂലം മെത്രാപ്പോലീത്താ ചാവറയച്ചനെ സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ച് നർബന്ധപൂർവ്വം കല്പന നൽകി. എഴുത്തിൽ ഇങ്ങനെ കാണിച്ചിരുന്നു...."വേണ്ടുന്ന സ്ഥൈര്യവും മിടുക്കും ബോധജ്ഞാനവും പുണ്യവ്യാപാരവും കുറിയാക്കോസച്ചനുണ്ടെന്നു നാം ബോധിച്ച് നമ്മുടെ കീഴ് മലയാളത്തിലുള്ള സുറിയാനിപ്പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടേയും അൽമേനികളുടെയും ആത്മപരിപാലനം നടത്തി അവരെ ഭരിക്കുന്നതിന് വികാരിജനറാളായിട്ടു തന്നെ നാം കല്പിച്ചു ശുദ്ധപള്ളിആകമാനമായിട്ടു അനുവദിച്ചിട്ടുള്ളതു കൂടാതെ പ്രത്യേകമായിട്ടുള്ളതിൽ തനിക്കു നാം എഴുത്താലെ തരുന്ന ക്രമക്കടലാസിൽ പറയുന്ന അനുവാദങ്ങളും മുഷ്ക്കരത്തങ്ങളും കൂടെ തനിക്കു നാം തന്നിരിക്കുന്നു."

സുറിയാനി ക്രിസ്ത്യാനികളുടെ വികാരിജനറാൾ എന്ന പദവി സ്വീകരിച്ചശേഷം ശീശ്മക്കെതിരേ വർദ്ധിതവീര്യത്തോടെ ചാവറയച്ചൻ പോരാടി. ചാവറയച്ചന്റെ പുതിയ അധികാര ലബ്ദിയിൽ ജനങ്ങൾ ആഹ്ളാദിക്കുകയും സാരഥിയായ അദ്ദേഹത്തോടൊത്ത് സമരം ചെയ്യുവാൻ മുന്നോട്ടു വരികയും ചെയ്തു.

**മുപ്പത്തിനാല്**

# മേലധികാരിയുടെ സാക്ഷ്യപത്രം.

വരാപ്പുഴ മെത്രാപ്പോലീത്താ ബർണ്ണർദീനോസ് ദെസാന്തത്രേസ്യാ ചാവറയച്ചനെ വികാരിജനറാളായി നിയമിച്ചശേഷം 1861ജൂൺ15ന്

റോമിലെ പ്രോപ്പഗാന്ത തിരുസംഘത്തിന്റെ പ്രീഫെക്ടിന് എഴുതിയ കത്തിൽ ചാവറയച്ചനെക്കുറിച്ച് അദ്ദേഹത്തിനുള്ള അഭിപ്രായം വെളിപ്പെടുന്നുണ്ട്.

" സന്യാസ വൈദികരിൽ ഏറ്റവും പ്രമുഖനും മാതൃഭവനമായ മാന്നാനത്തേയും മറ്റുകൊവേന്തകളുടെയും പ്രിയോരും മൂന്നാംസഭ മുഴുവന്റെയും പൊതുശ്രേഷ്ഠനും തലവനുമായ ആവന്ദ്യദേഹത്തെ എന്റെ സഹമിഷനറിമാരുടെ ഉപദേശം ആരാഞ്ഞശേഷം സുറിയാനിക്കാർക്കായുള്ള വികാരിജനറാളായി ഞാൻ നിയമിച്ച വസ്തുത അവിടെ അറിയിച്ചിട്ടുള്ളതാണല്ലോ. സാക്ഷാത്തായ ക്രൈസ്തവ ചൈതന്യമുള്ളവനും സുകൃതസമ്പന്നനും ഏറ്റവും വിവേകമതിയും വേദപുസ്തക വിജ്ഞാനത്തിൽ അഗാധ പണ്ഡിതനും മികച്ച സുറിയാനി ഭാഷാ വിശാരദനുമാണ് അദ്ദേഹം. ഭിന്നതയും കലാപവും ഉണ്ടാക്കിയവനും ബാഗ്ദാദിൽ നിന്നുവന്ന നുഴഞ്ഞുകയറ്റക്കാരനും അയാളുടെ പിണിയാളുകളും ഉൾപ്പെടെ എല്ലാവരും സകല തന്ത്രങ്ങളും, മെത്രാനാക്കാമെന്നുള്ള പ്രലോഭനവും കൊണ്ട് അദ്ദേഹത്തെ വശീകരിക്കാൻ ശ്രമിച്ചു. എന്നിട്ടും കത്തോലിക്കാ വിശ്വാസത്തോടും പരി. സിംഹാസനത്തോടും തൽപ്രതിനിധികളോടുമുള്ള അചഞ്ചലമായ ഭക്തിയിലും വിശ്വസ്തതയിലും അദ്ദേഹം ഉറച്ചുനിന്നു പ്രവർത്തിക്കുകയാണ് ചെയ്തത്.

ഭിന്നമതക്കാരുടെ പക്ഷത്തേയ്ക്ക് അദ്ദേഹം കൂടി ചേർന്നിരുന്നുവെങ്കിൽ എല്ലാവരും ഒന്നടങ്കം അദ്ദേഹത്തെ പിഞ്ചെല്ലുമായിരുന്നു. ഏറെ വലിയ മതിപ്പും ബഹുമാനവുമാണ് അദ്ദേഹം ആർജ്ജിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്വാധീനശക്തിയും അപാരമാണ്. പരിശുദ്ധ സിംഹാസനത്തിനു സമുചിതമെന്നും സൗകര്യപ്രദമെന്നും തോന്നുന്നപക്ഷം അദ്ദേഹത്തെ സഹായമെത്രാനായി അഭിഷേകം ചെയ്യണമെന്നാതാണ് എന്റെ ആഗ്രഹവും അഭ്യർത്ഥനയും.

തീർച്ചയായും കൽദായ പാത്രീയർക്കീസിനെക്കാളും മെച്ചപ്പെട്ട ഫലങ്ങൾ അദ്ദേഹത്തിനു പുറപ്പെടുവിക്കാൻ കഴിയും അത്രയ്ക്കു നല്ലവനും വിവേകശാലിയും, വിനയവിധേയനും പ്രസംഗത്തിലും പരസ്നേഹകൃത്യങ്ങളിലും തീക്ഷ്ണതയുള്ളവനുമാണ്.എങ്കിലും ഒരു കാര്യം കൂടി എടുത്തു പറയേണ്ടതുണ്ട് അമലോത്ഭവ മറിയത്തിന്റെ

മുന്നാം സഭക്കാരുടെ പൊതുശ്രേഷ്ഠനായ ചാവറകുറിയാക്കോസ് ഏലിയാ എന്ന മേല്പറഞ്ഞ ദേഹം എളിമയ്ക്കടുത്ത വ്രതം ചെയ്തിട്ടുള്ള ആളാണ്. അങ്ങനെ ഒരു വാഗ്ദാനം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽപ്പോലും പ്രത്യേകമായ ഒരു കല്പന കൂടാതെ ഈദൃശമായ ഒരു പദവിയോ സ്ഥാനമോ അദ്ദേഹം സ്വീകരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തെ വികാരിജനറാളായി നിയമിച്ചപ്പോൾത്തന്നെ ആസ്ഥാനം സ്വീകരിക്കുന്നതിന് പ്രത്യേകമായ ഒരു നിർബന്ധ കല്പന കൂടി എനിക്കു കൊടുക്കേണ്ടതായി വന്നു."

പിന്നീടു കൂടിയ കർദ്ദിനാൾ തിരുസംഘം ഈ കത്തു പരിഗണിക്കുകയും ചാവറകുറിയാക്കോസ് ഏലിയാസച്ചനെ സഹായമെത്രാനായി അഭിഷേകം ചെയ്യുന്നതിന് ഏകകണ്ഠമായി തീരുമാനമെടുക്കുകയും ചെയ്തു. ദൈവപരിപാലന മറ്റൊരു വിധത്തിലാകയാൽ ആ തീരുമാനം ഫലത്തിൽ നടപ്പായില്ല. ഏതായാലും, മേലധികാരികൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന മതിപ്പും വിശ്വാസവും എത്ര ആഴമേറിയിരുന്നതാണ് എന്ന് ഈ കത്തും അനന്തര സംഭവവും തെളിയിക്കുന്നുണ്ട്.

**മുപ്പത്തിഅഞ്ച്**

# സത്യാന്വേഷി.

സത്യം മുൻനിറുത്തി എല്ലാകാര്യങ്ങളും പ്രവർത്തിക്കുവാൻ ചാവറയച്ചൻ ഉത്സുകനായിരുന്നു. തിരുസഭയുടെ തലവനായ പരി. മാർപ്പാപ്പായുടെ അനുവാദത്തോടും ആശീർവാദത്തോടും കൂടിയാണോ റോക്കോസ് മെത്രാൻ മലയാളക്കരയിൽ പ്രവേശിച്ചത് എന്നു വസ്തുനിഷ്ഠമായി അറിയുവാൻ സുറിയാനിക്കത്തോലിക്കരുടെ മുഴുവനും വികാരിജനറാൾ ആയിരുന്ന ചാവറകുറിയാക്കോസച്ചൻ ആഗ്രഹിച്ചു. 1861ജൂൺ 19-തീയതി ഒൻപതാം പിയൂസ് മാർപ്പാപ്പായ്ക്ക് ചാവറയച്ചൻ ഒരു കത്തയച്ചു. റോക്കോസ് കേരളത്തിൽ പ്രവേശിച്ചത് തിരുസിംഹാസനത്തിന്റെ അനുമതിയോടും അംഗീകാരത്തോടും കൂടിയാണോ

എന്ന കാര്യം അറിയിക്കണമെന്ന് ആയിരുന്നു എഴുത്തിന്റെ ഉള്ളടക്കം. അതേവർഷം ഒക്ടോബർ 7-ാംതീയതി ചാവറയച്ചന്റെ കത്തു കിട്ടിയതായും നിയമാനുസൃതം അയയ്ക്കപ്പെട്ട ആളല്ല റോക്കോസ് എന്നും, പരിശുദ്ധ പിതാവിന്റെ വിശദമായകത്ത് താമസംവിനാ വരുന്നതാണെന്നും കാണിച്ച് റോമിലെ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അധ്യക്ഷൻ ഒരു മറുപടി നൽകി. തുടർന്ന് ഒക്ടോബർ 30-ാം തീയതി ഒൻപതാം പിയൂസ് മാർപ്പാപ്പായുടെ വിശദമായ കത്ത് ചാവറയച്ചനു കിട്ടി. അതിൽ റോക്കോസ് മെത്രാൻ തിരുസഭയ്ക്കടുത്ത അധികാരമില്ലാത്തവനും ക്രമവിരോധമായി പാത്രീയർക്കീസിനാൽ നിയമിക്കപ്പെട്ടവനും പള്ളിക്കടുത്ത മഹറോൻ ശിക്ഷയിൽ വീണവനും ആണെന്നു വ്യക്തമാക്കിയിരുന്നു."

**മുപ്പത്തിആറ്**

# സമാദരണീയൻ

റോക്കോസ് മെത്രാൻ കേരളത്തിൽ പ്രവേശിച്ചിട്ടുള്ളത് നിയമാനുസൃതം ആയിരുന്നില്ലെന്ന് കത്തോലിക്കാ സഭയുടെ പരമാധികാരിയായ മാർപ്പാപ്പായിൽ നിന്നുള്ള സാക്ഷ്യം ലഭിച്ചു. റോക്കോസിനോട് തിരിയെ ബാബേലിലേയ്ക്ക് ചെല്ലുവാൻ അദ്ദേഹത്തിന്റെ മേലധികാരിയായ പാർത്രിയാക്കീസും കല്പന കൊടുത്തു. അതെല്ലാം പുച്ഛിച്ചുതള്ളിക്കൊണ്ട് അനുയായികളുടെ സഹായത്തോടെ മലയാളക്കരയിലെ പള്ളികളിൽ അധികാരം സ്ഥാപിക്കുവാനാണ് റോക്കോസ് മെത്രാൻ പിന്നീടും തയ്യാറായത്. റോക്കോസിന്റെ സന്ദർശനം കൊണ്ട്, പലസ്ഥലങ്ങളിലും കലാപങ്ങൾ ഉണ്ടായി. ഈകാര്യം കാണിച്ച് ചാവറകുറിയാക്കോസച്ചൻ കോട്ടയം പേഷ്ക്കാർ ശങ്കുണ്ണിമേനോന് ഒരു ഹർജി കൊടുത്തു. പരമ സാത്വികനും സത്യസന്ധനും സുറിയാനി കത്തോലിക്കാ വിഭാഗത്തിന്റെ അനിഷേധ്യ നേതാവുമായിട്ടുള്ള ചാവറയച്ചന്റെ അപേക്ഷ അതീവം ബഹുമാന

ത്തോടെയാണ് പേഷ്ക്കാർ സ്വീകരിച്ചത്. അന്ന് അക്രൈസ്തവരുടെ ഇടയിൽപ്പോലും അത്യധികം ബഹുമാനാദരവുകൾക്ക് ചാവറയച്ചൻ അർഹനായിക്കഴിഞ്ഞിരുന്നു.കോട്ടയം പേഷ്ക്കാരുടെ നിരോധനാജ്ഞ മൂലം റോക്കോസ് മെത്രാന്റെ ജൈത്രയാത്രയ്ക്ക് വിഘാതം നേരിട്ടു.

**മുപ്പത്തിഏഴ്**

# ശത്രുസ്നേഹം

റോക്കോസ് മെത്രാൻ അനധികൃതമായിട്ടാണ് മലയാളക്കരയിൽ എത്തിയതെന്ന് പരസ്യമായി. സഭാധികാരികളിൽനിന്നും തിരുവിതാംകൂർ കൊച്ചി ഭരണകൂടങ്ങളിൽ നിന്നും റോക്കോസിനെതിരേ വിധികളുണ്ടായി. സ്വദേശത്തേയ്ക്കു മടങ്ങാൻ ആഗ്രഹിച്ച അദ്ദേഹത്തിന് അതിനുള്ള ദ്രവ്യം ഇല്ലാതെയുമിരുന്നു. അപ്പോഴും വാശിയോടെ റോക്കോസ് മെത്രാന്റെ പക്ഷം പിടിച്ചിരുന്ന ചിലർ ഉണ്ടായിരുന്നു. നാടുവിട്ട് തങ്ങളുടെ മെത്രാൻ പോകുന്നത് തങ്ങൾക്ക് അപമാനകരമായി അവർ കരുതി. നാട്ടിൽത്തന്നെ അദ്ദേഹം താമസിക്കുവാൻ അവർ രാപകൽ അദ്ദേഹത്തിനു കാവലിരിക്കയും ചെയ്തു.

മാനസികമായും മറ്റ് എല്ലാവിധത്തിലും തകർന്ന റോക്കോസ് അവസാനം ചാവറയച്ചനുമായി ഒരു കൂടിക്കാഴ്ചയ്ക്ക് അപേക്ഷിച്ചു. അദ്ദേഹം തെറ്റുകളെല്ലാം ഏറ്റുപറഞ്ഞു. വഴിച്ചിലവ് കൊടുത്താൽ ബാബേലിലേയ്ക്ക് മടങ്ങിപ്പൊയ്ക്കൊള്ളാമെന്നും കൊച്ചീക്കോട്ടയിൽ വച്ച് കൂടിക്കാഴ്ചക്കെത്തിയ ചാവറയച്ചനെ ധരിപ്പിച്ചു.

യാത്രച്ചിലവിനുള്ള പണം വരാപ്പുഴ മെത്രാപ്പോലീത്തായിൽ നിന്ന് വാങ്ങി ചാവറയച്ചൻ റോക്കോസിനു നൽകി. അദ്ദേഹത്തെ തടഞ്ഞു

വച്ചിരുന്നവരിൽ നിന്ന് ഉപായത്തിൽ സ്വതന്ത്രനാക്കി അവരറിയാതെ കപ്പൽ കയറ്റി വിടുകയും ചെയ്തു. തിരുസ്സഭയുടെ ഔദ്യോഗിക പഠനങ്ങളെ നിഷേധിക്കുന്ന അബദ്ധ സംഹിതകളെ നഖശിഖാന്തം എതിർത്ത ചാവറയച്ചൻ വ്യക്തികളോട് യാതൊരു വിദ്വേഷവും പുലർത്തിയില്ല.

**മുപ്പത്തിഎട്ട്**

# കാരുണ്യം

മാന്നാനം സെമിനാരിയിൽ വച്ച് ചാവറയച്ചനുമായി പിണങ്ങിപ്പിരിഞ്ഞ തൊണ്ടനാട്ട് അന്തോണിശെമ്മാശൻ പിന്നീട് കുർദ്ദിസ്ഥാനിലെ (ബാബേൽ) നെസ്തോറിയൻ മെത്രാനിൽ നിന്ന് മെത്രാൻ പട്ടം സ്വീകരിച്ചു. അബ്ദീശോ മെത്രാൻ എന്ന പേരിൽ മലയാളക്കരയിൽ തിരിച്ചെത്തിയ തൊണ്ടനാട്ടു അന്തോണിക്കത്തനാർ ചാവറയച്ചന്റെ സഹകരണം തേടി.1863 അന്ത്യത്തിലായിരുന്നു ഈ സംഭവം. മാർപ്പാപ്പയ്ക്ക് അധീനതയിൽ വരാത്ത നെസ്തോറിയൻ മെത്രാനിൽ നിന്നുള്ള ക്ഷണം ചാവറയച്ചൻ നിരാകരിച്ചു. സഭയിൽ പിളർപ്പുണ്ടാക്കുന്ന അബ്ദീശോമെത്രാനെ ആരും പിന്തുടരരുതെന്ന് പരസ്യ കല്പനയും നൽകി. തൊണ്ടനാട്ടച്ചന്റെ ശ്രമം ഫലവത്തായില്ല. ഒടുവിൽ എല്ലാവരാലും തിരസ്ക്കരിക്കപ്പെട്ട അദ്ദേഹം ചാവറയച്ചന്റെ സഹായം അപേക്ഷിച്ച് മാപ്പുപറഞ്ഞു. മാന്നാനം ആശ്രമത്തിൽപ്പോയി ധ്യാനവും കുമ്പസാരം നടത്തി സമാധാനമായിരിക്കുക എന്ന് ചാവറയച്ചൻ അദ്ദേഹത്തിന് സാന്ത്വനം നൽകി.

ചാവറയച്ചൻ അനുകമ്പയോടെ നൽകിയ സഹായത്തിന് നന്ദി പറഞ്ഞു കൊണ്ട് 1865 ഫെബ്രുവരി11ന് തൊണ്ടനാട്ടച്ചൻ എഴുതിയ

കത്തിലെ ചിലഭാഗങ്ങൾ ഉദ്ധരിക്കാം.

'എന്റെമേൽ ദയവുവച്ച് കൊടുത്തയച്ച മറുപടികിട്ടി. എന്റെ ജ്ഞാനപിതാവേ, ഈ മറുപടി കിട്ടുന്നതുവരെ പല ചിന്തകളിൽ ഞാനുൾപ്പെട്ട് വ്യസനിച്ചതെന്യേ, ഒരു സുഖവും എനിക്കുണ്ടായതുമില്ല. എന്നാൽ, എന്റെ പിതാവ് യോഗ്യനല്ലാത്തവൻ ഞാനെങ്കിലും എന്റെമേൽ അനുഗ്രഹിച്ചു. ആഅനുഗ്രഹം എന്റെ ബലക്ഷയത്തിന്മേൽ ഉണ്ടായി ഇനി അവിടുത്തെ ചിത്തത്തിൻപടി എന്നിയേ, യാതൊരു ലാക്കും എനിക്കില്ല. ദൈവംസാക്ഷി."

### മുപ്പത്തിഒൻപത്

## ഇടവകധ്യാനം.

സന്യാസികളും വൈദികരും എന്നതുപോലെ അൽമായരും ധ്യാനിക്കണം എന്ന ആദർശം ചാവറയച്ചനുണ്ടായിരുന്നു. അതിനായി പല പദ്ധതികളും ആ സമുദായോദ്ധാരകൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. അവയിൽ പ്രധാനപ്പെട്ടതാണ് ഇടവകകളിലെ വാർഷിക പൊതുധ്യാനപരിപാടി. സന്യാസസഭയിലെ നാലും അഞ്ചും വൈദികർ ചേർന്ന് ഓരോ ഇടവകയിൽച്ചെന്ന് ആധ്യാത്മ നവീകരണത്തിനായി പ്രസംഗയജ്ഞവും പാപസങ്കീർത്തനവും മറ്റു പ്രാർത്ഥനാസംരംഭങ്ങളും നടത്തി. ഇത് ഇടവകകളിൽ ആത്മീയമായ നവചൈതന്യം വളർത്തി. കർമ്മലീത്താ വൈദികരായ ധ്യാനഗുരുക്കൻമാരുടെ ഹൃദയദ്രവീകരണ സമർത്ഥമായ ഈ ആത്മീയോദ്ബോധന തീവ്രയജ്ഞ പരിപാടി ജീവിത നവീകരണത്തിന്റെയും ആധ്യാത്മിക പുനരുജ്ജീവനത്തിന്റെയും കരുത്തുറ്റ കാഹളനാദമായി വളരെക്കാലത്തേയക്കു മുഴങ്ങിക്കൊണ്ടിരുന്നു.

നാൽപത്

## നിത്യാരാധന

മാന്നാനത്ത് ആദ്യമായി മുദ്രണാലയം സ്ഥാപിച്ചത് ചാവറയച്ച നാണ്. ക്രിസ്തീയ ജീവിതപരിപോഷണത്തിനുതകുന്ന നല്ല പുസ്തകങ്ങൾ മലയാളത്തിലുണ്ടാകണമെന്ന വാഞ്ഛയാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നത്. മാന്നാനം പ്രസ്സിൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയ ജ്ഞാനപീയൂഷവും ദിവ്യമാതൃകയുമാണ് ആദ്യഗ്രന്ഥങ്ങൾ. ദിവ്യമാതൃകയുടെ രചയിതാവ് ചാവറയച്ചൻ തന്നെആയിരുന്നു. തുടർന്ന് അദ്ദേഹം തന്നെ എഴുതിയ 'ജ്ഞാനപ്രജാഗരകം' 'ഗൃഹസ്ഥധർമ്മോദയം' ജ്ഞാനനവരത്നം' തുടങ്ങിയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു. ജനങ്ങളുടെ ആധ്യാത്മിക ജീവിതത്തിനു വളരെയേറെ പ്രചോദനം നൽകിയിട്ടുള്ള ഒരു ഗ്രന്ഥമാണ് നിത്യാരാധന. ഇത് പ്രാർത്ഥനയ്ക്കു പുറമേ ഒരു മതവിജ്ഞാനീയ ഗ്രന്ഥം കൂടിയാണ്. കഴിഞ്ഞ മുപ്പത്തിയഞ്ചു പതിപ്പുകളിലായി ഒരു ലക്ഷത്തിനാല്പതിനായിരം കോപ്പികൾ നിത്യാരാധനയ്ക്ക് ഉണ്ടായിട്ടുണ്ട്. ചാവറയച്ചൻ തന്നെ എഴുതിയിട്ടുള്ള വണക്കമാസഗ്രന്ഥങ്ങൾ, പതിനേഴു പതിപ്പുകളിലായി ഒന്നരലക്ഷം കോപ്പികൾ വിറ്റഴിഞ്ഞ നല്ല അപ്പന്റെ ചാവരുകൾ , ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള് പാന, അനസ്താസ്യായുടെ രക്തസാക്ഷ്യം തുടങ്ങിയ കാവ്യ കൃതികൾ എന്നിവയെല്ലാം ചാവറയച്ചന്റെ അതുല്യ പ്രതിഭയുടെ ശാശ്വതപ്രഭാകിരണങ്ങളാണ്.

നാല്പത്തിഒന്ന്

## വിദ്യാലയങ്ങൾ.

ഏതൊരു സമുദായത്തിന്റെയും വളർച്ച വിദ്യാഭ്യാസത്തിലൂടെയാണ് സാധിക്കുന്നത്. കേരള ക്രൈസ്തവർ വിദ്യാഭ്യാസ രംഗത്ത് ഇന്നു മുൻപന്തിയിലാണെങ്കിൽ അതിന്റെ പിന്നിൽ ചാവറ

യച്ചന്റെ ക്രാന്തദർശിത്വം ഉണ്ടായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ചാവറയച്ചൻ വികാരിജനറാളായിരുന്ന കാലത്ത് ബർണ്ണദീനോസ് മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും അയച്ച ഒരു സർക്കുലർ ചരിത്രപ്രധാനമാണ്. ഓരോ പള്ളിയോടും അനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നും അതിനു അമാന്തം വരുത്തിയാൽ പ്രസ്തുത പള്ളികൾക്ക് മുടക്കു കൽപിക്കുമെന്നുമായിരുന്നു കല്പന. ഇതിനു പ്രചോദനം നൽകിയത് ചാവറയച്ചനല്ലാതെ മറ്റാരുമായിരുന്നില്ല, മാന്നാനത്തും ആർപ്പൂക്കരയിലും, എടത്വായിലും, പുളിങ്കുന്നിലും, മാതൃകാ വിദ്യാലയങ്ങൾ ആരംഭിച്ച ചാവറയച്ചന് മലങ്കര സഭ വകയായി ഒരു കലാശാല സ്ഥാപിക്കണമെന്നും ലക്ഷ്യമുണ്ടായിരുന്നു. സാഹചര്യങ്ങളുടെ പ്രാതികൂല്യവും വിദേശഭരണാധികാരികളുടെ വിരുദ്ധമായ നിലപാടും മൂലം ഈ ലക്ഷ്യം സാധ്യമായില്ല.

**നാൽപത്തിരണ്ട്**

# സാധുജനസേവനം.

അഗതികൾ അധ:സ്ഥിതരല്ല ദൈവമക്കളാണ്. സഭയുടെ വളർച്ച അനാഥ പരിപാലനത്തിലൂടെയാണ് എന്ന് ചാവറയച്ചൻ അടിയുറച്ചു വിശ്വസിച്ചു. അക്കാലത്ത് അസ്പൃശ്യതയുടെ പേരിൽ പിന്നോക്ക വർഗ്ഗക്കാരെ പൊതു വിദ്യാഭ്യാസ മേഖലയിൽ നിന്നു ബഹുദൂരം അകറ്റിനിർത്തിയിരുന്നു. വിദ്യകൊണ്ട് അവരെ പ്രബുദ്ധരാക്കണം എന്നു വിശ്വസിച്ച ചാവറയച്ചൻ മാന്നാനത്തും ആർപ്പൂക്കരയിലും ഓരോ വിദ്യാലയങ്ങൾ സ്ഥാപിച്ചു. തുടർന്ന് എടത്വാ, പുളിങ്കുന്ന്, കൈനകരി തുടങ്ങിയ സ്ഥലങ്ങളിലും പിന്നോക്ക വിഭാഗങ്ങൾക്കു പ്രവേശനം അനുവദിക്കുന്ന വിദ്യാലയങ്ങൾ സ്ഥാപിച്ചു.

അധഃകൃതരായ വിദ്യാർത്ഥികൾക്കു ഭക്ഷണം,വസ്ത്രം , പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുന്നതിനും അദ്ദേഹം ഏർപ്പാടുചെയ്തു. ജനങ്ങളുടെ സംഭാവനയും പിടിയിരിപിരിവും ആണ് ഈ വക കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ഇടയാക്കിയത്.

## നാല്പത്തിമൂന്ന്

# സന്യാസി നീ സഭ.

ചാവറ കുറിയാക്കോസച്ചനാണ് സി.എം. സി. സന്യാസിനി സഭയുടെ സ്ഥാപകൻ. ഇതിന്റെ ആരംഭത്തിന് ലെയോപോൾദ് മിഷനറിയുടെ ഉപദേശവും സഹായവും ഉണ്ടായി. അടുത്തകാലത്ത് കണ്ടെടുത്ത ലെയോപോൾദ് മിഷനറിയുടെ ഡയറിയിൽ ചാവറയച്ചനെക്കുറിച്ച് കൊടുത്തിട്ടുള്ള വിവരണത്തിൽ ചാവറയച്ചനാണ്സി.എം.സി. സന്യാസിനി സമൂഹത്തിന്റെ സമാരംഭകൻ എന്ന് വ്യക്തമാക്കിയിട്ടുള്ളതായി കാണുന്നുണ്ട്.1889 ഫെബ്രുവരി 13-ാം തീയതി. ആ വിലായിലെ വി. ത്രേസ്യായുടെ നാമത്തിൽ കൂനമ്മാവു കർമ്മലീത്താ മഠം ഉദ്ഘാടനം ചെയ്യപ്പെട്ടു. സ്ഥലം ദാനം ചെയ്ത വിധവ വാകയിൽ ഏലീശ്വ, പുത്രി അന്ന, സഹോദരിക്ലാര, വൈക്കം പുത്തനങ്ങാടി ഏലീശ്വാ എന്നിവരായിരുന്നു ആദ്യത്തെ സന്യാസാർത്ഥിനികൾ. മഠം തുടങ്ങിയ അവസരത്തിൽ ഇതിനായി പതിനെട്ടു രൂപാമാത്രമേ ചാവറയച്ചന്റെ പക്കലുണ്ടായിരുന്നുള്ളൂ. എങ്കിലും ദൈവ പരിപാലനയിൽ ആശ്രയിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ടുപോയി. തുടങ്ങി പത്തുമാസത്തിനുള്ളിൽ താൽക്കാലിക കെട്ടിടത്തിനു പകരം ബലിഷ്ഠമായ ഒരു കെട്ടിടം പണിയുന്നതിനു മതിയായതുക- എണ്ണായിരം രൂപാ- സംഭാവനയായി ലഭിച്ചു. ഇന്ന് ഭാരതത്തിലെ സന്യാസിനി സമൂഹങ്ങളിൽ പ്രഥമ സ്ഥാനത്തിനർഹമായ സി.എം. സി സഭയുടെ വളർച്ച സുവിശേഷത്തിലെ കടുകുമണിയുടെ രൂപാന്തരം പോലെ അത്ഭുതാവഹമാണ്.

നാൽപത്തിനാല്

## അനുകരണയോഗ്യൻ.

ചാവറഅച്ചനുമായി സമ്പർക്കം പുലർത്തിയ എല്ലാവരും തന്നെ അദ്ദേഹത്തിന്റെ അനിതരസാധാരണമായ പുണ്യ പരിപാകത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. ബർണദീനോസ് മെത്രാപ്പോലീത്താ അനുകരണയോഗ്യനായ ഒരു സുകൃതാത്മാവായിട്ടാണ് ചാവറയച്ചനെ മിഷനറിമാർക്കു പരിചയപ്പെടുത്തിയത്. മറ്റുള്ളവർക്ക് പ്രവേശനം നിഷേധിച്ചിരുന്ന തന്റെ രോഗശയ്യയിൽപ്പോലും ചാവറയച്ചന് മെത്രാപ്പോലീത്താ സന്ദർശാനുമതി നൽകിയിരുന്നു.

നാൽപത്തിഅഞ്ച്

## മാന്നാനത്തുണ്ടായ പുഷ്പം.

മാന്നാനത്ത് സന്യാസക്രമങ്ങൾ പഠിപ്പിക്കുകയും പിൽക്കാലത്ത് വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്താ ആകുകയും ചെയ്ത മർസലീനോസ് മിഷനറി ചാവറയച്ചനെ അങ്ങേയറ്റം ആദരിച്ചിരുന്നു.'മാന്നാനത്തിലുണ്ടായ പുഷ്പം' എന്നാണ് അദ്ദേഹം ചാവറയച്ചനെ വിശേഷിപ്പിക്കുന്നത്. മർസലീനോസ് മെത്രാപ്പോലീത്താ ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യയുടെ ഒരു ജീവചരിത്രം അച്ചടിച്ചു പ്രസിദ്ധം ചെയ്തു. ആ കൃതി പ്രശംസാപരമായ ഒരു ആമുഖത്തോടുകൂടി ചാവറപ്പിതാവിനാണ് അദ്ദേഹം സമർപ്പണം ചെയ്തിട്ടുള്ളത്. ചാവറയച്ചന്റെ സന്തത സഹചാരിയും ആത്മനിയന്താവുമായ ലെയോപോൾദ് മിഷനറിക്കും അദ്ദേഹത്തിന്റെ അനുജൻ ജരാർദ് പാതിരിക്കും ചാവറയച്ചന്റെ ജീവിത വിശുദ്ധിയേയും അർപ്പണ ബോധത്തെയും പറ്റി ആഴമേറിയ മതിപ്പും ബഹുമാനവും ആണ് ഉണ്ടായിരുന്നത്.



നാൽപത്തിആറ്

## ദൈവികമനുഷ്യൻ

ദീർഘകാലം ചാവറയച്ചനോടു കൂടി താമസിച്ച ബഹുമാനപ്പെട്ട ലൂയീസച്ചൻ അദ്ദേഹത്തിന്റെ തപോജീവിതത്തെക്കുറിച്ച് വലിയ ആദരവോടെയാണ് എഴുതിയിട്ടുള്ളത്.സന്യാസ വൈദികർ മാത്രമല്ല ഇടവക വൈദികരും ചാവറപ്പിതാവിനെ അത്യന്തം ബഹുമാനിച്ചിരുന്നു.'ചാവറയച്ചൻ എന്നുകേട്ടാൽ സുറിയാനിക്കാരായ വൈദികർക്ക് ഒരു ദേവനെപ്പോലെ വണക്കമുണ്ടായിരുന്നു' എന്നാണ് ലൂയീസച്ചൻ തന്റെ ഡയറിയിൽ എഴുതിയിട്ടുള്ളത്. പാലാക്കുന്നേൽ വലിയച്ചൻ തന്റെ ഡയറിയിൽ ചാവറയച്ചനെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു." വലിയ പ്രിയോരച്ചനെ കണ്ടാൽ ഒരു മാലാഖയാണന്നേ പറയുമായിരുന്നുള്ളൂ."

○

നാൽപത്തിഏഴ്

## മറക്കാത്ത ഓർമ്മ

ചാവറകുറിയാക്കോസ് അച്ചനെ നേരിട്ടു കാണുകയും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കയും ചെയ്തിട്ടുള്ളവർ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായി അതിനെ കരുതിയിരുന്നു. മുട്ടുചിറഇടവക മഠത്തിക്കുന്നേൽ മാണികുര്യൻ എന്ന വയോവൃദ്ധൻ ചാവറയച്ചനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് താഴെ ചേർക്കുന്നു.

"ഹാ എത്ര ആനന്ദകരമായ കാര്യമാണ് അദ്ദേഹത്തിന്റെ ദർശനം എന്നു പറയാൻ വിഷമം. റൂഹാദക്കുദിശായാൽ നിറഞ്ഞയാൾ. അദ്ദേഹത്തിന്റേത് ചെറിയ മണിസ്വരം. എന്നാൽ പള്ളിയിൽ എല്ലാവർക്കും അദ്ദേഹത്തിന്റെ ഇമ്പമായ പ്രസംഗം കേൾപ്പാൻ യാതൊരു പ്രയാസവുമില്ല. ഹാ! ആ ഓർമ്മ ഞാൻ എന്നും സൂക്ഷിക്കും."

○

## നാൽപത്തിഎട്ട്

# വിപദിധൈര്യം

മാന്നാനം ആശ്രമം പണിയുടെ ഇടയ്ക്കുണ്ടായ ഒരു സംഭവം ശ്രദ്ധേയമാണ്. തടി കണ്ടെത്തുവാനായി ചാവറയച്ചൻ ഒരു ഭൃത്യനോടുകൂടി കിഴക്ക് പ്ലാശനാൽ ഭാഗത്തുള്ള ഒരു വനപ്രദേശത്തേയക്കു പോയി. അവിടം ഉഗ്രവിഷമുള്ള ഒരു കരിങ്കോളി പാമ്പു താവളമാക്കിയിരുന്നു. ചാവറയച്ചൻ സർപ്പത്തിന്റെ താവളത്തിലേക്കാണു നീങ്ങിയിരിക്കുന്നതെന്ന് നാട്ടുകാരിൽ ചിലർ മനസ്സിലാക്കി .മാരകായുധങ്ങളുമായി അച്ചനെ രക്ഷിക്കാൻ പിന്നാലെ പാഞ്ഞെത്തി. വനമധ്യത്തിൽ വച്ച് അവർ അച്ചനെ കണ്ടെത്തി.പക്ഷെ അവരെ വിസ്മയിപ്പിക്കുന്ന കാഴ്ചയായിരുന്നു അത്. ആ ഉഗ്രസർപ്പം പത്തിവിടർത്തി ഫൂൽക്കാര സ്വരം പുറപ്പെടുവിച്ചു കൊണ്ടു നില്ക്കുന്നു. ഒരു തീണ്ടാമതി അകലെ ചാവറയച്ചനും ഭൃത്യനും പ്രാർത്ഥനാപൂർവ്വം മുട്ടിൻമേൽ നിൽക്കുന്നു. ആരോ വിലക്കിയ മട്ടിൽ സർപ്പം അറച്ചറച്ചു നിൽക്കയാണ്. ഭയസംഭ്രമങ്ങളേക്കാളേറെ ചാവറയച്ചന്റെ മുഖത്ത് വിപദിധൈര്യവും ദൈവാശ്രയബോധവുമാണ് നിഴലിച്ചത്. സഹായാർത്ഥം തോക്കും വടികളുമായി എത്തിയവർ ഘോരസർപ്പത്തെ വെടിവച്ചു കൊല്ലുന്നതുവരെ ചാവറയച്ചൻ അതേനില തന്നെ തുടർന്നു.

## നാൽപത്തിഒൻപത്

# ദൈവമാതൃഭക്തി.

വെച്ചൂർപള്ളിയിൽ സ്വമാതാവ് തന്നെ പരി. കന്യകയ്ക്ക് പ്രതിഷ്ഠിച്ചതുമുതൽ പുത്രനിർവിശേഷമായ സ്നേഹമാണ് ദൈവജനനിയുടെ നേർക്ക് ചാവറയച്ചനുണ്ടായിരുന്നത്. പരി.കന്യകയെ എന്റെ അമ്മ എന്നല്ലാതെ മറ്റൊരു സംബോധനയും ചേർത്തുവിളിക്കുന്നത്

അദ്ദേഹത്തിനു പതിവില്ലായിരുന്നു എന്നാണ് ചാവറയച്ചന്റെ ആത്മ ഗുരുവായ ലെയോപോൾദ് മിഷനറി രേഖപ്പെടുത്തുന്നത്. ദൈവജ നനിയുടെ അപദാനങ്ങൾ പ്രകീർത്തിച്ചിട്ടല്ലാതെ ഒറ്റ പ്രസംഗംപോലും ചാവറയച്ചൻ അവസാനിപ്പിക്കാറില്ലായിരുന്നു. ആത്മാനുതാപത്തിലു ടനീളം ദൈവമാതൃസ്തവങ്ങൾ ആർക്കും കണ്ടെത്താം.

**അൻപത്**

# അമലോത്ഭവനാമം

മാന്നാനത്ത് സന്യാസസഭയ്ക്ക് തുടക്കം കുറിച്ചപ്പോൾ അതിന്റെ നാമധേത്തേക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ടായി. ഡോമിനിക്കൻ സന്യാസസഭയുടെ ജീവിതക്രമം പിന്തുടരുന്ന ഒന്നായിരിക്കണം എന്ന് പാലയ്ക്കൽ തോമ്മാമല്പാനും പോരൂക്കര തോമ്മാമല്പാനും അഭി പ്രായപ്പെട്ടു. പരി. കന്യകയുടെ ആജന്മ ഭക്തനായ ചാവറകുറിയാ ക്കോസച്ചൻ ദൈവമാതാവിന്റെ നാമവുമായി ബന്ധപ്പെടുത്തി സന്യാ സസഭയ്ക്ക് പേരിടണമെന്നുള്ള അഭിപ്രായക്കാരനായിരുന്നു. വേഷ വും മറ്റും പുതിയ സഭയ്ക്ക് പിന്നീടാണ് നിശ്ചയിച്ചത്. എങ്കിലും അമലോത്ഭവ ദാസസംഘം എന്ന പേര് ആദ്യം തന്നെ തീരുമാനി ക്കപ്പെടുകയാണുണ്ടായത്.

**അൻപത്തിഒന്ന്**

# കൃതജ്ഞത.

തനിക്കു ലഭിച്ച അനുഗ്രഹങ്ങളെ പേർത്തും പേർത്തും ചിന്തിച്ച് ചാവറയച്ചൻ ദൈവത്തിനു നന്ദി പറയുന്നതാണ് ആത്മാനുതാപ ത്തിൽ നാം കാണുന്നത്. അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് ഒരു വലിയ പകർച്ചവ്യാധി നാടെങ്ങും പടർന്നു. മാതാവും പിതാവും മക്കളും

ഒരുമിച്ച് മാവിന്റെ ഇലകൾ പൊഴിഞ്ഞു വീഴുന്നതുപോലെ മരിച്ചു വീഴുന്ന വാർത്തകൾ ചുററുപാടും കേട്ടു. നാട്ടിലും നഗരത്തിലും വീട്ടിലും ദേവാലയത്തിലും മരണവിലാപങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. തന്നെക്കാൾ സമർത്ഥരും പ്രസിദ്ധരുമായിരുന്ന പലരും അകാലമൃത്യുവിന് അടിപ്പെട്ടു. അന്ന് താൻ മരിക്കാനിടയാവാതിരുന്നത് ദൈവത്തിന്റെ കരുണ ഒന്നിനാൽ മാത്രമാണ് എന്ന് ചാവറയച്ചൻ പറയുകയും ദൈവത്തിനു നന്ദി പ്രകാശിപ്പിക്കയും ചെയ്യുന്നു. ആത്മാനുതാപത്തിൽ ഇക്കാര്യങ്ങൾ വൈയക്തിക മുദ്രയോടെ അവതരിപ്പിച്ചിട്ടുണ്ട്.

**അൻപത്തിരണ്ട്**

## അനുപമ സ്നേഹം.

ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് എത്രമാത്രം നന്ദി പറഞ്ഞാലും ചാവറയച്ചനു മതിയാവുകയില്ലായിരുന്നു. ആത്മാനുതാപത്തിൽ പലസ്ഥലത്തും കൃതജ്ഞതയുടെ ഉതിർമണികൾ പൊഴിച്ചിട്ടുള്ളതുകാണാം.

അനാദ്യഗുണനിധേ സർവ്വേശ്വര പരാപര
അനന്തദയാന്വിതാ സർവ്വമംഗലദേവാ
അന്തമില്ലാത്ത നിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലോ!.

**അൻപത്തിമൂന്ന്**

## പരി. കന്യകയുടെ സഹായം

ആത്മാനുതാപത്തിൽ സ്വന്തം പാപങ്ങളെക്കുറിച്ച് ഹൃദയം നുറുങ്ങി കേഴുന്ന ഒരു ആത്മാവിന്റെ വിലാപങ്ങളാണ് ചാവറയച്ചൻ സഞ്ചയിച്ചിട്ടുള്ളത്. തന്റെ പാപങ്ങൾക്ക് പൊറുതി ലഭിക്കാൻ

പരി. കന്യാകമറിയത്തിന്റെ സഹായം അപേക്ഷിക്കുന്നു. ആത്മാനുതാപം രണ്ടാംപാദത്തിൽ 267മുതൽ 290വരെയുള്ള വരികളിൽ ചാവറയച്ചൻ നിബന്ധിച്ചിട്ടുള്ള ആത്മാനുതാപ പ്രകരണം നോക്കുക

"അല്ലയോ കന്യക മാതാവേ, ദുഷ്ടനായ ഈദാസൻ അങ്ങേ നന്ദിനിറഞ്ഞ സഹായം ഓർക്കാതെ കഷ്ടമേറിയ പാപങ്ങളിൽത്തന്നെ ചരിച്ചു. അതുകൊണ്ട് അങ്ങേപുത്രൻ എന്നിൽ കോപാഗ്നി ജ്വലിച്ചവനായി എന്നെ ദ്വേഷിച്ചു തള്ളാൻ കല്പിക്കും. അപ്പോൾ അമ്മേ, അങ്ങു കാരുണ്യത്തോടുകൂടി എന്നെ നിന്റെ പുത്രന്റെ സന്നിധിയിൽ പിടിച്ചു നിറുത്തി അനുകമ്പയ്ക്കായി അപേക്ഷിക്കുമല്ലോ. അപ്പോൾ അവിടുന്ന് കരുണകാട്ടിയില്ലെങ്കിൽ നീതി സൂര്യനായ അവിടുന്ന് അവതരിച്ച നാളുകളിൽ അവിടുത്തേയ്ക്ക് നീ ചെയ്ത സ്നേഹ പരിലാളനകളെക്കുറിച്ചു ഓർമ്മിപ്പിക്കും. അവിടുത്തെ സംവഹിച്ച പരിശുദ്ധിയാർന്ന ഉദരത്തേയും അവിടുന്ന് ഉണ്ണിയായിരുന്നപ്പോൾ പേറിയ നിന്റെ കരങ്ങളേയും കാണിച്ചുകൊണ്ടും, കഷ്ടപ്പാടുകൾ അനുസ്മരിപ്പിച്ചുകൊണ്ടും അയോഗ്യനായ ഈദാസനെ കടാക്ഷിക്കേണമേ എന്നു പ്രാർത്ഥനചെയ്യും. അവിടുത്തെ ദയവിന് ഇവനർഹനല്ലെങ്കിൽ അങ്ങേ കൃപാവർഷം കൊണ്ടുവളർന്നവനാണ് ഇവൻ എന്ന് ഓർക്കേണമേ എന്ന് നീ സ്നേഹപുത്രനെ അറിയിക്കയും ചെയ്യും.

ഒൻപതു മാസം അങ്ങയെ സംവഹിച്ച ഉദരവും സ്നേഹാമൃതം നൽകിയ സ്തനങ്ങളും, ആദരവോടെ എടുത്ത കരങ്ങളും ബഹുമാനിച്ചിരുത്തിയ മടിയും മുട്ടുകളും സൂക്ഷിച്ചുനോക്കിയിട്ട്, അങ്ങേ മാതാവായ എന്നെ ഓർത്ത് ഈ ദാസനെ അങ്ങ് രക്ഷിക്കേണമേ എന്നിങ്ങനെ നീ ശരണപ്പെട്ടു പ്രാർത്ഥിച്ചതുമൂലം നിന്റെ തിരുക്കുമാരൻ എന്നിൽക്കനിഞ്ഞ് എന്റെ പാപങ്ങൾ പൊറുക്കയും ശിക്ഷ പിൻവാങ്ങാനിടയാക്കുകയും ചെയ്തിരിക്കുന്നുവല്ലോ."

അൻപത്തിനാല്

# പ്രപഞ്ചം എത്ര മനോഹരം

(പ്രപഞ്ചത്തിലെ മനോഹരദൃശ്യങ്ങൾ കണ്ട് കവി വികാരധീനനാകുന്നു. ഈ ലോകം ഇത്ര സുന്ദരമെങ്കിൽ ഇവയ്ക്കെല്ലാം രൂപം കൊടുത്ത പ്രപഞ്ചകർത്താവ് എത്രമേൽ ഉന്നതമായ ഒരു ഭാഗ്യമാണ് സ്വർലോകത്ത് മനുഷ്യർക്കായി ഒരുക്കി വച്ചിരിക്കുന്നത് എന്ന് ആത്മാനുതാപത്തിൽ ചാവറയച്ചൻ എഴുതുന്നു.)

ആകാശമാർഗത്തിൽ ചരിക്കുന്ന സൂര്യചന്ദ്രൻമ്മാരെയും പ്രകാശഗ്രഹങ്ങളേയും നക്ഷത്രഗണങ്ങളേയും ഞാൻ കാണുന്നു. ഭൂമിയിൽ മുളച്ചു വളരുന്ന പുല്ലുകൾ പുഷ്പജാലങ്ങൾ തുടങ്ങി പ്രകൃതിയെ മനോഹരമാക്കിയിട്ടുള്ള ഓരോ വസ്തുക്കളും ഞാൻ നിരീക്ഷിക്കുന്നു. ഇവയെല്ലാം സൃഷ്ടിച്ചതിന്റെ കാരണമെന്തെന്നും , ഇവയ്ക്കു രൂപംനൽകിയ ദൈവമേ, അങ്ങേ മഹിമാതിരേകം എന്തെന്നും ഞാൻ മനസ്സിലാക്കുന്നു. ഇവയെല്ലാം ഈ ലോകത്തിൽത്തന്നെ അങ്ങ് ഒരുക്കിയിരിക്കുന്നുവെങ്കിൽ ഇതിനപ്പുറമുള്ള പരലോകത്തിൽ എത്രയോ വലിയ ഭാഗ്യങ്ങളാണ് അങ്ങ് ഞങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ളതെന്നും മനസ്സിലാക്കുന്നു. ഇത് എത്രയോ വിസ്മയകരമായ കാര്യമാണ്.

അൻപത്തിഅഞ്ച്

# ലോകസമ്പത്ത്

(മനുഷ്യൻ ഭൗതിക കാര്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നി ജീവിക്കുന്നു. പക്ഷേ മരണത്തോടെ അവയെല്ലാം അർത്ഥ ശൂന്യമാകുന്നുവെന്ന് ചാവറയച്ചൻ ആത്മാനുതാപത്തിൽ ഒരു കഥയിലൂടെ വ്യക്തമാക്കുന്നുണ്ട്.)

ഇന്നു മഹാപ്രതാപിയായി,കുടുംബനാഥനായിക്കഴിയുന്ന ഒരുവനെ നോക്കുക. കോടീശ്വരനായ അയാളെ സ്നേഹിക്കാനും സേവിക്കാനും ബഹുജനങ്ങൾ ഓടിയെത്തുന്നു. ഇയാൾ ബുദ്ധിമാനാണ് സമർത്ഥനാണ്.ശക്തനാണ് സമുദ്രതീരത്തെ മണൽപോലെ അളവില്ലാത്ത ധനം ഇയാൾക്കുണ്ട് എന്ന് ആളുകൾ പ്രകീർത്തിക്കുന്നു.

വാഴ്ത്തുന്നവരുടെ വാക്കുകൾ ശരിയാണെന്നു തോന്നിപ്പോകും. പാക്ക് വെറ്റില തുടങ്ങിയവകൊണ്ടു ചുവന്ന ചുണ്ടുകൾ ഇയാളുടെ ശോഭയേറ്റുന്നു. മഹാതേജസ്വിയെന്ന് ഇയാളെക്കുറിച്ച് ജനം പറയുന്നു. സുന്ദരന്മാരും സുന്ദരികളുമായ പുത്രീ പുത്രൻമാർ ഇയാൾക്കുണ്ട്. ഇങ്ങനെ നാനാഭാഗ്യങ്ങളോടേ ഇയാൾ ജീവിക്കുന്നു.

ഇപ്രകാരം കുറേ വർഷങ്ങൾ കടന്നുപോകുന്നു. അങ്ങനെയിരിക്കേ ഒരു ദിവസം അയാൾ ഒരു വടിയും ഊന്നി അവശനായി വേച്ചു വിറച്ചു വരുന്നത് ജനംകാണുന്നു. അപ്പോൾ അവർ പറയും "ഒരു വൃദ്ധൻ വരുന്നുണ്ടല്ലോ. അദ്ദേഹമാരാണ് എന്നു മനസ്സിലാകുന്നില്ലല്ലോ", എന്ന് പിന്നീടു പറയും " ഓഹോ! അയാൾ നമ്മുടെ കഥാപുരുഷൻ തന്നെയോ? കഷ്ടം സർവ്വേശ്വരാ! ആമനുഷ്യന് ഈ ഗതി വന്നല്ലോ.വാസ്തവത്തിൽ അയാൾക്ക് നഷ്ടപ്പെട്ടത് ഒന്നുമില്ല. ഈ ഭൂമിയിൽ വന്നപ്പോൾ അയാൾക്കുണ്ടായിരുന്നതൊക്കെ ഇപ്പോഴുമുണ്ട്......... ഇവയൊക്കെ ഓർത്താൽ ലോകത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ എത്രയോ വിചിത്രമാണ്. വിസ്മയകരമാണ്.

O

### അൻപത്തിആറ്

## ക്ഷണ പ്രഭാചഞ്ചലം

ഈ ഭൂമിയും ഇതിൽ നാം കാണുന്ന സമസ്തവസ്തുക്കളും നിശ്ചയമായും അനുക്ഷണം മാറിപ്പോകും. ഇന്ന് ഈ ഭൂമിയിൽക്കാണുന്ന പുല്ല് നാളത്തെ സൂര്യപ്രകാശമേറ്റ് വാടിപ്പോകുന്നു. അതിമനോഹരമെന്നു വിശേഷിപ്പിക്കാവുന്ന എത്രയെത്ര പുഷ്പങ്ങളാണ് നമ്മുടെ

കൺമുമ്പിലുള്ളത്. ഹൃദ്യമായ ശോഭയും സുഗന്ധവും അവയ്ക്കുണ്ട്. പക്ഷേ, അവയൊക്കെ അടുത്ത നിമിഷത്തിൽ കൊഴിഞ്ഞുവീഴുന്നു. വൈചിത്ര്യം നൽകുന്ന അവയുടെ സൗകുമാര്യവും ഇല്ലാതാകുന്നു.(ആത്മാനുതാപം)

അൻപത്തിഏഴ്

## വെളിച്ചം

(ആത്മാനുതാപത്തിൽ പാപങ്ങളോർത്തു വിലപിക്കുന്ന ആത്മാവിന്റെ മിഴിവാർന്ന ചിത്രം ചാവറയച്ചൻ വരച്ചുകാട്ടുന്നുണ്ട്)

വെൺമയുള്ള ആത്മാവോടെ നടക്കുവാനായി നീ തന്ന നന്മയുടെ വെള്ള വസ്ത്രം ബുദ്ധിശൂന്യനും പാപിയുമായ ഞാൻ നഷ്ടമാക്കി. എന്നെക്കാണുന്ന ആളുകൾ എന്റെ സന്മാതൃക കണ്ട് നിന്നെ സേവിക്കുന്നതിനുവേണ്ടി, മാർഗം തെളിക്കുന്ന പന്തം എനിക്കു നൽകി. കഷ്ടം! ഞാൻ വളർന്നപ്പോൾ എന്റെ വിളക്കിൽ നെയ്യും അഗ്നിയും ഇല്ലാതായി. എന്റെ പന്തം നീറിപ്പുകയുന്നതായി ഞാൻ കണ്ടു. ഇതുപോലെയുള്ള ഒരു ദൗർഭാഗ്യം ഈ ലോകത്തിൽ മറ്റ് ആർക്കാണുണ്ടായിട്ടുള്ളത്. അല്പനും അഹങ്കാരിയുമായ ഞാൻ എന്റെ വെളിച്ചം കെടുത്തിക്കളഞ്ഞിരിക്കുന്നു.!

അൻപത്തിഎട്ട്

## ദൈവദർശനം.

(ആത്മാനുതാപത്തിൽ ഈശ്വരദർശനത്തിനായി വെമ്പൽക്കൊള്ളുന്ന ആത്മാവിന്റെ അന്തർഗതം കവി വരച്ചുകാട്ടുന്നത് നോക്കുക.)

മഹർഷിമാർക്കും തത്ത്വജ്ഞാനികൾക്കും ഈശ്വരൻ അജ്ഞാതനാകുന്നു. എന്നിട്ടും പുൽക്കൂട്ടിൽ കാളയുടെയും കഴുതയുടെയും മധ്യേ അങ്ങുപിറന്നു. നക്ഷത്രം തുടങ്ങിയ തേജോഗോളങ്ങളെ പ്രകാശത്തിൽ അതിശയിക്കുന്ന സമസ്ത കാലങ്ങളുടെയും അധിപനായവനേ, അങ്ങയെ എന്റെ മാനസനേത്രങ്ങൾക്കു കാണുവാൻ കഴിയുമാറാകട്ടെ

### അൻപത്തിഒൻപത്

## ദിവ്യപേടകം.

(പ. കന്യകയുടെ മഹത്വം വ്യംഗ്യമധുരമായി കവിതയിലൂടെ ചാവറയച്ചൻ ആവിഷ്കരിച്ചു കാട്ടുന്നത് ഹൃദ്യമായിട്ടുണ്ട്.)

ലോകത്തിലെ രാജാക്കൻമ്മാരിൽ ഏറ്റവും ശ്രേഷ്ഠനായ സോളമൻ തന്റെ അതുല്യമായ ബുദ്ധിസാമർത്ഥ്യം കൊണ്ട് ഓർശലം ദേവാലയത്തിന്റെ അതിവിശുദ്ധമായ സ്ഥലത്തിന്റെ നടുവിൽ തങ്കം കൊണ്ടു പണുത രണ്ടുക്രോവേ മാലാഖമാരെ കാവൽനിറുത്തി. അവരുടെ മധ്യത്തിലായി, ദൈവം അരുൾചെയ്ത വാക്യങ്ങൾ രേഖപ്പെടുത്തിയ കല്പലകകൾ രമ്യമായി സംവിധാനം ചെയ്ത് വാഗ്ദത്ത പേടകം സ്ഥാപിച്ചു.

എന്നാൽ ഇതിലുപരിയായി ഒരു കാഴ്ച ഇവിടെ കാണുന്നു. അല്ലയോ അമ്മേ, പരി. മറിയമേ, നിന്റെ പവിത്രമായ ഉദരത്തിൽ ദൈവം തന്നെ എഴുന്നെള്ളിയിരിക്കുന്നു. ദേവാലയ വിരിയിട്ട് അതിനുള്ളിൽ സ്ഥാപിച്ചിരിക്കുന്ന പേടകമല്ല; ഇവിടെ പരിശുദ്ധ അമ്മതന്നെയാണല്ലോ പകരമായി നിലകൊള്ളുന്നത്.

അറുപത്

## വിനയം.

(ഗർഭിണിയായ ഭാര്യയേയും കൂട്ടി വിശുദ്ധ യൗസേപ്പ് ബദ്ലേഹം നഗരിയിലൂടെ പാർക്കാൻ ഒരു വീട് അന്വേഷിച്ചു നടന്നു. അപ്പോൾ ഒരു മനുഷ്യൻ അദ്ദേഹത്തെ പരിഹസിച്ചു. വിനീതനായ യൗസേപ്പ് ആ മനുഷ്യനോടും കൃതജ്ഞത പ്രകാശിപ്പിക്കുകയാണ് ചെയ്തത്. ആത്മാനുതാപത്തിൽ ചാവറയച്ചൻ ആഖ്യാനം ചെയ്യുന്ന സംഭവം ഇതാണ്.)

മറ്റൊരാളെ കണ്ട് യൗസേപ്പ് ഇങ്ങനെ പറഞ്ഞു. " യാചിക്കുന്നവർക്ക് ദാനം കൊടുത്താൽ വിസ്തൃതമായ സമുദ്രം പോലെ ഇരട്ടിയായുള്ള പാപം മുഴുവനും ഇല്ലാതാകും. ഭാഗ്യം വരുകയും ചെയ്യും." അതുകേട്ട് ആ മനുഷ്യൻ യൗസേപ്പിനെ പരിഹസിച്ചുകൊണ്ടു പറഞ്ഞു. " ഓ! സുഹൃത്തേ താങ്കൾക്ക് നേരത്തെ വരാൻ പാടില്ലായിരുന്നോ? എങ്കിൽ എന്റെ ഭാഗ്യം ഇരട്ടിച്ച് വിശാലമാകുമായിരുന്നല്ലോ" എന്ന്. ഇതുകേട്ട് പുണ്യവാനായ യൗസേപ്പ് അയാൾ കൃതജ്ഞത പറഞ്ഞുവെന്നതുപോലെ കരുതി അയാളോടു നന്ദിപറഞ്ഞുകൊണ്ട് മടങ്ങുകയാണ് ചെയ്തത്.

അറുപത്തിഒന്ന്

## ദാരിദ്രം

(എന്തുകൊണ്ടാണ് ദരിദ്രോചിതമായ ജീവിതം തിരഞ്ഞെടുത്തുകൊണ്ട് ഈ ഭൂമിയിൽ അവതീർണ്ണനാകുവാൻ ദൈവപുത്രൻ തയ്യാറായത് എന്ന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ നമ്മോടു പറയുന്നു.)

അഗ്നിയിൽ കത്തിയെരിയിക്കുന്നതിനുവേണ്ടി തങ്ങളുടെ ശാഖ

കൾ വെട്ടുന്ന ദുഷ്ടൻമാരെയും വൃക്ഷങ്ങൾ തണൽ നൽകി ആദരിക്കുന്നു. ഭക്ഷണ സാധനങ്ങളും തേനും പാലുമെല്ലാം കൊടുത്താലും അവയെ പാമ്പ്, അതിന്റെ വിഷംകൊണ്ട് കയ്പുള്ളതാക്കിമാറ്റും. മനുഷ്യവർഗ്ഗത്തിലെ ശ്രേഷ്ഠന്മാരായ പുണ്യാത്മാക്കൾ തങ്ങളെ ദ്വേഷിക്കുന്നവരെ വെറുക്കാതെ, അവർ നല്ലവർതന്നെയെന്നു വിചാരിച്ചു സന്തോഷത്തടെ അവരോടു പെരുമാറി.( മനുഷ്യരുടെ തിന്മകൾ പരിഗണിക്കാതെ അവർക്കുവേണ്ടി) പരമദേവനായ ദിവ്യപൈതൽ ദാരിദ്ര്യത്തെ ഹൃദയംഗമമായി സ്വീകരിച്ചു.

അറുപത്തിരണ്ട്

# ഒരമ്മയുടെ മക്കൾ

സഭാംഗങ്ങൾ തമ്മിൽ ഉണ്ടായിരിക്കേണ്ട സ്നേഹത്തെ കടുത്തചായത്തിലാണ് ചാവറയച്ചൻ വരച്ചു കാട്ടുന്നത്."പ്രിയമുള്ള കൂടപ്പിറപ്പുകളായ ബഹുമാനപ്പെട്ട (ഓരോരോ കൊവേന്തകളുടെ) വികാരിഅച്ചൻമാർ പട്ടാംഗആയുള്ള (സത്യമായ) ഉപവിയും കെട്ടുപാടും പുലർത്തണം. എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട് , ഒരമ്മയുടെ ഉദരത്തിൽപ്പിറന്ന് ആ അമ്മയുടെ പാൽ കുടിച്ചുവളർന്നവർ എന്നതിൻ വണ്ണമുള്ള പട്ടാംഗയായുള്ള സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ അതു വർദ്ധിച്ചു വരാൻ പ്രവർത്തിക്കണം. ഇത് എത്രയും വലിയ ഗുണമാണെന്ന് ഓർക്കണം.ഈ സ്നേഹം എപ്പോഴെങ്കിലും കുറഞ്ഞുപോകാതിരിക്കുന്നതിന് ഓരോരോ കൊവേന്തകളുടെ ആവശ്യങ്ങൾ അതാതു കൊവേന്തകൾ അന്വേഷിച്ചു വരുന്നതിൽ കൂടുതൽ താല്പര്യത്തോടെ, മറ്റുകൊവേന്തകളുടെ പ്രിയോരന്മാർ അപേക്ഷിക്കുന്ന കാര്യങ്ങളെ നടത്തിക്കൊടുക്കാൻ ശ്രമിക്കണം"

### അറുപത്തിമൂന്ന്

## കുർബാനക്കടം

വിശുദ്ധ കുർബാനയുടെ ഒരു നിതാന്ത പ്രേഷിതനായിരുന്നു ചാവറയച്ചൻ. കൈനകരിക്കാർക്ക് നൽകിയ മരണപത്രത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു:-

“കഴിയുമെങ്കിൽ ദിവസം തോറും കുർബാന കാണുക. എന്നാൽ ഇതു പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കുവേണ്ടിയും, വെള്ളിയാഴ്ച പീഡാനുഭവങ്ങൾക്കുവേണ്ടിയും ശനിയാഴ്ച പരി.ദൈവമാതാവിന്റെ സ്തുതിക്കുവേണ്ടിയും കുർബാന കാണണം.ഒരു വീട്ടിൽനിന്ന് എല്ലാവർക്കും പോയി കുർബാന കാണാൻ സാധിക്കുന്നില്ലെങ്കിൽ ഓരോദിവസം ഒന്നോരണ്ടോ ആളെങ്കിലും പള്ളിയിൽ മാറി മാറിപ്പോകുക. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്തു കുർബാന സ്വീകരിക്കയും ചെയ്യണം.” നിസാരകാര്യങ്ങൾക്കുവേണ്ടി ഞായറാഴ്ച കുർബാന മുടക്കുന്നത് ശരിയല്ല. അദ്ദേഹം മറ്റൊരിടത്തു പറയുന്നു:“ ഞായറാഴ്ച തുടങ്ങിയ കടമുള്ള ദിവസങ്ങളിൽ അടിയന്തിരങ്ങൾ കഴിക്കുന്നതു വളരെ ദോഷങ്ങൾക്കും ആത്മനാശത്തിനും ഇടയാക്കുന്നു. കാരണം ഇതു കർത്താവിന്റെ ദിവസമാകുന്നു. കുർബാനക്കടം വരുത്തുന്നത് ശരിയല്ല. ഇതു പിശാചിന്റെ ഒരു സൂത്രമാകുന്നു. ഇതു കൂടാതെ, വീട്ടിൽ വല്ലവരും മരിച്ചാൽ ആവശ്യമുള്ളവരൊഴികെ മറ്റുള്ളവർ സ്വന്ത ആത്മകാര്യങ്ങൾ ഉപേക്ഷിച്ച് കടമുള്ള ദിവസങ്ങളിൽ പള്ളിയിൽപ്പോകാതിരിക്കുന്നത് ദൈവവും വിശുദ്ധ പള്ളിയും ശപിച്ചിട്ടുള്ള ചീത്ത വഴക്കം ആകുന്നു.”

### അറുപത്തിനാല്

## നാല്പതുമണി ആരാധന

കർത്താവിന്റെ പീഡാനുഭവവും മരണവും കഴിഞ്ഞ് ഉയിർപ്പുവരെയുള്ള സമയം നാല്പതു മണിക്കൂർ–പരി.കന്യകമറിയവും യേശുവിന്റെ ശിഷ്യൻമാരും കർത്താവിനെക്കുറിച്ച് ധ്യാനിച്ചു കൊണ്ടുകഴി

ഞ്ഞു. ഇതിന്റെ അനുസ്മരണമായിട്ടാണ് നാല്പതുമണി ആരാധന എന്ന ഭക്തി പ്രസ്ഥാനം രൂപം കൊണ്ടത്.യൂറോപ്പിൽ പ്രഖ്യാതമായ ഈ പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചത് ചാവറയച്ചനാണ്. 1866 –ൽ കൂനമ്മാവിൽ ആയിരുന്നു നാല്പതുമണി ആരാധന ആദ്യമായി തുടങ്ങിയത്. ഒരു മഹോത്സവം പോലെയാണ് നാല്പതുമണി ആരാധന ദിവസങ്ങൾ കൊണ്ടാടിയത്. ബാഹ്യമായ ആഘോഷങ്ങളല്ല. ആന്തരിക ഭക്തിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സമീപ പ്രദേശങ്ങളിൽ നിന്ന് മാത്രമല്ല വളരെ ദൂര ദേശങ്ങളിൽ നിന്നുകൂടി ആളുകൾ വന്നിരുന്നു. വരുന്നവരെല്ലാംതന്നെ കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കുകയും ചെയ്തിരുന്നു. ഈ ഭക്തിപ്രസ്ഥാനം കാലോചിതമല്ലെന്ന് പറയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നവരുണ്ട്. എന്നാൽ അവർ ഒന്നു മനസ്സിലാക്കണം.ഇത്തരം ഭക്തി പ്രസ്ഥാനങ്ങളാണ് പത്തൊൻപതാം നൂറ്റാണ്ടിലെ ക്രൈസ്തവ ജീവിതത്തിന് ആഴത്തിൽ വേരുറപ്പ് നൽകിയത്. നാല്പതു മണി ആരാധനപോലുള്ള ഭക്തി പ്രസ്ഥാനങ്ങളെ മാറ്റിക്കളഞ്ഞെങ്കിലും ജനങ്ങൾക്കു ഹൃദ്യമായ മറ്റൊന്ന് പകരം പ്രതിഷ്ഠിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല.

നാല്പതുമണി ആരാധനയും പതിമൂന്നുമണി ആരാധനയും കേരളത്തിൽ നടപ്പിലാക്കിയപ്പോൾ അതൊരു മഹോത്സവം പോലെ ആയിരിക്കണമെന്ന് ചാവറയച്ചൻ ആഗ്രഹിച്ചു. എന്നാൽ പെരുന്നാളുകൾക്കുള്ള ബാഹ്യമായ ആചാരങ്ങളും ചടങ്ങുകളും വർജ്ജിച്ച് തികച്ചുംഭക്തി നിർഭരമായി കർമ്മങ്ങൾ നടത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം തയ്യാറാക്കിയ നിയമാവലി നോക്കുക.


"ഈ ദിവസങ്ങളിൽ വെടി, വാദ്യം തുടങ്ങിയ ബാഹ്യഘോഷങ്ങൾ ഉണ്ടാകരുത്. വിശുദ്ധ പള്ളിയുടെ സംഗീതമല്ലാതെ മറ്റൊന്നും പാടുകയും അരുത്. അലങ്കാരങ്ങൾ സവിശേഷതയുള്ളതാകണം. ഇതിൽ ലൗകികത പാടില്ല. പീഠത്തിന്മേൽ കടലാസ്, തുണി, പട്ട് മുതലായവ കൊണ്ടുള്ള പൂക്കൾ വയ്ക്കരുത്. പകരം നല്ല സൗരഭ്യമുള്ള പച്ചപ്പൂക്കൾ ചാർത്തണം. വെളുത്ത മെഴുകു കൊണ്ടുള്ള നല്ല തിരികളും പീഠത്തിന്മേൽ ഉണ്ടായിരിക്കണം. പള്ളിയുടെ ജനലുകൾക്ക് മഞ്ഞ അല്ലെങ്കിൽ ചുവപ്പ് നിറ

മുള്ള തിരശ്ശീലകൾ ഇടണം. പുറമേയുള്ളവർ പള്ളിക്കകം കാണാതിരിക്കുന്നതിന് പള്ളിയുടെ പ്രധാനവാതിലിൽ പച്ച നിറത്തിലുള്ള വിരിയും ഉണ്ടായിരിക്കണം. വിശുദ്ധ കുർബാനയുടെ പാലിക പിടിയ്ക്കുന്നതിന് ആറ് അല്ലെങ്കിൽ എട്ട് പട്ടക്കാരോ, പട്ടക്കാർ ഇല്ലാത്തപക്ഷം സൂർപ്ലേസ് ധരിച്ച ശെമ്മാശന്മാരോ ഉണ്ടായിരിക്കണം. പള്ളിക്കകത്തും പരിസരങ്ങളിലും പൂജ്യമായ മൗനം പാലിക്കണമെന്ന് അവരെ ഉപദേശിക്കണം.മേൽനോട്ടക്കാരായി വിവേകവും ഭക്തിയും ഉള്ള രണ്ടു ദർശനക്കാരേയോ മറ്റോ നിശ്ചയിക്കയും വേണം”

### അറുപത്തിഅഞ്ച്

# തിരുശേഷിപ്പുകൾ

ചാവറയച്ചന്റെ ആധ്യാത്മിക ഗുരുവും സന്തത സഹചാരിയുമായിരുന്ന ലെയോപോൾദ് പാതിരി ചാവറയച്ചനെക്കുറിച്ച് ഏറെ ബഹുമാനം പുലർത്തിയ വ്യക്തിയായിരുന്നു. അദ്ദേഹം നിശ്ചയമായും ഒരു വിശുദ്ധനായിരുന്നുവെന്ന് ലെയോപോൾദ് മൂപ്പച്ചൻ വിചാരിച്ചു. ചാവറപ്പിതാവ് ദിവംഗതനായ ഉടനെ അദ്ദേഹത്തിന്റെ ഉടുപ്പുകളും പെരുമാറ്റ സമാനങ്ങളും ശേഖരിച്ച് അന്നുണ്ടായിരുന്ന അഞ്ചു കൊവേന്തകൾക്കായി അവ വീതിച്ചു കൊടുക്കുകയും ചെയ്തു. ചാവറയച്ചനെക്കുറിച്ച് തങ്ങൾക്കറിവുള്ള കാര്യങ്ങൾ രേഖപ്പെടുത്തി തന്നെ ഏൽപിക്കണമെന്ന് കർമ്മലീത്താ സഭയിലെ എല്ലാ വൈദികർക്കും സന്യസ്തർക്കും കത്തുമൂലം അറിയിപ്പു കൊടുത്തിരുന്നു. പലസ്ഥലങ്ങളിൽ നിന്നും കിട്ടിയ വിവരങ്ങളും തന്റെ അനുഭവങ്ങളും ചേർത്ത് മിഷനറി ചാവറയച്ചന്റെ ജീവചരിത്രം തയ്യാറാക്കി. അദ്ദേഹം മരണമടഞ്ഞ 1871–ൽത്തന്നെ ആ ലഘുഗ്രന്ഥം കൂനമ്മാവ് അമലോത്ഭവമാതാവിന്റെ അച്ചുകൂടത്തിൽനിന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.



### അറുപത്തിആറ്

## മാസാദ്യ വെള്ളിയാഴ്ച

കേരളത്തിലെ ജനകീയ ഭക്തികൃത്യങ്ങളിൽ ഏറെ പ്രാധാന്യമുള്ള ഒന്നാണ് മാസാദ്യ വെള്ളിയാഴ്ച ഭക്തി. വിശുദ്ധ മർഗരീത്താ മറിയത്തിനുണ്ടായ ദിവ്യ ദർശനങ്ങളുടെ വെളിച്ചത്തിൽ ആണ് യൂറോപ്പിൽ ആദ്യ വെള്ളിയാഴ്ച ഭക്തി പടർന്നു വളർന്നത്. ഇതിന്റെ ഫലമായി വി. കുർബാനയോടുള്ള ജനാഭിമുഖ്യം ക്രിയാത്മകമായി. കേരളക്കരയിൽ ഈ ഭക്തി പ്രസ്ഥാനം വേരൂന്നുവാൻ ഇടയാക്കിയത് ചാവറയച്ചനാണ്.എല്ലാ മാസത്തിന്റെയും ആദ്യത്തെ വെള്ളിയാഴ്ചകളിൽ കുമ്പസാരിച്ച് കുർബാന സ്വീകരിക്കണമെന്നും കുർബാനയുടെ സന്നിധിയിൽ ഒരു മണിക്കൂർ ആരാധന നടത്തണമെന്നും ചാവറയച്ചൻ എല്ലാ പള്ളികൾക്കും നിർദ്ദേശം നൽകി. ജനങ്ങൾക്ക് ഈ ഭക്ത്യാഭ്യാസം വളരെ ഹൃദയംഗമമായി അനുഭവപ്പെട്ടു. പള്ളികളിൽ മാത്രമല്ല, സന്യാസഭവനങ്ങൾ സ്കൂളുകൾ ബോർഡിംഗുകൾ തുടങ്ങി ക്രിസ്തീയ സ്ഥാപനങ്ങളിലെല്ലാം ജനങ്ങൾക്ക് ഇഷ്ടപ്പെട്ട ഭക്തകൃത്യമായി ഇതുമാറി. ആദ്യവെള്ളിയാഴ്ച ഭക്തിമൂലം ആധ്യാത്മിക രംഗത്ത് വലിയ പരിവർത്തനങ്ങൾ കേരളക്കരയിൽ ഉണ്ടായിട്ടുണ്ട്.

### അറുപത്തിഏഴ്

## വാഴപ്പിണ്ടിയിൽ പ്രസ്സിന്റെ മാതൃക

സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളുടെ പ്രസക്തിയെക്കുറിച്ച് ഏറെ ബോധവാനായിരുന്നു ചാവറയച്ചൻ. 1844-ൽ മുതൽ അദ്ദേഹം ആഗ്രഹിച്ചതാണ് ഒരു അച്ചടിശാല ഉണ്ടാക്കണം എന്നത്. അന്ന് മാന്നാനത്തിനടുത്ത് കോട്ടയത്തുണ്ടായിരുന്ന സി.എം. എസ് സഭയുടെ ബെയിലിപ്രസ് കാണാൻ ചാവറയച്ചൻ പോയി. അതു കണ്ടു പഠനം

നടത്താൻ അനുവാദം കിട്ടാതെ മടങ്ങേണ്ടിവന്നു.

സ്ഥിരോത്സാഹിയായ ചാവറയച്ചൻ പരിശ്രമം തുടർന്നു. തിരുവനന്തപുരത്തെത്തി മഹാരാജാവിന്റെ സർക്കാർ പ്രസ് കണ്ടു. അതിന്റെമാതൃക വാഴപ്പിണ്ടിയിൽ ചാവറയച്ചൻ നിർമ്മിച്ചു. കോട്ടയം സി.എം.എസ് പ്രസ്സിൽ ജോലി ചെയ്തിരുന്ന ഒരു പാണ്ടിത്തട്ടാനെക്കൊണ്ട് അക്ഷരങ്ങൾ ചതുരവടിവിൽ വാർപ്പിച്ചു.

തിരുവനന്തപുരംയാത്രയിൽ പരിചയപ്പെട്ട കുര്യൻ എന്നയാൾ അച്ചടി സംബന്ധമായ കാര്യങ്ങൾക്ക് നേതൃത്വം കൊടുത്തു. ബുക്ക് ബയന്റ് ചെയ്യാൻ ആർക്കും വശമില്ലായിരുന്നു. കൊച്ചിയിൽ ഉണ്ടായിരുന്ന ഒരു യൂദൻ ബോംബെയിൽപ്പോയി ബയന്റിംഗിൽ പഠിപ്പു നടത്തി വന്നിട്ടുണ്ടായിരുന്നു. അദ്ദേഹത്തെ ചാവറയച്ചൻ ആളുവിട്ട് വിളിപ്പിച്ചു. മാന്നാനം പ്രസ്സിലെ ബയന്റിംഗ് സംബന്ധിച്ച് എല്ലാക്കാര്യങ്ങളും ഇയാൾ ഭംഗിയായി നിർവ്വഹിച്ചു. അതിരമ്പുഴ, ആർപ്പൂക്കര ഭാഗങ്ങളിലുള്ള ധാരാളം പേരെ ഈ യൂദൻ ബയന്റിംഗ് പഠിപ്പിക്കുകയും ചെയ്തു. മാന്നാനത്തും സമീപപ്രദേശത്തുള്ള വളരെയധികം ആളുകൾ ഇന്നും ബയന്റിംഗ് കലയിൽ പ്രവീണരാണ്. ജനങ്ങൾക്ക് ജോലിയിൽ പങ്കാളിത്തം കൊടുക്കാനും ചാവറയച്ചൻ ശ്രദ്ധിച്ചിരുന്നു.

### അറുപത്തിഎട്ട്

## സ്ത്രീവിദ്യാഭ്യാസം

സ്ത്രീവിമോചനം യൂറോപ്പിലും അമേരിക്കയിലും വരുന്നതിന് ഒരു നൂറ്റാണ്ടു മുൻപ് കേരളക്കരയിൽ അതിനു നാന്ദി കുറിച്ചു. ഒരു നൂറ്റാണ്ടു മുൻപ് സ്ത്രീകൾക്കു വിദ്യാഭ്യാസം കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസവും ജീവിതത്തിനുപകരിക്കുന്ന കൈത്തൊഴിലും സ്ത്രീ ജനങ്ങളെ പഠിപ്പിക്കേണ്ടത് നാടിന്റെ

പുരോഗതിയുടെ ഭാഗമായി ചാവറയച്ചൻ കരുതി അതിനായി യൂറോപ്പിലേതുപോലെ സന്യാസിനി സഭ നമ്മുടെ നാട്ടിലും വേണമെന്ന് ചാവറയച്ചൻ ആഗ്രഹിച്ചു.

സി.എം.സി. സഭയുടെ സ്ഥാപന ലക്ഷ്യങ്ങളിൽ ഒന്ന് സ്ത്രീ വിദ്യാഭ്യാസമായിരുന്നു.

വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം കൂനമ്മാവ് മഠത്തിലെ കന്യാസ്ത്രിമാർക്കായിരുന്നു. തയ്യൽ വേലകൾ പെൺകുട്ടികളെ അഭ്യസിപ്പിക്കുന്നതിനുവേണ്ടി കൊച്ചിയിൽ നിന്നും ഫ്രാൻസിസ്കാ എന്ന യുവതിയെ വരുത്തി. കൊന്തകെട്ട്, റേന്തപ്പണി തുടങ്ങിയ കാര്യങ്ങളിൽ പരിശീലനം നൽകാൻ അഞ്ചു തെങ്ങിൽ നിന്ന് ഒരു അദ്ധ്യാപികയേയും ചാവറയച്ചൻ കൊണ്ടു വന്ന് നിയമിച്ചിരുന്നു.

അറുപത്തിഒൻപത്

## സത്യത്തിനുവേണ്ടി പീഡിപ്പിക്കപ്പെട്ടു

ചാവറയച്ചൻ വിശുദ്ധനാണെന്നു വിശ്വസിച്ച ലെയോപോൾദ് മിഷനറി ചാവറയുടെ നാമകരണത്തിനായുള്ള നടപടികൾക്ക് സഹായകമായി പ്രവർത്തിച്ചു. ധാരാളം ജനങ്ങൾ കബറിടത്തിൽ വന്നു പ്രാർത്ഥിച്ചിരുന്നു.

ചാവറയച്ചന്റെ മരണത്തിനുശേഷം സ്വജാതിയിൽപ്പെട്ട മെത്രാനെ വേണമെന്നുള്ള സുറിയാനി കത്തോലിക്കരുടെ അഭിലാഷം ശക്തമായി. ഈ ആവശ്യത്തിനായി ധാരാളം കത്തുകൾ റോമിലേയ്ക്ക് പോയി. നാട്ടുകാരായ മെത്രാന്മാരുണ്ടായാൽ തങ്ങളുടെ നിലപാടു പരുങ്ങലിലാകുമെന്നു കരുതിയ പാശ്ചാത്യ മിഷനറിമാർ പലരും അതിനെ നിരുത്സാഹപ്പെടുത്തി. ചാവറയച്ചനെ വിശുദ്ധനായി നാമകരണം ചെയ്യുന്നതിനു പരിശ്രമങ്ങൾ നടത്തിയ ലെയോപോൾദ് മിഷനറിയും അദ്ദേഹത്തിന്റെ സഹോദരനും അവരുടെ കണ്ണിലെ കരടാ

യി. അദ്ദേഹത്തോട് പ്രതികാര ബുദ്ധിയോടെ വരാപ്പുഴ മെത്രാസനം പ്രവർത്തിച്ചു. 1873-ൽ ത്തന്നെ സുറിയാനിക്കാരുമായുള്ള സകല ബന്ധങ്ങളും വിടർത്തുവാൻ ലെയോപോൾദ് മിഷനറിയോട് ആവശ്യപ്പെട്ടു

ഡലഗേറ്റ് നവസന്യാസ ഗുരു എന്നീ തസ്തികളിൽ നിന്ന് ലെയോപോൾദ് മിഷനറിയെ മാറ്റി. അജ്ഞാതമായ ഒരു മിഷൻ കേന്ദ്രത്തിലേയ്ക്ക് അദ്ദേഹത്തെ അയയ്ക്കുകയും ചെയ്തു. 1876-ൽ അദ്ദേഹത്തെ ഇറ്റലിയിലേയ്ക്ക് വിളിപ്പിച്ചു.ലെയോപോൾദ് പാതിരിയുടെ അനുജനായ ജെരാർദ് മിഷനറിയ്ക്കും ഇതേ തിക്താനുഭവം ഉണ്ടായി.

○

**എഴുപത്**

# വൈകിവന്ന അംഗീകാരം

കാലത്തിന്റെ മൂശയിലാണ് മനുഷ്യരുടെ വ്യക്തിത്വം തെളിയുന്നത്. ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ വരാപ്പുഴ രൂപതയുടെ അധികാരിയായി വന്നു. കൊവേന്ത സ്ഥാപനത്തിനായി ഓടിനടന്ന ചാവറയച്ചനെക്കുറിച്ചും പാലയ്ക്കൽ-പോരൂക്കര മല്പാൻമാക്കെുറിച്ചും ഫ്രാൻസീസ് മെത്രാനു തൃപ്തി ഇല്ലായിരുന്നു. സന്യാസഭവനത്തിന്റെ പണി അവസാനിപ്പിച്ച് പള്ളിപ്പുറം പള്ളിയുടെ വികാരിയായി ചാർജെടുക്കുവാൻ ചാവറയച്ചനോട് മെത്രാപ്പോലീത്താ കല്പിച്ചു.

അനുസരണം ബലിയേക്കാൾ വലുതെന്നു കരുതിയ ചാവറയച്ചൻ സ്തുത്യർഹമായവിധം ആ ജോലി നിർവ്വഹിച്ചു. 1831-ൽ ആയിരുന്നു ഈ സംഭവം. പിൽക്കാലത്ത് സഭാ സ്ഥാപകരായ മൂന്നുപേരെയും കുറിച്ച് മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന അഭിപ്രായം മാറി. 1844-

ഫെബ്രുവരി 16ന് ചാവറയച്ചനെ മല്പാൻ സ്ഥാനത്തേയ്ക്ക് നിയോഗിച്ചു കൊണ്ടുള്ള അധികാരപത്രം മെത്രാപ്പോലീത്താ കൊടുത്തു. അത് ഇപ്രകാരമായിരുന്നു.

'താങ്കളെ നമ്മുടെ സുറിയാനി വികാരിയാത്തിലുള്ള സുറിയാനിക്കാരായ സകല വൈദികരുടെയും പരീക്ഷകനായും സർവ്വ വൈദികശാസ്ത്രങ്ങളുടെയും മല്പാനായും നിയമിക്കുന്നതിന് നിങ്ങളുടെ സൽഗുണങ്ങളും കർമ്മകുശലതയും നമ്മേ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടം സ്വീകരിക്കുന്നതിന് മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുന്നതിന് പട്ടക്കാർക്ക് അനുമതി നൽകുന്നതിനും ഈ അധികാരപത്രത്താൽ നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു. ആകയാൽ ഈ കല്പനയുടെ പരിധിയിൽപ്പെടുന്ന എല്ലാവരും മേല്പറഞ്ഞ മല്പാന്റെയും പരീക്ഷകന്റെയും സ്ഥാനത്തിലും ഉദ്യോഗത്തിലും നിങ്ങളെ സ്വീകരിച്ച് അനുസരിക്കണമെന്നു ഞാൻ ആജ്ഞാപിക്കുന്നു.'

○

എഴുപത്തിഒന്ന്

## സെമിനാരികളുടെ പൊതുമല്പാൻ

ചാവറകുറിയാക്കോസ് അച്ചന് സെമിനാരികളിലൂടെ കത്തോലിക്കാ സമൂഹത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും എന്ന പ്രതീക്ഷയുണ്ടായിരിക്കുന്നു. വർദ്ധിച്ചുവന്ന ദൈവവിളിയെ പ്രോത്സാഹിപ്പിക്കാൻ കൂടുതൽ സെമിനാരികൾ വേണമെന്ന് ആദ്യപിതാക്കൻമാർ എല്ലാവരും കരുതി. 1866-ൽ വാഴക്കുളത്തും 1868-ൽ എൽത്തുരുത്തിലും 1872-ൽ പുളിങ്കുന്നിലുംആശ്രമങ്ങളോട് അനുബന്ധിച്ച് സെമിനാരികൾ തുടങ്ങി. അതതു സ്ഥലങ്ങളിലെ പ്രിയോർമാർ ആയിരുന്നു, സെമിനാരികളുടെ ചുമതല ഏററിരുന്ന

ത്. എന്നാൽ എല്ലാ സെമിനാരികളുടെയും പൊതുമല്പാൻ എന്ന സ്ഥാനം ചാവറയച്ചനു തന്നെ ആയിരുന്നു. 1894വരെ പ്രധാന സുറിയാനിസഭയുടെ സെമിനാരിയായി കേരളീയർ കരുതിയിരുന്നത് മാന്നാനത്തുള്ള സെമിനാരി ആയിരുന്നു.

### എഴുപത്തിരണ്ട്

## കുഴിമാടം തുറക്കുന്നു.

സുറിയാനിയാക്കാർക്ക് പ്രത്യേക റീത്ത് സംവിധാനം 1887ൽ പതിമൂന്നാം ലെയോൺ മാർപ്പാപ്പായാണ് ഏർപ്പെടുത്തിയത്. കോട്ടയം,തൃശ്ശൂർ എന്നീ വികാരിയാത്തുകൾ" ക്വോദ്യാം പ്രീദം" എന്ന തിരുവെഴുത്തുമൂലം സ്ഥാപിതമായി. ഇത് ലത്തീൻവിഭാഗക്കാർക്ക് ഇഷ്ടമായില്ല. ദെലഗാദ് അപ്പസ്തോലിക്കാ സുറിയാനിക്കാർക്കെതിരായിട്ടാണ് തീരുമാനങ്ങൾ നടത്തിയത്. 30 വർഷമായി സുറിയാനിക്കാർ താമസിച്ചിരുന്ന കൂനമ്മാവ് കൊവേന്ത എട്ടുദിവസത്തിനകം വിട്ടുപൊയ്ക്കൊള്ളണമെന്നായിരുന്നു മെത്രാപ്പോലീത്തായുടെ കല്പന. തങ്ങളുടെ പെരുമാറ്റ സാധനങ്ങൾ പോലും കൊണ്ടുപോകാൻ സുറിയാനിക്കാരെ ലത്തീൻകാർ അനുവദിച്ചില്ല. സഭാ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പൂജ്യാവശിഷ്ടം തങ്ങളോടൊപ്പം കൊണ്ടുപോകാൻ അവർആഗ്രഹിച്ചു. കല്ലറ തുറക്കാൻ ശ്രമിച്ചപ്പോൾ ചുററുപാടുമുള്ള ജനങ്ങളെ പ്രകോപിപ്പിച്ച് സുറിയാനിക്കാരെ ലത്തീൻകാരായ വൈദികർ നിഷ്ക്കാസിതരാക്കി.

പീലിപ്പോസ് എന്ന മിഷനറി വൈദികനായിരുന്നു കൂനമ്മാവ് ആശ്രമത്തിന്റെ അധികാരി. അനേകവട്ടം അദ്ദേഹത്തിന്റെ പക്കൽ ,ചാവറയച്ചന്റെ പൂജ്യാവശിഷ്ടം വിട്ടുകിട്ടുവാൻ സുറിയാനിക്കാർ രേഖാമൂലം ആവശ്യപ്പെട്ടു. പീലിപ്പോസ് മിഷനറി പറഞ്ഞതനുസരിച്ച് കുഴിമാടം തുറക്കുവാനുള്ള കൂലിച്ചിലവുപോലും സുറിയാനി വിഭാഗക്കാർ

ഏൽപിച്ചു. അദ്ദേഹം യാതൊരു സഹായവും ചെയ്തില്ല.ചെത്തിപ്പുഴ കൊവേന്തയുടെ പ്രിയോരായ ഗീവർഗീസ് കത്തനാർ അവസാനം മാർപ്പാപ്പായുടെ ദലഗേറ്റ് (സ്ഥാനപതി) അച്ചന്റെ പക്കൽ പരാതി ബോധിപ്പിച്ചു. തന്മൂലം പീലിപ്പോസ് ഒ.ഡി.ഡിയ്ക്ക് ചാവറയുടെ പൂജ്യാവശിഷ്ടം നൽകുകയല്ലാതെ വേറെ മാർഗം ഇല്ലെന്നായി. അദ്ദേഹം അനുവാദം നൽകിക്കൊണ്ടുള്ള കത്ത്. ക. നി.മൂ. സ ഗീവർഗീസ് യോഹന്നാൻ അച്ചന് നൽകി.

"കുഴിമാടം തുറന്നു. അപ്പോൾ വികാരി ജനറാളായ പെ.ബ. പീലിപ്പോസ് മൂപ്പച്ചനും ഞാനും ബഹു. ചാണ്ടപ്പിള്ള ഇളയച്ചനും ആ പള്ളിയുടെ ബഹു. അസേന്തി അച്ചനും ഏതാനും ജനങ്ങളും ഉണ്ടായിരുന്നു. കുറേനേരം ചെന്നപ്പോൾ ബ. കാന്തിദോസ് അച്ചനും വന്നു. കുഴിമാടം തുറന്നുനോക്കിയപ്പോൾ ഏതാനും അസ്ഥികൾ മാത്രം കിട്ടി. അതെടുത്തു പെട്ടിയിൽ വച്ചു. കുനമ്മാവിലെ കന്യാസ്ത്രിമഠത്തിന് അടുക്കലുള്ള ബംഗ്ലാവിലേയ്ക്ക് ഞാൻ കൊണ്ടു പോന്നു. പള്ളിയിൽ വലിയത്രോണോസിന്റെ അഴിയ്ക്കു താഴെ തെക്കുവശത്ത് വേണ്ടത്ര ആഘോഷത്തോടെ അത് അടക്കം ചെയ്തു."

## എഴുപത്തിമൂന്ന്

# ജ്ഞാനവായന

കൂനമ്മാവു മഠത്തിലേക്ക് ഒരു ജ്ഞാനവായന പുസ്തകം കൊടുക്കുന്ന വേളയിൽ ചാവറയച്ചൻ ശ്രേഷ്ഠത്തിയമ്മക്ക് എഴുതുന്ന കത്ത് ശ്രദ്ധേയമാണ് ദൈവകാരുണ്യത്തെ വാഴ്ത്തുന്ന ചാവറയച്ചന്റെ മനോഗതം കത്തിൽ പ്രകാശിക്കുന്നു.

"ഓ സന്തോഷമേ ഹാ എന്റെ കർത്താവേ, നീ ഈ വണ്ണം പുഴുക്കളും ഒന്നും മനസ്സിലാകാത്തവരും ആഹാരത്തിനു വേണ്ടി തള്ളയോടു യാചിക്കുവാൻ നിർവാഹമില്ലാത്തവരുമായ കുഞ്ഞു

ങ്ങൾ ഉറങ്ങിക്കിടന്നാലും ഉണർത്തി അവർക്കു മുലപ്പാൽ കൊടുക്കുന്നു. ഇത്തരത്തിൽ പൈതങ്ങളായ നമുക്കും അനുഗ്രഹം തന്നിരിക്കുന്നു. അതായത് സന്യാസ അന്തസ്സ് അവിടുന്നു നൽകി. ഇതിന്റെ പദവികൾകയറി ഈശോ തമ്പുരാനോടു ചേരുവാൻ പര്യാപ്തമായ അഭ്യാസപുസ്തകം ഇന്നുതന്നെ ഈശോമിശിഹാ നിങ്ങൾക്കായിട്ടു ഞാൻ അന്വേഷിക്കാതെ തന്നെ അയച്ചിരിക്കുന്നു. ഇതിനെ സന്തോഷത്തോടെ എല്ലാവരേയും വിളിച്ചുവരുത്തി കുറെ ഭാഗമെങ്കിലും വായിച്ചു കേൾപ്പിക്കുക."

### എഴുപത്തിനാല്

## പാവങ്ങളുടെ സ്നേഹിതൻ

കടുത്ത ജാതിവ്യവസ്ഥ നിലവിലിരുന്ന കാലത്തു അധഃകൃതരായ പുലയരേയും പറയരേയും മററുള്ളവരുടെ കൂടെയിരുത്തി വിദ്യാഭ്യാസം നിർവ്വഹിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒന്നാമത് സവർണ്ണരായ കുട്ടികൾ അതിനെ എതിർക്കും. അതുപോലെതന്നെ തീർത്തും പാവപ്പെട്ടവരെ പഠിപ്പിക്കുന്നതിന് സന്നദ്ധതയുള്ള അദ്ധ്യാപകരെ കിട്ടണം. പ്രതിബന്ധങ്ങളെ വിജയപൂർവ്വം ചാവറയച്ചൻ നേരിട്ടു. മാന്നാനം ആശ്രമത്തിനു സമീപത്തും ആർപ്പൂക്കര തുരുത്തുമാലിക്കുന്നിലും അധഃസ്ഥിതർക്കായുള്ള സ്കൂളുകൾ ആരംഭിച്ചു. തന്റെ കാലശേഷവും ഈ സ്കൂളുകൾ നടന്നുപോകണമെന്ന് ആഗ്രഹിച്ച ചാവറയച്ചൻ അതിനായി ശാശ്വതമായ ഒരു ഫണ്ട് ശേഖരിക്കാൻ തയ്യാറായി. 17 പറ പുഞ്ചനിലം ഇതിനായി വാങ്ങി. ഇതിന്റെ ആദായം കൊണ്ട് കുട്ടികളുടെ ഉച്ച ഭക്ഷണവും വാധ്യാന്മാരുടെ ശമ്പളവും നടന്നുപോകുമെന്നാണ് അദ്ദേഹം സ്വപ്നം കണ്ടത്.

എഴുപത്തിഅഞ്ച്

## ദളിത് വിദ്യാർത്ഥികൾക്ക് തണൽ നൽകുന്നു.

പാവപ്പെട്ടവരുടെ സ്കൂൾ നടത്തിപ്പിനായി മറ്റൊരുകാര്യവും ചാവറയച്ചൻ ചെയ്തിരുന്നു. കുട്ടനാടൻ പ്രദേശങ്ങളിലെ ഓരോ ഭവനത്തിലേയ്ക്കും ഒരു പാത്രം അദ്ദേഹം കൊടുത്തയച്ചു.ചോറിനായി ഓരോവീട്ടുകാരും അരി എടുക്കുമ്പോൾ ഒരു കൈപ്പിടി അരി പ്രാർത്ഥനയോടെ പാവങ്ങൾക്കുവേണ്ടിയുള്ള ഈ പിച്ച പാത്രത്തിൽ ഇടണമായിരുന്നു. അതിനുവേണ്ടി ഉണ്ണിശോയോടുള്ള ഒരു പ്രാർത്ഥനയും അദ്ദേഹം എഴുതിയുണ്ടാക്കി. ഓരോ ഭവനത്തിലേയ്ക്കും കൊടുത്തയച്ചു. ഇങ്ങനെ ദളിത് വിദ്യാർത്ഥികൾക്കായി ഉച്ചക്കഞ്ഞിക്കുള്ള അരി സമ്പാദിയ്ക്കാൻ ചാവറയച്ചനു കഴിഞ്ഞു. സ്കൂളുകളിൽ ദളിത് വിദ്യാർത്ഥികൾ നിറഞ്ഞു. ഓരോ ആശ്രമത്തോടും ചേർന്ന് ഇത്തരം സ്കൂളുകൾ ഹരിജനങ്ങൾക്കായി നടത്തണമെന്ന് ചാവറയച്ചൻ നിർദ്ദേശിച്ചിരുന്നു. പിൽക്കാലത്ത് തീണ്ടലും ഭ്രഷ്ടും ഗവൺമെന്റ് നിരോധിച്ചതിനെത്തുടർന്ന് ദളിതർക്കായിമാത്രമുള്ള വിദ്യാലയങ്ങൾ ഇല്ലാതായി.

എഴുപത്തിആറ്

## ഭാരതത്തിലെ ആദ്യത്തെ അനാഥശാല

കൈനകരിയിൽ ചാവറയച്ചൻ തുടങ്ങിയ ഉപവിശാല അത്തരത്തിലുള്ള ഭാരതത്തിലെ ഒന്നാമത്തെ സ്ഥാപനമാണ്. അനാഥർക്കും ഉപേക്ഷിക്കപ്പെട്ട അഗതികൾക്കുമായി ആരംഭിച്ച ഈ സ്ഥാപനം ശാശ്വതമായി നിലനിൽക്കണമെന്ന് ചാവറയച്ചൻ ആഗ്രഹിച്ചു. നാട്ടു

കാരെ ചേർത്ത് കൈനകരിപ്പള്ളിയിൽ ഒരു സന്നദ്ധ സംഘടന അതിനായി ആരംഭിച്ചു. പനമ്പും മുളയും ചേർത്ത് നിർമ്മിച്ച സ്ഥാപനം പുതുക്കി ശാശ്വതമായ ഒന്നാക്കിത്തീർത്തു. അയ്യായിരം രൂപയുടെ ഒരു ഫണ്ട് ഉപവിശാലയുടെ നടത്തിപ്പിനായി ചാവറയച്ചൻ ശേഖരിച്ചു. കർമ്മലീത്താ സഹോദരിമാരാണ് ഇപ്പോൾ ഈ സ്ഥാപനത്തിന്റെ അംഗരക്ഷകർ. ഇന്ന് ഭാരതത്തിലുടനീളം അനാഥശാലകളും യത്തീംഖാനകളും ഉണ്ട്. സർക്കാരിന്റെയും വിദേശസംഘടനകളുടെയും സഹായംകൊണ്ടാണ് അവ നടത്തപ്പെടുന്നത്. എന്നാൽ ഒന്നരനൂറ്റാണ്ടുമുൻപ് അനാഥശാലകളെക്കുറിച്ച് ഒരു ആശയവും ഇന്നാട്ടുകാർക്ക് ഇല്ലാതിരുന്നവേളയിൽ ഇത്തരമൊരു സാമൂഹ്യ പ്രവർത്തനത്തിന് തുടക്കം കുറിച്ച ചാവറയച്ചനിലെ മനുഷ്യത്വം എത്രമേൽ മഹനീയമാണ്.

എഴുപത്തിഏഴ്

# ദീനദയാലുവായ ചാവറയച്ചൻ

കേരളചരിത്രം മുഴുവൻ തിരഞ്ഞാലും ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചനെപ്പോലെ ഒരു ദീനദയാലുവിനെ കാണാൻ പ്രയാസമാണ്. മരണശാസനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി."ഭിക്ഷക്കാർ വെറും കൈയോടെ നിന്റെ വീട്ടിൽ നിന്നുപോകുവാൻ നീ അനുവദിയ്ക്കരുത്. പാടുള്ളപ്പോഴൊക്കെ ദാനധർമ്മം നൽകുക. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിയ്ക്കുകയോ, അതു വച്ചുതാമസിപ്പിക്കയോ ചെയ്യുന്നത് ഒരിക്കലും ശരിയല്ല. എന്തെന്നാൽ അത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു. പാവപ്പെട്ടവരെ നിന്ദിക്കരുത്. എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും നിന്നോടു പകരം ചോദിയ്ക്കും"

എഴുപത്തിഎട്ട്

# മുത്തിയൂട്ട് എന്ന സത്ക്രിയ

ചാവറയച്ചൻ ഒരിക്കലും പാവപ്പെട്ടവരേയും ഭിക്ഷക്കാരെയും വെറുംകയ്യോടെ പറഞ്ഞയയ്ക്കുകയില്ലായിരുന്നു. കൂനമ്മാവിൽ നിന്ന് മാന്നാനത്തു വന്നിരുന്ന അവസരത്തിൽ ചാവറയച്ചൻ ആയിരം ചക്രത്തിന് തുണിവാങ്ങിച്ച് പൈതങ്ങൾക്കും പാവപ്പെട്ട സ്ത്രീകൾക്കും കൊടുക്കുന്നതിനു കല്പിച്ചു. ചാവറയച്ചൻ പണപ്പിരിവ് നടത്തിയത് ദരിദ്രർക്ക് ഉച്ചക്കഞ്ഞിയും ആവശ്യം പോലെ തുണി, കൊന്തവെന്തിങ്ങ മുതലായവയും നൽകുന്നതിന് ആയിരുന്നു.

യൗസേപ്പിതാവിന്റെ മരണത്തിരുനാളിൽ മുത്തിയൂട്ടുനടത്തുക എന്നൊരു സമ്പ്രദായം മദ്ധ്യ കേരളത്തിലെ കുടുംബങ്ങളിലുണ്ട്. രാത്രി അത്താഴ സമയത്ത് നാട്ടിലെ പാവപ്പെട്ട കുടുംബത്തിൽ നിന്ന് കുടുംബനാഥനേയും നാഥയേയും ഒരു കുട്ടിയേയും വിളിച്ച് മൃഷ്ടാന്നഭോജനം നൽകുക എന്നതാണ് ഈ ചടങ്ങ്. നസ്രസിലെ തിരുക്കുടുംബത്തിന് ഈജിപ്തിലേയ്ക്കുള്ള പലായനത്തിൽ ആശ്രയം നൽകിയവരെയാണ് ഇത് അനുസ്മരിപ്പിക്കുന്നത്. ഈ സമ്പ്രദായം ആദ്യമായി മലയാളക്കരയിൽ നടപ്പിലാക്കിയത് ചാവറയച്ചനാണ്.

എഴുപത്തിഒൻപത്

# ശത്രുസ്നേഹം യേശുവിന്റെ കല്പന

ശത്രുക്കളെ സ്നേഹിക്കുക എന്ന യേശുവിന്റെ കല്പന സമ്പൂർണ്ണമായി ജീവിതത്തിൽ പകർത്തിയ വ്യക്തിയാണ് ചാവറപ്പിതാവ്. ആസ്ഥപ്പാടുപട്ടം കിട്ടിയശേഷം ചേന്ദംകരിപ്പള്ളിയിൽ ചെന്നപ്പോൾ അന്നത്തെ വികാരി ചാവറ ശെമ്മാശനെ പള്ളിയിൽ കയറാൻ അനുവദിച്ചില്ല. പള്ളിമുററം മുഴുവൻ കായലിൽ നിന്ന് ചെളികുത്തി

യെടുത്തു നിറച്ച് മലിനമാക്കി. ഇതുകണ്ട ചാവറകുടുംബത്തിലെ ബന്ധുക്കൾ വികാരിയുടെ നേരെ കയർത്തു. തുടർന്ന് ഉണ്ടാകുമായിരുന്ന സംഘർഷം ഓർത്തു ചാവറ ശെമ്മാശൻ ഓടിയെത്തി. ബന്ധുജനങ്ങളെ പകരംവീട്ടലിൽനിന്ന് പിന്തിരിപ്പിച്ചു. പിന്നീട് അവരെ ശാന്തരാക്കി ആലപ്പുഴയിലെ മാർസ്ളീബാ പള്ളിയിൽ കൊണ്ടുപോയി, പള്ളികയററം എന്ന ചടങ്ങു നടത്തുകയും ചെയ്തു. അവിടെ പള്ളിക്കാരും വൈദികരും സാഘോഷം അവരെ എതിരേറ്റു.

എൺപത്

## നന്മകൊണ്ട് തിന്മയെ നേരിടുന്നു.

ചേന്ദംകരിയിൽ വളരെ ഹീനമായി ചാവറയച്ചൻ അവഹേളിക്കപ്പെട്ടുവെങ്കിലുംശത്രു സ്നേഹത്തിന്റെ പരമകാഷ്ഠയായ പ്രവർത്തനമാണ് അദ്ദേഹത്തിൽ നിന്നും ഉണ്ടായത്. പിന്നീട് ചേന്ദംകരിപള്ളിയിൽപ്പോയി ഇദ്ദേഹം താമസിക്കുകയും വികാരിയുടെ സത്ക്കാരം സ്വീകരിക്കുകയും ചെയ്തു.യുറോപ്പിൽ നിന്ന് തനിക്കുകിട്ടിയ അതീവസുന്ദരമായ യൗസേപ്പിതാവിന്റെ കൊത്തുരൂപം ചേന്ദംകരിപ്പള്ളിക്ക് ചാവറയച്ചൻ സംഭാവനചെയ്തു. എല്ലാവർഷവും ചേന്ദംകരിപ്പള്ളിയിലെ പെരുന്നാൾപ്രസംഗം നടത്തിയിരുന്നത് 'വലിയ പ്രിയോരച്ചൻ 'ആയിരുന്നു. തന്റെ ആത്മീയമക്കളായി ചേന്ദംകരിക്കാരെ കാണുകയും അവർക്കുവേണ്ടി 'നല്ല അപ്പന്റെ ചാവരുൾ' എന്ന മരണശാസനം എഴുതിവയ്ക്കുകയും ചെയ്ത ചാവറപ്പിതാവ് തനിയ്ക്കുണ്ടായ തിരസ്ക്കാരത്തെക്കുറിച്ച് ഒരിടത്തും ഒരു വാക്കുപോലും എഴുതുകയും ഉണ്ടായില്ല.



### എൺപത്തിഒന്ന്

## കർത്താവിന്റെ ശിഷ്യർക്കടുത്ത മാതൃക

മാന്നാനം കൊവേന്തവക ഭൂമി പാട്ടത്തിന് എടുത്തിരുന്ന മാഞ്ഞൂർ ഇടവകക്കാരൻ കളപ്പുരയ്ക്കൽ മാത്തൻ എന്നയാൾ കൊവേന്തയുമായി ശണ്ഠയിലായി. പാട്ടക്കുടിശ്ശിഖ കൊടുത്തില്ല എന്നു മാത്രമല്ല കൊവേന്തയ്ക്ക് നിരവധി ഉപദ്രവങ്ങൾ ഇയാൾ ചെയ്തു. തന്മൂലം വലിയ പ്രിയോരച്ചൻ ഇയാളെ വിളിച്ചു ഉപദേശിച്ചു. ഇക്കാര്യം വലിയ മാനക്കേടായി മാത്തൻ എടുത്തു. ആലപ്പുഴ കോടതിയിൽ അയാൾ ചാവറയച്ചനെതിരായി കേസ് ഫയൽ ചെയ്യുകയും ചെയ്തു. കോടതിയുടെ പ്രതിക്കൂട്ടിൽക്കയറി വിസ്താരത്തിൽ ചാവറയച്ചന് പങ്കെടുക്കേണ്ടിവന്നു. വിസ്താരം കഴിഞ്ഞു. കേസ് പരിപൂർണ്ണമായും വ്യാജമാണെന്ന് മൊഴികളിൽ നിന്നും കോടതിയ്ക്കു ബോധ്യമായി. ചാവറയച്ചനോട് ജഡ്ജി ക്ഷമാപണംനടത്തി അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഇദ്ദേഹം ഒരു ദിവ്യപുരുഷനാണ്. ഇദ്ദേഹത്തിനെതിരേ കേസു കൊടുത്തയാൾ തികച്ചും അധമനാണ്" കളപ്പുരയ്ക്കൽ മാത്തനെ ജഡ്ജി പരസ്യമായി ശകാരിച്ചു. ധനനഷ്ടവും അപമാനവും പേറിയാണ് കള്ളക്കേസു കൊടുത്ത ആ മനുഷ്യൻ തിരിച്ചു പോയത്. കുറെ വർഷങ്ങൾക്കുശേഷം തന്റെ എതിർകക്ഷി സാമ്പത്തികമായി തകർന്നിരിക്കുന്നതും ജീവിതവൃത്തിക്കുപോലും വിഷമിക്കുന്നതുമായ കാര്യം ചാവറയച്ചൻ അറിഞ്ഞു. സ്നേഹിതൻമാരും സഹപ്രവർത്തകരും വഴി ധാരാളം സഹായം കളപ്പുരയ്ക്കൽ മാത്തന് അദ്ദേഹം നൽകി. അവസാനമായി തന്റെ മരണശാസനത്തിൽ ചാവറയച്ചൻ ഇങ്ങനെ എഴുതി."മാന്നാനം കൊവേന്തക്കാർ കളപ്പുരയ്ക്കൽ മാത്തന്റെ കുടുംബത്തോടു സ്നേഹം കാണിക്കണം. കൊല്ലംതോറും കഴിയുന്നത്ര സഹായം ചെയ്തു കൊടുക്കണം. ഇത് കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃക ആയിരിക്കും".





എൺപത്തിരണ്ട്

# നല്ല ഇടയൻ

റോക്കോസ് ശീശ്മ മൂലം കത്തോലിക്കാ സഭയിൽ ഉണ്ടായ അരിഷ്ടതകൾ മാറുന്നതിനു മുമ്പ് മറ്റൊരു മാരണം കൂടി ഉണ്ടായി. മേലൂസ് ശീശ്മ എന്നാണ് ഇത് അറിയപ്പെടുന്നത്. തൊണ്ടനാട്ട് അന്തോനിക്കത്തനാരാണ് പ്രശ്നങ്ങൾക്കു കാരണക്കാരൻ. അദ്ദേഹം ബാബേലിൽച്ചെന്ന് ശീശ്മ മെത്രാനിൽ (നെസ്തോറിയൻ പാത്രിയാർക്കീസ്) നിന്ന് മെത്രാപ്പോലീത്താപ്പട്ടം സ്വീകരിച്ചു. കേരളത്തിലെത്തി. എന്നാൽ അധികം പേർ അദ്ദേഹത്തെ വിശ്വസിക്കുകയോ അനുസരിക്കുകയോ ചെയ്തില്ല. അവുദീശോ എന്ന പേരിലാണ് തൊണ്ടനാട്ടു മെത്രാൻ അറിയപ്പെട്ടത്. പുതിയ മെത്രാൻ മലമ്പനി ബാധിച്ചു കിടപ്പിലായി. അനുയായികൾ യാത്രചൊല്ലിപ്പിരിഞ്ഞു. ബന്ധുജനങ്ങളും അദ്ദേഹത്തെ ഉപേക്ഷിച്ചു. എല്ലാവരും കൈവെടിഞ്ഞപ്പോൾ അവുദീശോ അഭയം കണ്ടെത്തിയത് വലിയ പ്രിയോരച്ചനിലാണ്. അപേക്ഷ കൈപ്പറ്റിയ ചാവറയച്ചൻ വരാപ്പുഴ മെത്രാപ്പോലീത്തായുമായി ആലോചിച്ചു. റോമിൽ നിന്നുള്ള അനുവാദത്തോടെ മഹറോൻ നീക്കി അവുദീശോയെ വീണ്ടും കത്തോലിക്കാ സഭയിലേയ്ക്കു തിരിച്ചെടുക്കാമെന്ന് തീരുമാനിച്ചു. അതുവരെ മാന്നാനത്ത് പോയി തപസ്സും പ്രാർത്ഥനയുമായി കഴിയണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ മാന്നാനത്ത് വന്ന് അവുദീശോമെത്രാൻ വാസം തുടങ്ങി.

റോമിൽ നിന്ന് അനുവാദംവന്നു. എല്ലാമുടക്കുകളും മാററിക്കൊടുക്കുകയും നിത്യച്ചിലവിനും ചികിത്സയ്ക്കുമുള്ള തുക അവുദീശോ മെത്രാന് നൽകുകയും ചെയ്തത് ചാവറയച്ചനാണ്. പിന്നീട് ഇദ്ദേഹത്തെ ഭരണങ്ങാനം, വിളക്കുമാടം എന്നീ പള്ളികളിൽ ചാവറയച്ചൻ വികാരിയായി നിയമിക്കുന്നുണ്ട്. എന്നാൽ തൊണ്ടനാട് അന്തോനിക്കത്തനാർ വിശ്വാസത്തിൽ ഉറച്ചു നിന്നില്ല. ഒരു ചാഞ്ചാട്ടക്കാരനായിരുന്നു അദ്ദേഹം. മെത്രാൻപദകാംക്ഷിയായ തൊണ്ടനാടൻ ബാബേലിൽ നിന്ന്മേലൂസ് എന്ന വ്യാജമെത്രാൻ വന്നപ്പോൾ അദ്ദേ

ഹത്തിന്റെ പിന്നാലെ കൂടി. കത്തോലിക്കാ സഭയിൽനിന്ന് അദ്ദേഹം വീണ്ടും പുറത്തുപോയി ശീശ്മ പ്രസ്ഥാനവുമായി അലഞ്ഞുനടന്നു.

### എൺപത്തിമൂന്ന്

## നിർമ്മലജീവിതത്തിനു സാക്ഷ്യം

ചാവറയച്ചന്റെ ആധ്യാത്മിക പിതാവായിരുന്ന ലെയോപോൾഡ്
മിഷനറിചാവറയച്ചന്റെ ശവസംസ്ക്കാരത്തിനുശേഷം കണ്ണീരോടെ
ഡയറിയിൽ എഴുതി. 'ഇന്ന് 1871 ജനുവരി മൂന്നിന് തിരുക്കുടുംബ
ത്തിന്റെ ഫാ. കുറിയാക്കോസ് ഏലിയാസ്,പ്രഥമ പ്രിയോർ അത്യന്തം
നിർമ്മലമായ ജീവിതത്തിന് ശേഷം നിര്യാതനായി. മാമ്മോദീസായിൽ
തനിയ്ക്കു ലഭിച്ച വിശുദ്ധി ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്ന് മര
ണത്തിനുമുമ്പ് ഏറ്റു പറയുവാൻ ഇദ്ദേഹത്തിനുകഴിഞ്ഞു. എല്ലാ
സുകൃതങ്ങളും വിശിഷ്യാ, ഹൃദയലാളിത്യം, സജീവവിശ്വാസം ആഴ
മുള്ള അനുസരണം, പരിശുദ്ധ കുർബാനയോടും പരിശുദ്ധ കന്യാമ
റിയത്തോടും വിശുദ്ധ യൗസേപ്പിനോടുമുള്ള ആർദ്രമായഭക്തി
എന്നിവ ഇദ്ദേഹം അഭ്യസിച്ചിരുന്നു. മലയാളക്കരയിലെ ക്രൈസ്ത
വരുടെ നന്മയ്ക്കുവേണ്ടി വളരെയേറെ കഷ്ടപ്പാടുകൾ ഇദ്ദേഹം സഹി
ച്ചിട്ടുണ്ട്. പ്രത്യേകിച്ച് റോക്കോസ് ശീശ്മയ്ക്കെതിരെ പോരാടിയ
തിന്റെ പേരിൽ പരിശുദ്ധ പിതാവ് ഒൻപതാംപിയൂസ് മാർപ്പാപ്പാ ഇദ്ദേ
ഹത്തിന് ഒരു അഭിനന്ദക്കത്ത് അയച്ചുകൊടുക്കുകയുണ്ടായി.

"മലയാളത്തിലെ കർമ്മലീത്താ മൂന്നാംസഭയുടെ സ്ഥാപകനും
പ്രഥമ പ്രിയോർ ജനറാളുമാണ് ഫാ.ചാവറകുറിയാക്കോസ്. വളരെ
പ്രയാസങ്ങൾ സഹിച്ച് സന്യാസിനികൾക്കുവേണ്ടിയുള്ള ഒരു സഭയും
ഇദ്ദേഹം സ്ഥാപിച്ചു. സ്ഥായിയായ സുകൃതങ്ങൾ, വിജ്ഞാനം, സുറി
യാനിഭാഷയിലുള്ള അഗാധമായ പാണ്ഡിത്യം എന്നിവമൂലം മലബാ

റിലെ സുറിയാനിക്കാരുടെമേൽ വിലിയ സ്വാധീനമാണ് ഇദ്ദേഹത്തിനുണ്ടായിരുന്നത്. ലൗകികവസ്തുക്കളോട് ക്രമവിരുദ്ധമായ സ്നേഹത്തിൽ നിന്ന് ഇദ്ദേഹം വിമുക്തനായിരുന്നു. അന്ത്യകൂദാശകൾ അസാധാരണമായ ഭക്തിയോടും വിശുദ്ധിയോടും കൂടി സ്വീകരിച്ചശഷം തന്നെ അറിയുന്നവരെ പ്രത്യേകിച്ച് എന്നെ (ഞാൻ എന്നെത്തന്നെ അറിയുന്നതുപോലെ ഇദ്ദേഹത്തെയും അറിഞ്ഞിരുന്നു.)കണ്ണീരിലാഴ്ത്തിക്കൊണ്ട് സ്വർഗ്ഗീയ സന്തോഷത്തോടെ 65-ാം വയസ്സിൽ ഇദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഇവിടെ, കൂനമ്മാവുപള്ളിയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. വിശുദ്ധവും മനോഹരവുമായ ആത്മാവേ, എനിയ്ക്കുവേണ്ടി പ്രാർത്ഥിയ്ക്കണമേ”

എൺപത്തിനാല്

# ഒരു തലമുടിയുടെ കഥ

മുട്ടത്തുപാടത്ത് വർക്കിയച്ചൻ മറ്റുപലരേയും പോലെ ചാവറയച്ചനെ വിശുദ്ധനായിട്ടാണ് കരുതിയത്. ഒരിക്കൽ അദ്ദേഹം ചാവറയച്ചനെക്കണ്ട് ചില കാര്യങ്ങൾ സംസാരിക്കുന്നതിന് എത്തി. അപ്പോൾ ചാവറയച്ചൻ മുടിവെട്ടിച്ചുകഴിഞ്ഞ് കുളിയക്കാൻ കുളിമുറിയിലേയ്ക്ക് പോയിരുന്നു. മുടിവെട്ടിയ ആളെ വർക്കിയച്ചൻ കണ്ടു. അയാളുടെ സഹായത്തോടെ, നിലത്തുകിടന്ന മുടിശകലങ്ങൾ ശേഖരിച്ചു കൈവശംവച്ചു. പിന്നീട് ചാവറയച്ചനെക്കണ്ട് കാര്യങ്ങൾ സംസാരിച്ചിട്ടു മുട്ടത്തുപാടത്തച്ചൻ തിരിച്ചുപോയി. അദ്ദേഹം തലമുടിശകലങ്ങൾ തിരുശ്ശേഷിപ്പുപോലെ ഒരു ചിമിഴിൽ( അരുളിക്കാ)സൂക്ഷിച്ച് വലിയ നിധിപോലെ കരുതുകയും ചെയ്തു. നിരവധി അനുഗ്രഹങ്ങൾ ഇതുമൂലം മുട്ടത്തുപാടത്ത് വർക്കിയച്ചന് ലഭിച്ചിട്ടുണ്ട്. ചാവറയച്ചൻ മരിച്ചശേഷം വാർഷിക



ദിനത്തിൽ ഇദ്ദേഹം മാന്നാനത്ത് പൂജഅർപ്പിക്കുകയും ഈ തിരുശേഷിപ്പ് എല്ലാവരേയും കാണിക്കയും ചെയ്തു.

വർക്കിയച്ചന്റെ അനന്തിരവനായ മുട്ടത്തുപാടത്ത് ഔസേപ്പച്ചന് മേല്പറഞ്ഞ അരുളിക്കാ സമ്മാനമായിനൽകിയിട്ടാണ് വർക്കിയച്ചൻ മരിക്കുന്നത്. എനിയ്ക്കു നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം എന്ന് അദ്ദേഹം ഈ തിരുശ്ശേഷിപ്പ് സഹോദരപുത്രനു കൊടുത്തപ്പോൾ പറയുകയും ചെയ്തു.

മുട്ടത്തുപാടത്തു കുടുംബാംഗം ആയിരുന്ന വാഴ്ത്തപ്പെട്ട സി. അൽഫോൻസാ നൊവിഷ്യേറ്റുകാലത്ത് രോഗശയ്യയിലായിരിക്കേ, ബ. ഔസേപ്പച്ചൻ ചാവറയച്ചന്റെ തലമുടി അടക്കംചെയ്ത അരുളിയ്ക്കാ നൽകി. അത് തലയിണക്കീഴിൽ സൂക്ഷിക്കാൻ സി. അൽഫോൻസായോടു നിർദ്ദേശിക്കുകയും ചെയ്തു. സി. അൽഫോൻസായുടെ രോഗം പെട്ടെന്നു മാറി. 1937-ൽ ജൂൺമാസത്തിൽ ബ. ഔസേപ്പച്ചൻ ഈ തിരുശേഷിപ്പ് മാന്നാനം ആശ്രമദേവാലയത്തിൽ ഏല്പിച്ചു. അത് ഇന്നും മാന്നാനത്ത് പൂജ്യവസ്തുവായി വണങ്ങപ്പെടുന്നു.

എൺപത്തിഅഞ്ച്

# നിപുണനായ ഭരണാധികാരി

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ മുഴുവൻ അധികാരി എന്നനിലയിൽ വികാരിജനറാളായി ചാവറയച്ചൻ നിയമിതനായി. നൂറ്റിഎൺപതിലധികം ഇടവകപ്പള്ളികളുടെ ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നു.

ഇതെല്ലാം ഭംഗിയായി നിർവ്വഹിച്ചു കൊണ്ടുപോകുന്നതിന് പറ്റിയ ഉത്തുംഗമായ ഒരു മനസ്സ് ചാവറയച്ചനുണ്ടായിരുന്നു. ഭര

ണസൗകര്യത്തിനായി ആകമാനസുറിയാനി സഭയെ നാലു റീജി യനുകളായി വിഭജിച്ചു.ഓരോ റീജിയന്റെയും ഭരണാധികാരി യായി ദപ്പുദാർ (ഡപ്യൂട്ടി) മാരെ നിയമിച്ചു. പ്രഗത്ഭരും പ്രസി ദ്ധരുമായ വൈദികരായിരുന്നു ദപ്പുദാർമാരായി ജോലിചെയ്ത ത്. കർമ്മലീത്താ സഭയിലെ വൈദികരായിരുന്നു പ്രധാനമായും റീജിയനുകളുടെ ചുമതല നിർവ്വഹിച്ചത്. സന്യസ്തരായ അവർക്ക് മുഴുവൻ സമയവും റീജിയൻ പ്രവർത്തനങ്ങൾക്കു വേണ്ടി മാറ്റിവയ്ക്കാൻ കഴിഞ്ഞു.

എൺപത്തിആറ്

# നൂറ്റിക്കഞ്ച് പള്ളിക്കു നൽകുക

സെമിനാരികൾ നടത്തിക്കൊണ്ടുപോകുക, രൂപതാ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി നല്ലൊരു ചിലവ് ഉണ്ടായിരുന്നു. ഇതിനുവേണ്ടി ആദായത്തിൽ അഞ്ചുശതമാനം(നൂററിക്ക്അഞ്ച്) ഓരോ ക്രൈസ്തവനും സഭ യക്ക് (അരമനക്കച്ചേരിയ്ക്ക്) നൽകണമെന്ന നിയമം വച്ചത് ചാവറയച്ചനാണ്.

ഓരോ ദേവാലയത്തിലെയും പ്രധാന തിരുന്നാളിനുമുമ്പ് പള്ളിക്കണക്ക് പള്ളിയോഗത്തിൽ അവതരിപ്പിച്ചു പാസാക്കണം എന്ന് വികാരിജനറാൾ ഇറക്കിയ കല്പന സുറിയാനി സഭയുടെ സാമ്പത്തിക ഭദ്രതയ്ക്ക് ഇട്ട ഉറപ്പുള്ള ശിലയാണ്.

എൺപത്തിഏഴ്

# ദൈവം കല്പിച്ചു തന്ന സമയം

1871 ജനുവരി 2ന് ചാവറയച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് ആത്മീയ ഗുരു ലെയോപോൾദ് ബൊക്കാറോ മിഷനറി അദ്ദേഹത്തെ കുമ്പസാരിപ്പിച്ചു. രോഗീലേപനം കൂടി നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടെങ്കിലും, അതിനു ശക്യനാകാതെ കട്ടിലിൽ കമഴ്ന്നുവീണ് മിഷനറി കരഞ്ഞു കൊണ്ടിരുന്നു. കൂനമ്മാവ് കൊവേന്ത പ്രിയോരായിരുന്ന യോഹന്നാൻ ക്രൂസിന്റെ ഔസേപ്പച്ചനാണ് രോഗീലേപനം നടത്തിയത്. എല്ലാവരും ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടിരുന്നു. അപ്പോൾ തലയിണയിൽ ശാന്തനായി തലചായ്ച്ചുകിടന്ന് ചാവറയച്ചൻ അവരെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. " നിങ്ങൾ എന്തിനാണ് കരയുന്നത്? എനിയ്ക്കായി ദൈവം കല്പിച്ചുതന്ന സമയമാണിത്. എന്റെ മാതാപിതാക്കളുടെ സഹായത്താൽ തിരുക്കുടുംബത്തെ ചെറുപ്പം മുതൽ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്ന എനിയ്ക്ക് തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താൽ മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്തുവാൻ ഇടയായില്ല എന്നു സന്തോഷത്തോടെ പറയുന്നതിന് ധൈര്യമുണ്ട്. നിങ്ങളും ഈ തിരുക്കുടുംബത്തിന് പ്രതിഷ്ഠിതരാകുവാൻ ദിവ്യ കാരുണ്യ നാഥനെ മുഴുഹൃദയത്തോടെ സ്നേഹിക്കണം. എല്ലാവരും പ്രത്യേകിച്ച് ശ്രേഷ്ഠന്മാരും തമ്മിൽത്തമ്മിൽ ഉപവിയുള്ളവരും പരസ്പരം സഹായിക്കുന്നവരും ആയിരിക്കണം ഇങ്ങനെ ചെയ്താൽ നമ്മുടെ സഭ ഒന്നിനൊന്ന് അഭിവൃദ്ധി പ്രാപിയ്ക്കും."

എൺപത്തിഎട്ട്

# നാളാഗമങ്ങൾ

ചരിത്രം രേഖപ്പെടുത്തി വയ്ക്കുന്ന സമ്പ്രദായം ഇന്ത്യക്കാർക്കില്ല എന്നത് ഒരു ദുഃഖ സത്യമാണ്. അശോകനെപ്പോലുള്ള മഹാരാജാക്കന്മാരുടെയും കാളിദാസനേപ്പോലുള്ള കവികളുടെയും പോലും ഐതിഹങ്ങളിലും കുടുങ്ങിക്കിടക്കുന്ന ചരിത്രമേ നമുക്കുള്ളു. വരും തലമുറകൾക്കു വേണ്ടി ചരിത്രം സത്യസന്ധമായി രേഖപ്പെടുത്തി വയ്ക്കണം എന്ന് ചാവറയച്ചൻ നിർദ്ദേശിക്കയും നാളാഗമങ്ങളുടെ രചനയിലൂടെ അത് അദ്ദേഹം യാഥാർത്ഥ്യമാക്കുകയും ചെയ്തു. മുൻ ഇന്ത്യൻ പ്രസിഡന്റ് ഡോക്ടർ ആർ വെങ്കിട്ടരാമൻ പറഞ്ഞതുപോലെ 19-ാം നൂറ്റാണ്ടിലെ കേരള ചരിത്രത്തിന്റെ അധ്യായങ്ങൾ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തിയ ഈടുവയ്പാണ് ചാവറയച്ചന്റെ നാളാഗമനങ്ങൾ. ചാവറയച്ചന്റെ ദീർഘവീഷണം, വിനയം, സത്യസന്ധത, സ്നേഹം, കഠിനാധ്വാനം, സമൂഹത്തോടുള്ള പ്രതിബദ്ധത, സമുദായസ്നേഹം, ഭാഷാസ്നേഹം തുടങ്ങിയ നിരവധി കാര്യങ്ങൾ നാളാഗമത്തിൽ തെളിഞ്ഞുവിളങ്ങുന്നു. "ഈ എഴുതുവാൻ പോകുന്ന കാര്യങ്ങൾ ഞാൻ കണ്ണുകൊണ്ടു കണ്ടതായിട്ടും വിശ്വാസമുള്ളവരിൽ നിന്നു കേട്ടതായിട്ടും ഉള്ളവയാ" ണെന്ന് അദ്ദേഹം സാക്ഷ്യം നൽകുന്നു. സുവിശേഷകനായ യോഹന്നാനെപ്പോലെ, എല്ലാ കാര്യങ്ങളും തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്താൻ താനശക്തനാണെന്ന് പറയാനും ചാവറയച്ചൻ മടിക്കുന്നില്ല." ഈ വണ്ണം ഞാൻ എഴുതുന്നുവെങ്കിലും ഞാൻ അറിയാത്തവയായി മറ്റു പല വിവരങ്ങളും ഉണ്ടായിരിക്കും. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എന്റെ ഓർമ്മയിൽ വരുന്നതുമായ സംഗതികൾ മാത്രം ഇവിടെ കുറിക്കുന്നു."

എൺപത്തിഒൻപത്

# കൃതജ്ഞതാഭാവം

മറ്റുള്ളവരിൽ നിന്ന് ഉപകാരങ്ങൾ കിട്ടിയാൽ അതു മറയ്ക്കുയോ, മറക്കയോ ചെയ്യുന്നവരാണ് അധികം. ചാവറയച്ചൻ എപ്പോഴും കൃതജ്ഞതയോടെയാണ് ഉപകാരികളെ സ്മരിച്ചത്.

ആത്മാനുതാപത്തിലെ പ്രഥമാദ്ധ്യായം മുഴുവൻ ദൈവത്തോടുള്ള കൃതജ്ഞതാ പ്രകാശനം ആണ്. തന്റെ വൈദിക വിദ്യാഭ്യാസത്തിന്റെ ചെലവ് വഹിക്കയും, തനിക്കുവേണ്ടി ഏറെ അധ്വാനിക്കുകയും ചെയ്ത തോമസ് പാലയ്ക്കൽ മല്പാനെ നന്ദിപുരസ്സരം ചാവറയച്ചൻ ഓർക്കുന്നു. അദ്ദേഹം ദിവംഗതനായപ്പോൾ അദ്ദേഹത്തിന്റെ ജീവചരിത്രം ചാവറയച്ചൻ എഴുതി. പൈതൽ പ്രായം മുതൽ അത്മാവിനടുത്തതും ശരീരത്തിനടുത്തതുമായ രണ്ടു സംഗതികളിലും അദ്ദേഹം എന്നെ പഠിപ്പിച്ചു വളർത്തി. എന്ന് സ്നേഹത്തോടെ അദ്ദേഹം സ്മരിക്കുന്നു. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ കണക്കാക്കാതെ തന്നെയും തന്റെ സമൂഹത്തേയും സഹായിച്ച എല്ലാവരേയും ഓർക്കുന്നുണ്ട്. മാന്നാനം കുന്നിലെ കാടുവെട്ടിത്തെളിച്ച ഇട്ടൻ, ഭക്ഷണം കൊടുത്ത കൊച്ചുപുരയ്ക്കൽ ഈപ്പൻ മാപ്പിള, വേമ്പേനി, തറയിൽ, മലയിൽ എന്നീ വീട്ടുകാർ പ്രത്യേകിച്ച് തയ്യിൽ- പെരുമാലി കുടുംബക്കാർ എന്നിവരെയൊക്കെ നാളാഗമത്തിൽ നാം കണ്ടു മുട്ടുന്നു. വസൂരി രോഗം പിടിപെട്ടപ്പോൾ ചാവറയച്ചനെ ചികിത്സിച്ച വൈദ്യനും പരിചരിച്ച ശുശ്രൂഷിക്കും സമ്മാനം കൊടുത്തയച്ച ശിഷ്യന്മാർക്കും ചാവറയച്ചൻ നന്ദി പറയുന്നു. തനിക്കെതിരേ കള്ളക്കേസു ചമച്ച മനുഷ്യനേപ്പോലും സ്നേഹബുദ്ധ്യാ ഓർക്കയും അദ്ദേഹത്തിന് സഹായം ചെയ്യാൻ അനുയായികളോടു നിർദ്ദേശിക്കയും ചെയ്യുന്നുണ്ട്.

തൊണ്ണൂറ്

## ദർശനവീട്

ദർശനവീടു പണിവർത്തമാനം ചാവറയച്ചൻ എഴുതിയത് വിനയ വിനീതനായിക്കൊണ്ടാണ് ബഹുമാനപ്പെട്ട ഞങ്ങളുടെ പള്ളിപ്പുറത്തെ പാലയ്ക്കൽ തോമ്മാ എന്ന പേരു വിളിക്കപ്പെട്ട മല്പാനച്ചനോടു കൂടെ പഠിച്ചതിൽ ഒരുത്തൻ, കുറയപ്പെട്ടവൻ ചാവറ കുറിയക്കോസ് കത്തനാർ എഴുതിയത്. തന്റെ അറിവില്ലായ്മയേയും ഭോഷത്വത്തേയും നാളാഗമത്തിൽ തുറന്നു കാട്ടാൻ എളിമയുടെ മാതൃകയായിരുന്ന ചാവറയച്ചൻ ഒരിക്കലും മടിച്ചിരുന്നില്ല.

തൊണ്ണൂറ്റിഒന്ന്

## പണം തിരിയെകൊടുത്തു

കൂനമ്മാവ് മഠം പണി നടക്കുന്ന അവസരം. അത്യാവശ്യമായി കുറെ പണം ജനങ്ങളിൽ നിന്നും പരിച്ചു കൊണ്ടുവരുവാൻ കൂനമ്മാവിലെ വൈദികരിൽ ഒരാളായ തോപ്പിൽ ഗീവർഗീസച്ചനെ ഇടവകകളിലേക്കു അയച്ചു. അദ്ദേഹം പിരിച്ചു കൊണ്ടുവന്ന തുക 400 രൂപ ഉണ്ടായിരുന്നു. മഠം പണി തീർക്കുവാൻ 200 രൂപ മാത്രം മതിയായിരുന്നു. ബാക്കി പണം എന്തു ചെയ്യണം എന്നതിനെക്കുറിച്ച് ചാവറയച്ചന് സംശയം ഉണ്ടായിരുന്നില്ല. മിച്ചം വന്ന തുക മുഴുവനും അതിന്റെ ദാതാക്കൾക്ക് കൃതജ്ഞതാപൂർവ്വം തിരികെ കൊടുത്തു. ദാനം നിർദിഷ്ട കാര്യത്തിനല്ലാതെ മറ്റൊരുകാര്യത്തിന് വിനിയോഗിക്കുന്നത് ചാവറയുടെ ദൃഷ്ടിയിൽ ശരിയായിരുന്നില്ല.

തൊണ്ണൂറ്റിരണ്ട്

# സഭാസ്നേഹം

കത്തോലിക്കാ തിരുസ്സഭയോടും അതിന്റെ പരമാധ്യക്ഷനായ മാർപ്പാപ്പയോടും ചാവറയച്ചനുള്ള വിധേയത്വം പൂർണ്ണമായിരുന്നു. കേരള സഭയിൽ പേർ വിളിക്കപ്പെട്ട പുണ്യവാന്മാരോ പുണ്യവതികളോ ഉണ്ടായിട്ടില്ല എന്ന കാര്യത്തിൽ അദ്ദേഹത്തിനു ദുഃഖം ഉണ്ടായിരുന്നു. ശുദ്ധ മാർത്തോമ്മ ശ്ലീഹായാൽ സത്യവേദം കൈക്കൊണ്ട ഈ മലയാളം ഇതുവരെ വന്ധ്യയായിരിക്കുന്നു. എന്ന അഭിപ്രായം വിശുദ്ധ പദത്തിൽ അറിയപ്പെട്ട ആരും സഭാ മാതാവിന്റെ മക്കളായിട്ടില്ല എന്നതു കാണിക്കുന്നു. റോക്കോസ് ശീശ്മയുടെ കാലത്ത് സത്യം അറിയുവാൻ വേണ്ടി മാർപ്പാപ്പായ്ക്ക് ചാവറയച്ചൻ കത്തെഴുതി. തന്റെ സേവനങ്ങൾക്ക് ഒൻപതാം പീയൂസ് മാർപ്പാപ്പയിൽ നിന്ന് ചാവറയച്ചൻ പ്രശംസാ പത്രം വാങ്ങുന്നുണ്ട്. 1869–ൽ മാർപ്പാപ്പ ഒന്നാം വാത്തിക്കാൻ സൂന്നഹദോസ് വിളിച്ചു കൂട്ടി. സൂന്നഹദോസിൽ സംബന്ധിച്ച കർദ്ദിനാളന്മാരുടെയും മെത്രാന്മാരുടെയും ലിസ്റ്റ്, അവരുടെ പ്രായം, റീത്ത് തുടങ്ങിയവ നാളാഗമത്തിൽ ചാവറയച്ചൻ കുറിച്ചിട്ടുണ്ട്. സഭയെ ആത്മാർത്ഥമായി സ്നേഹിക്കാൻ സഭയെ സംബന്ധിച്ചുള്ള ശരിയായ അറിവ് സമ്പാദിക്കണം എന്ന് ചാവറയച്ചൻ വിശ്വസിച്ചു. സൂന്നഹദോസിന്റെ വിജയത്തിനായി പള്ളികളിൽ നിന്നും കാഴ്ചപ്പണം ശേഖരിച്ച് മാർപ്പാപ്പായ്ക്ക് അദ്ദേഹം എത്തിച്ചു കൊടുക്കുന്നുണ്ട്. “റോക്കോസിന്റെ കൈയ്യും കാലും മുത്താം; പക്ഷേ മോതിരം മുത്തില്ല” എന്നു അദ്ദേഹം പറയുന്നതിന്റെ പൊരുൾ സത്യസഭയോടുള്ള വിധേയത്വം ആണ്.

## തൊണ്ണൂറ്റിമൂന്ന്

# സുറിയാനി ഭാഷാസ്നേഹം


ആരാധനക്രമഭാഷയിൽ സുറിയാനിയോട് അദ്യമ്യമായ താൽപര്യം ചാവറയച്ചനുണ്ടായിരുന്നു. മാർപ്പപ്പായ്ക്ക് അയക്കുന്ന ഒരു കത്തിന്റെ അവസാനഭാഗത്തിൽ നടത്തുന്ന അഭ്യർത്ഥന ഇങ്ങനെയാണ്. "അങ്ങ് ഞങ്ങൾക്ക് അയക്കുന്ന മറുപടി കൽദായ സുറിയാനി ഭാഷയിൽ ആയിരിക്കണമെന്നു കൂടി അപേക്ഷിക്കുന്നു."

മിഷ്യനറിമാരുടെ വിശ്വാസത്തേയും പ്രവർത്തനത്തേയും അംഗീകരികുന്നുണ്ടെങ്കിലും സുറിയാനി ഭാഷ അവർ അഭ്യസിക്കാതിരിക്കുന്നതു സഭാപ്രവർത്തനത്തിൽ ക്ഷീണം വരുത്തുന്നുവെന്ന് ചാവറയച്ചൻ കരുതി. മിഷണറിമാരെ സുറിയാനി പേച്ചിലും ക്രമത്തിലും കുർബാന ചൊല്ലാനുള്ള അനുവാദത്തോടെ മലയാളത്തിലേക്ക് അയയ്ക്കണമെന്നും ഈ മെത്രാപ്പോലീത്താച്ചന്റെ കാലം കഴിയുമ്പോൾ മേൽ പട്ടക്കാരനായിട്ട് തിരഞ്ഞെടുക്കുന്നത് അവരിൽ ഒരുത്തനായിരിക്കണമെന്നും ചാവറ അച്ചൻ ആലോചന എന്ന കത്തിൽ സൂചിപ്പിക്കുന്നുമുണ്ട്.

## തൊണ്ണൂറ്റിനാല്

# സമന്വയം

പാശ്ചാത്യരുടെ രീതി അവലംബിക്കണമോ അതോ പൗരസ്ത്യ ശീലങ്ങൾ പിന്തുടണമോ എന്ന തർക്കം കേരളസഭയിൽ ഏറെകാലമായി നിലനിൽക്കുന്ന ഒന്നാണ്. പലപ്പോഴും ഇതേച്ചൊല്ലി വിവേകം വെടിഞ്ഞുള്ള പ്രവർത്തനങ്ങളും സഭയുടെ ചരിത്രത്തിൽ ഉണ്ട്. ചാവറയച്ചന്റേത് പക്വമായ വീക്ഷണമായിരുന്നു. അന്തിമതീരു



മാനത്തിന് റോമിനെ അശ്രയിക്കാൻ അദ്ദേഹം തയ്യാറായിരുന്നു. പാശ്ചാത്യപൗരസ്ത്യരീതികളുടെ സമുച്ചയം ആണ് ചാവറയച്ചൻ ദർശനം ചെയ്തത്. അതായത് വിശ്വാസം, മനോധാരാള്യം, ഭക്തി, അധ്വാനശീലം തുടങ്ങിയ യുറോപ്പുകാരിൽനിന്നും, ആരാധനാക്രമം ഭാഷ തുടങ്ങിയ കാര്യങ്ങളിൽ ബാലിലോൺകാരിൽ നിന്നും സ്വീകരിക്കാവാനാണ് സമാധാന പ്രിയനായ ചാവറയച്ചൻ നിർദ്ദേശിച്ചിട്ടുള്ളത്.

### തൊണ്ണൂറ്റിഅഞ്ച്

## ദീനക്കാരോടു കാരുണ്യം

സമൂഹത്തിലെ ക്ലേശിതരും ദുഃഖിതരും ദീനക്കാരുമായവരെ പ്രത്യേകം സ്നേഹിക്കണം. അവർക്ക് ശുശ്രൂഷ നൽകണം എന്നത് ജീവിതമോഹമായി ചാവറയച്ചൻ സ്വീകരിച്ചിരുന്നു. പോരുക്കര ഏലീശ്വാ അച്ചന് എഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു. "ദീനക്കാരില്ലാത്ത കൊവേന്തയിൽ എനിക്കു ഭയമാകുന്നു. ഇടവിടാതെ തന്നെ ദീനക്കാര് കൊവേന്തയിൽ ഉണ്ടെങ്കിൽ അവിടെ ഈശോമിശിഹാ സന്തോഷിക്കുന്നു."

### തൊണ്ണൂറ്റിആറ്

## കുർബാനയും പ്രാർത്ഥനയും

ദിവസത്തിന്റെ പ്രധാന പ്രാർത്ഥന ദിവ്യബലിയാണ്. മറ്റു പ്രാർത്ഥനകൾ എല്ലാം അതിന്റെ അനുപൂരകങ്ങളാണ്. കുർബാ

നയെ മുൻനിറുത്തി കാനോനനമസ്കാരവും ക്രമീകരിക്കാൻ ചാവറയച്ചൻ അഗ്രഹിച്ചു. വേണ്ട അനുവാദങ്ങൾ സമ്പാദിച്ച് ആരാധന ക്രമപരിഷ്കാരം നടത്താൻ ചാവറയച്ചൻ തയ്യാറായി. "കുർബാന പുണ്യാളന്റെയും കാനോനനമസ്കാരം അതത് ആഴ്ചയുടേതും അയി ക്രമക്കേടായി നടക്കുകയാൽ കാനോന നമസ്കാരം ചുരുക്കി കുർബാനയും കാനോനനമസ്കാരവും ഒന്നായിട്ടു നടപ്പാൻ തക്കവണ്ണം പെരിയബഹുമാനപ്പെട്ട മെത്രാപ്പോലീത്ത അച്ചന്റെ കല്പനപ്രകാരം ക്രമപ്പെടുത്തി."

**തൊണ്ണൂറ്റിഏഴ്**

# സന്ന്യാസം- ദൈവത്തിന്റെ വിളി

ചാവറയച്ചനും ലെയോപോൾദ് മുപ്പച്ചനും കൂടി സംയുക്തമായി എഴുതുന്ന കത്തിന്റെ ചില ഭാഗങ്ങൾ നോക്കുക

"സ്നേഹിക്കപ്പെട്ട കുടപ്പിറപ്പുകളെ ഈ നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യർ ഉണ്ടാക്കിയതല്ല പിന്നെയോ, തമ്പുരാൻ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കയും നടത്തുകയും ചെയ്തു എന്നതിനു നിങ്ങൾ എല്ലാവരും സാക്ഷികളായിരിക്കുന്നു. അങ്ങനെയിരിക്കേ ഈ ദൈവികപ്രവൃത്തിക്ക് വിഘാതം വരുത്തുന്നതിന് മനുഷ്യരുടെ പീഡനങ്ങളുടെ തിരസ്ക്കാരങ്ങളും എതിർപ്പുകളും ഒന്നും പര്യാപ്തമല്ല. അതിനു വിഘാതമായി ഒരേ ഒരു കാര്യമേയുള്ളു. നാം നമ്മുടെ ദൈവവിളിയെ മറന്ന് കടമകളെ തിരസ്ക്കരിച്ച്, സന്ന്യാസ പുണ്യങ്ങളായ എളിമ, അനുസരണം, സ്നേഹം, അച്ചടക്കം, സത്യമായ ഭക്തി എന്നിവയെല്ലാം ചിന്തയിൽ മാത്രം പുലർത്തിയാൽ മതിയെന്നും, പ്രവൃത്തി കൊണ്ടു നിറവേറ്റേണ്ട കാര്യമില്ലാ എന്നും കരുതി ജീവിച്ചാൽ സന്ന്യാസത്തിന് അതു വിഘാതമാകും. നിങ്ങൾ പാർക്കുന്ന ഈ കൊവേന്തകൾ ചുരുങ്ങിയകാലം കൊണ്ട് നിശ്ശേഷം ഇല്ലാതായിത്തീരും."

### തൊണ്ണൂറ്റിഎട്ട്

## കർത്താവിന്റെ മണവാട്ടികൾ

കൂനമ്മാവ് മഠത്തിലെ കന്യാസ്ത്രീകൾക്ക് ചാവറയച്ചൻ എഴുതിയ കത്തിൽ പ്രാർത്ഥനയുടെ ആഴമേറിയ ഭാഗങ്ങൾ വെളിപ്പെടുത്തുന്നു. മഠത്തിന്റെ മൂലയിൽ നിന്ന് സന്യാസികൾ നടത്തുന്ന പ്രാർത്ഥനകൾ വനപുഷ്പം പോലെ ആരുമറിയതെ നഷ്ടപ്പെട്ടു പോകുന്നില്ല. "രാജ്ഞിമാരെ പല്ലക്കിൽ കയറ്റി, മറ്റുള്ളവരുടെ ദർശനത്തിൽ നിന്നു മറയ്ക്കാൻ വിരിയിട്ട് നയിക്കുന്നു. അതുപോലെ കർത്താവിന്റെ മണവാട്ടികളായ കന്യാസ്ത്രിമാർ ഏകാന്തതയിലിരുന്നു പ്രാർത്ഥിക്കുന്നത് മണവാളനായ ഈശോ കേൾക്കുന്നു. അവർക്ക് വിലതീരാത്ത സമ്മാനം കൊടുക്കാൻ അവിടുന്നു തയ്യാറായിരിക്കുന്നു." അദ്ദേഹം തുടരുന്നു. "ഓ എന്റെ തമ്പുരാനായ കർത്താവിന്റെ മണവാട്ടികളായ മഹാരാജ സ്ത്രീകളേ, നിങ്ങൾ സ്വീകരിച്ചിട്ടുള്ള അന്തസ്സ് എത്രയും ഉന്നതും സുതൃർഹവും ആകുന്നു. ലോകത്തിലെ പ്രസിദ്ധരായ മഹാരാജ്ഞിമാർ നിങ്ങളുടെ സൗഭാഗ്യത്തിൽ അസൂയപ്പെടുന്നു."

കന്യാസ്ത്രീമാരുടെ പ്രാർത്ഥനയുടെ ഫലം തനിക്കുകൂടി ലഭിക്കട്ടെ എന്ന് ചാവറയച്ചൻ ആശിക്കുന്നുണ്ട്. ഒരു കത്തിൽ ഇങ്ങനെ എഴുതുന്നു. "കർത്താവേ, എന്നെ അനുഗ്രഹിക്ക എന്നു ഞാൻ ചൊല്ലുമ്പോൾ മഠങ്ങൾ ഒക്കയിലുമുള്ള പ്രാർത്ഥന മുറികളിൽ ചെയ്യുന്ന നമസ്ക്കാരം ഒക്കയുടെയും ഫലം ഞാൻ അർത്ഥം വച്ചിരിക്കുന്നു. കർത്താവിനോടും പറഞ്ഞിട്ടുള്ള ഈ മൊഴി അതായത് കർത്താവേ എന്നെ അനുഗ്രഹിക്ക എന്നുള്ള പ്രാർത്ഥന. അപ്പോൾ ഈ നമസ്ക്കാരങ്ങൾ മുഴുവന്റെയും ഒരു പങ്ക് നമുക്കും കിട്ടും."





തൊണ്ണൂറ്റിഒൻപത്

# മരണത്തിനൊരുക്കം

കൈനകരിക്കാർക്ക് എഴുതുന്ന രണ്ടാമത്തെ കത്തിൽ നന്മരണത്തിന് ഒരുങ്ങുന്നതിനെക്കുറിച്ച് ചാവറയച്ചൻ പറയുന്നുണ്ട്. ബൈബിളിലെ ക്രിസ്തുവിന്റെ വചസുകൾ പൂവിൽ മധു പോലെ ചാവറയച്ചന്റെ ഹൃദയത്തിൽ തങ്ങിനിന്നുവെന്ന് ഈ ഭാഗം കാണിക്കുന്നു. "കുപ്പായത്തിനും ശരീരത്തിനും കൂടി ഒന്നിച്ച് മോശം കണ്ടാൽ കുപ്പായത്തെ ഉപേക്ഷിക്കുക. ശരീരത്തിനും ആത്മാവിനും കൂടി മോശം നേരിട്ടാൽ ശരീരത്തെ ഉപേക്ഷിച്ച് ആത്മാവിനെ കാക്കുക. എന്തുകൊണ്ടെന്നാൽ ഇവ രണ്ടും ഒരിക്കൽ അഴിയാനുള്ളതാണ്."

നന്മരണ സഖ്യക്കാർക്കു നൽകുന്ന ഉപദേശം നല്ല മരണത്തിനായി മറ്റുള്ളവരെ ഒരുക്കുന്നതിനാണ്. ഈ മനോഗുണപ്രവൃത്തി ചെയ്യുന്നതത്രേ സഭക്കാരുടെ കാതലായ തൊഴിൽ. അതായത് ഒരുത്തന്റെ ഉപദേശത്താലും ഉത്സാഹത്താലും ഗുണദോഷത്താലും മറ്റൊരാൾക്ക് മരണം ലഭിച്ച് അവരു രക്ഷപെട്ട് മോക്ഷത്തിൽ കരേറിയാൽ ഇതിന്റെ കാരണക്കാരനായവന്റെ ആത്മരക്ഷയും നിശ്ചയം തന്നെ. രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിന്റെ വൈശിഷ്ട്യത്തെക്കുറിച്ചുള്ള യാക്കോബിന്റെ ഉദ്ബോധനം ചാവറയച്ചന്റെ മനസ്സിൽ നിറഞ്ഞുനിന്നിരിക്കണം(യാക്കോബ് 5:20)

O

നൂറ്

# സ്ത്രീവിദ്യാഭ്യാസം

സ്ത്രീവിമോചനം യൂറോപ്പിലും അമേരിക്കയിലും വരുന്നതിന് ഒരു നൂറ്റാണ്ടു മുൻപ് കേരളക്കരയിൽ അതിനു നാന്ദി കുറിച്ചു. ഒരു

നൂറ്റാണ്ടു മുൻപ് സ്ത്രീകൾക്കു വിദ്യാഭ്യാസം കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസവും ജീവിതത്തിനുപകരിക്കുന്ന കൈത്തൊഴിലും സ്ത്രീ ജനങ്ങളെ പഠിപ്പിക്കേണ്ടത് നാടിന്റെ പുരോഗതിയുടെ ഭാഗമായി ചാവറയച്ചൻ കരുതി അതിനായി യൂറോപ്പിലേതുപോലെ സന്യാസിനി സഭ നമ്മുടെ നാട്ടിലും വേണമെന്ന് ചാവറയച്ചൻ ആഗ്രഹിച്ചു.

സി.എം.സി. സഭയുടെ സ്ഥാപന ലക്ഷ്യങ്ങളിൽ ഒന്ന് സ്ത്രീ വിദ്യാഭ്യാസമായിരുന്നു.

വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം കൂനമ്മാവ് മഠത്തിലെ കന്യാസ്ത്രിമാർക്കായിരുന്നു. തയ്യൽ വേലകൾ പെൺകുട്ടികളെ അഭ്യസിപ്പിക്കുന്നതിനുവേണ്ടി കൊച്ചിയിൽ നിന്നും ഫ്രാൻസിസ്കാ എന്ന യുവതിയെ വരുത്തി. കൊന്തകെട്ട്, റേന്തപ്പണി തുടങ്ങിയ കാര്യങ്ങളിൽ പരിശീലനം നൽകാൻ അഞ്ചു തെങ്ങിൽ നിന്ന് ഒരു അദ്ധ്യാപികയേയും ചാവറയച്ചൻ കൊണ്ടു വന്ന് നിയമിച്ചിരുന്നു.

**നൂറ്റിഒന്ന്**

# പ്രിയോർമാവ്

മാന്നാനം കൊവേന്ത പ്രിയോരായിരുന്ന പോരൂക്കര ഏലീശാ അച്ചന് 1870-കന്നിമാസത്തിൽ എഴുതിയ കത്തിൽ എല്ലാ കൊവേന്തകളിലും മാവു വെയ്ക്കുന്ന കാര്യം പറയുന്നുണ്ട്. കൂനമ്മാവിൽ നിന്നായിരുന്നു കത്ത്.

പോരൂക്കര കുറിയാക്കോസ് ഏലീശാ അച്ചന്,

കൊടുത്തച്ച 520 രൂപയും കുറിമാനവും കിട്ടി. എന്നേക്കാൾ ഈടുനിൽക്കുന്നതും മധുരഫലങ്ങൾ കായിക്കുന്നതുമായ ഒരോർമ്മ ഇത്. ഇതിനേ അപേക്ഷിച്ച് മനുഷ്യർ എത്ര ബലക്ഷയമുള്ളവരും ദുർബലരും. ഇക്കാര്യം എല്ലാ കൊവേന്തക്കാരും ഓർക്കാൻ വേണ്ടി ഓരോ കെവേന്തകളിൽ ദുക്റാനൻ എന്നു പേരിട്ട് ഓരോ മധുര





മാവ് നടുവാൻ നിരുപിച്ച് ചിലയിടങ്ങളിലേക്ക് കൊടുത്തയച്ചു. ഇതാ ഒന്ന് മുത്തോലിയിലും വേണമെങ്കിൽ അവിടെയും(മാന്നാനത്തും) എടുക്കാം.

(ഒപ്പ്) ആഹാ കുറി.

ചാവറയച്ചൻ കുനമ്മാവിൽ നിന്ന്, എല്ലാ കേവേന്തകളിലേക്കും മാവ് കൊടുത്തയച്ചു. ദുക്റാനൻ എന്നാണ് അദ്ദേഹം പേരിട്ടതെങ്കിലും പിൽക്കാലത്ത് പ്രിയോർമാവ് എന്ന പേരിലാണ് അതറിയപ്പെട്ടത്. മനുഷ്യന്റെ ബലഹീനതയേയും ഫലവൃക്ഷത്തിന്റെ മധുരോദാരതയേയും ദീർഘകാല ജീവിതത്തെയും ആധ്യാത്മിക ദൃഷ്ട്യാ ചാവറയച്ചൻ കാണുന്നുണ്ട്. (ആഹാ = സഹോദരൻ. കുറി=കുറിയാക്കോസ്)

○

### നൂറ്റിരണ്ട്

## ക്രിസ്തുവിന്റെ വികാരിയുടെ തീക്ഷ്ണത

ഒരു വൈദികൻ എന്ന നിലയിൽ ചാവറപിതാവ് തന്റെ കടമകൾ ഏതവസത്തിലും ചെയ്യുവാൻ ജാഗരുകനായിരുന്നു. പള്ളിപ്പുറം പള്ളിയുടെ വികാരി ആയിരിക്കേ ഒരു സംഭവം ഉണ്ടായി. സമയം രാത്രി. ആരോ വന്ന് വികാരിയുടെ മുറിയുടെ വാതിലിൽ മുട്ടി. ചാവറയച്ചൻ പുറത്തു വന്നു. ഒരാൾക്ക് അന്ത്യകൂദാശ കൊടുക്കണമത്രേ. പക്ഷേ പ്രശ്നം അതല്ല. രോഗീലേപനം ആവശ്യമുള്ളത് വസൂരി രോഗിക്കാണ്. ചാവറയച്ചൻ ഒപ്രശുമാപ്പെട്ടിയും എടുത്തുകൊണ്ട് ഇറങ്ങാൻ ഭാവിച്ചു. അതറിഞ്ഞ ഇടവകക്കാർ അദ്ദേഹത്തെ തടഞ്ഞു. വസൂരി രോഗം പകരാനിടയുണ്ട് പോകരുത്.''



അവരുടെ വാക്കുകൾ ചാവറയച്ചൻ കേൾക്കാൻ തയ്യാറായില്ല. അദ്ദേഹം ആ രാത്രി തന്നെ വസൂരിരോഗിയുടെ വീട്ടിലെത്തി അന്ത്യകൂദാശ നൽകി. തന്റെ കടമ നിർവഹിച്ചതിലുള്ള സംതൃപ്തയായിരുന്നു, ചാവറയച്ചന്.

നൂറ്റിമൂന്ന്

# കടലാസും മഷിയും

മാന്നാനത്ത് ചാവറയച്ചന്റെ ഭഗീരഥപ്രയത്നം കൊണ്ട് പ്രസ്സ് സ്ഥാപിതമായി. പക്ഷേ,കടലാസ്,മഷി, എന്നിവ ദുർലഭമായിരുന്നു. അതിനായുള്ള കഷ്ടപ്പാടുകളുടെ ചുരുക്കം നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു നോക്കുക.

'പുതുശ്ശേരി മദ്രാസ് എന്നിങ്ങനെയുള്ള ഇടങ്ങളിൽ പ്രസ്സിനും മഷിക്കും എഴുതിയാൽ മഷി അവിടെ കിട്ടില്ലെന്നും പ്രസ്സിനു യൂറോപ്പുവില 500 രൂപ ആണെന്നും പിന്നെയുള്ള കേവു മുതലായ ചിലവു കൊടുക്കണമെന്നും എന്നാൽ പ്രസ്സു വരുത്തിച്ചു തരുമെന്നും മറുപടി വരികയാൽ ദ്രവ്യച്ചുരുക്കത്താൽ ക്ലേശിച്ചു മടുത്തു. ആലപ്പുഴ എലഞ്ഞിക്കൽ ചെറിയാൻ കുഞ്ഞ്, വൈക്കത്തുകാരൻ കൊച്ചു പൗലോസ് എന്നിവരെക്കൊണ്ട് കമീശാ എന്നൊരു കൊച്ചീക്കാരനുമായിട്ട് 100 രൂപയുടെ കടലാസ്, മഷി, ഈയം ഇവ വരുത്തുവാൻ ബോധിപ്പിച്ച് 10 രൂപായും കൊടുത്തു. കന്നി മാസത്തിൽ ചരക്കു വന്നു എന്നു കേട്ടുചെന്നപ്പോൾ 10 കെട്ട് കടലാസ്, ഒരുവീപ്പ മഷി, ഇങ്ങനെ 400 രൂപയിലധികം ലാഭം ഉൾപ്പെടെ വിലയുള്ള ചരക്കു വന്നു എന്നും വിലയുടെ തിട്ടം ഇവർ പറഞ്ഞില്ല എന്നും, ചരക്കു പറഞ്ഞതിൽ അരവീപ്പയ്ക്കു പറഞ്ഞാലും മുഴുവനല്ലാതെ കിട്ടുകയില്ലെന്നും വേർവിട്ടഴിയി





ല്ലയെന്നും നിങ്ങൾത്തന്നെ വാങ്ങിക്കണമെന്നും കച്ചവടക്കാരൻ പറയുകയാൽ ഏറ്റവും മനോവിഷാദമായി.'

'അപ്പോൾ ചെന്നക്കാട്ടു തൊമ്മൻ എന്നയാൾ ഞങ്ങളുടെ മേലും ഈ കാര്യങ്ങളുടെ മേലും ഏറ്റം വേണ്ടി ആയിരിക്കയാൽ, ഇയാളുടെ ഉത്സാഹത്തിലും വേലയാലും അരവീപ്പ മഷിയും കടലാസും വാങ്ങിച്ചാൽ മതിയെന്നും അവരെ സമ്മതപ്പെടുത്തി 6000 ചക്രത്തിനുള്ള ചരക്ക് ഇതിനു കൊടുക്കുന്നതിന് ഇയാളുടെ ഉത്സാഹത്താൽത്തന്നെ പലിശയും കൂട്ടി യൗസേപ്പു പുണ്യവാളന് ഒരു ചിട്ടിയുണ്ടാക്കി ആയത് 3000 ചക്രമുണ്ടാക്കി. ആയത് കൊടുത്ത് 3000 ചക്രത്തിന് ഇയാൾത്തന്നെ കച്ചവടക്കാരനു കച്ചീട്ടും എഴുതി ചരക്കും വാങ്ങിച്ചു തന്നയച്ചു. ഞാനും ബഹു. കാഞ്ഞിരപ്പള്ളി അച്ചനും കൂടി വാങ്ങിച്ചു കൊണ്ടു പോരികയും ചെയ്തു.'

൦

## നൂറ്റിനാല്

# നിത്യകന്യകയായ അമ്മ

പരിശുദ്ധമറിയം എന്നും കന്യകയായിരുന്നു. ദൈവ കുമാരനെ പ്രസവിച്ചശേഷവും അവളുടെ കന്യകാത്വത്തിന് അണുവിട ഭംഗം ഉണ്ടായിരുന്നില്ല. ഈ ആശയം പല വേദപാരംഗതരും സാഹിത്യ കാരന്മാരും ആവർത്തിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും ചാവറയച്ചൻ അത്യന്തം മനോഹരമായ കാവ്യത്തിലൂടെ അവതരിപ്പിക്കുന്നുണ്ട്.

സൂര്യാഭപളുങ്കിനെ
കടക്കുമെന്നപോലെ
നാര്യാര്യ കന്നിക്ഷയം
വരാതെ പെറ്റൂന്തൂനം.

സൂര്യപ്രകാശം ഒരു പളുങ്കു കണ്ണാടിയിലൂടെ കടന്നുപോയാലും ആ പളുങ്കിന് യാതൊരു മാറ്റവും സംഭവിക്കയില്ല. അതുപോലെ ആയിരുന്നു, ദൈവകുമാരൻ കന്യകമറിയത്തിന്റെ പുത്രനായി ഭൂമിയിൽ അവതരിച്ചത്. പരിശുദ്ധ അമ്മയുടെ കന്യകാത്വം ദൈവം പരിപാലിച്ചു.

**നൂറ്റിഅഞ്ച്**

## ഉണ്ണിയേശുവും മാതാവും

പരിശുദ്ധയായ കന്യക മറിയത്തിന്റെ കരങ്ങളിൽ ഉറങ്ങുന്ന ഉണ്ണിയേശുവിനെ അലങ്കാരമധുരമായി ചാവറയച്ചൻ ആത്മാനുതാപത്തിൽ അവതരിപ്പിക്കുന്നുണ്ട്. നോക്കുക.

ആമ്പൽപ്പൂവതിൻ മീതെ
താമരപ്പൂ വെച്ചപോൽ
അംബുധിതാരനാഥ
തൻകരേ സൂതൻ നാഥൻ
താമരമെത്തതന്മേൽ
അന്നക്കുഞ്ഞതിൻ വണ്ണം
താരസമുദ്ര കൈയിൽ
നിദ്രയും മനോഹരം.

വിശുദ്ധിയുടെ വെൺമയ്ക്ക് പര്യായമായ മറിയത്തെ ഒരു വെള്ളാമ്പൽ പുഷ്പമായി ചിത്രീകരിക്കുന്നു. ഇളം ചുവപ്പു നിറമുള്ള ഉണ്ണിയേശുവിന്റെ മേനിയെ ചെന്താമരയോടു വർണ്ണിച്ചതും ഉചിതമായി. ആമ്പൽപ്പൂവിൽ ചെന്താമര വച്ചതു

പോലെയാണ് സാഗരതാരകമായ മറിയത്തിന്റെ കരങ്ങളിൽ ദൈവപുത്രൻ വാഴുന്നത്. താമരമെത്തയിൽ അരയന്നക്കൺമണി എന്നതിൻ വണ്ണം അമ്മയുടെ മടിയിലിരുന്ന് നിദ്രപുണരുന്ന ഉണ്ണിയെ ചാവറയച്ചൻ അവതരിപ്പിച്ചിരിക്കുന്നു.

### നൂറ്റിആറ്

## പ്രപഞ്ചം

ക്ഷണപ്രഭാചഞ്ചലമായ ഈ പ്രപഞ്ചത്തെ ചാവറക്കവി ചിത്രീകരിക്കുന്നത് എങ്ങനെയെന്നു നോക്കുക:

ഭൂമിയുമതിൽ മീതെ
കാണുന്ന സമസ്തവും
ഭേദം കൂടാതെ മാറി
നീങ്ങുന്നു, ക്ഷണേ, ക്ഷണേ.

വീണപൂവിന്റെ ദുഃഖം മലയാളിയുടെ മനസ്സിനു തളികയിൽ വച്ചു നീട്ടിയ കുമാര മഹാകവിക്ക് അരശതം വർഷം മുമ്പ് ഈ സത്യം ചാവറയച്ചൻ കവിതയിലൂടെ കാണിച്ചു തന്നു.

### നൂറ്റിഏഴ്

## വത്സല പിതാവ്

താൻ പുണ്യപാരംഗതനോ ഉന്നതസ്ഥാനീയനോ ആണെന്നുള്ള ഭാവം ചാവറയച്ചനുണ്ടായിരുന്നില്ല. ആ സ്നേഹപിതാവിന്റെ വാത്സല്യം വാക്കുകളിലും പ്രവൃത്തിയിലും നിഴലിച്ചു നിന്നു. തന്റെ മരണപത്രം സ്വന്തം ഇടവകക്കാരായ കൈനകരിക്കാർക്കു നൽകുന്നത് "നല്ല അപ്പന്റെ ചാവരുൾ" എന്ന

പേരിലാണ്. പല സമ്മാനങ്ങൾ സുഹൃത്തുക്കൾക്കും, കർമ്മലീത്താ സഭാംഗങ്ങളായ കന്യാസ്ത്രീകൾക്കും അദ്ദേഹം കൊടുത്തു വിടുന്നുണ്ട്. അവയോടൊപ്പം ചേർത്ത ലഘുകുറിമാനങ്ങളിൽ സ്നേഹ വാത്സല്യങ്ങളുടെ സുഗന്ധം വഴിഞ്ഞു നിൽക്കുന്നു. ഒരു കത്തിൽ ചാവറയച്ചൻ ഇങ്ങനെ എഴുതി:

"പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈ സമ്മാനം നിങ്ങൾക്കു ഞാൻ കൊടുത്തയക്കുന്നു. ഈ മുളക് എന്റെ മുറിവാതിൽക്കൽ പെട്ടിയിൽ വളർത്തിയത്. ഇതിന്റെ അനുഭവം തീർന്നുവെന്നു നിരുപിച്ചാറെ ഒടുക്കമായിട്ടും ചെറിയതായിട്ടും ആരും നോക്കാതെ നിന്നു ഒരുമിച്ചു പഴുത്തത്. നിങ്ങൾ ഇതു കൊണ്ടു വല്ലതും പെരുമാറുവാനും വെറുതേ കളയാതിരിക്കാനുമായിട്ടത്രേ കൊടുത്തയക്കുന്നത്.

ഈ മാങ്ങാ - പാറായി എനിക്കു കൊടുത്തയച്ച രണ്ടു തരം മാങ്ങാ-

ഇതിൽ ചുവന്നതു രണ്ടും ഇന്ത്യയിൽ ഉണ്ടാകുന്നതിൽ ഒന്നാം തരം. പക്ഷേ നല്ല മൂപ്പ് ആകായ്കയാൽ ഒന്നിന്റെ മുഖം പഴുത്തു പോയി. എങ്കിലും നിങ്ങൾ ഇതിന്റെ രുചി അറിഞ്ഞു കിളിർപ്പിച്ചു ഉണ്ടാക്കുവാനായിട്ടു കൊടുത്തയക്കുന്നു. എന്നാൽ അല്പം തൊലി ചെത്തിക്കളഞ്ഞിട്ടു പൂളണം. പൂളി ഇതിന്റെ രുചി എല്ലാവരേയും അറിയിക്കണം."

○

## നൂറ്റിഎട്ട്

# വിശുദ്ധിയുടെ പരിമളം

ചാവറയച്ചൻ കൂനമ്മാവ് മഠത്തിലെ കന്യാസ്ത്രീകൾക്ക് എഴുതുന്ന കത്തുകൾ പലതും അധ്യാത്മിക പരിമളം നിറഞ്ഞു നിൽക്കുന്നവയാണ്.

ഹാ! കുഞ്ഞുങ്ങളെ, ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ

സ്നേഹത്തെക്കുറിച്ച് നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം. ഈ എട്ടു ദിവസം മുടങ്ങാതെ മാറി മാറി ഒരാളെങ്കിലും ദിവസവും വിശുദ്ധ കുർബാന കൈക്കൊണ്ട് കർത്താവിന്റെ സ്നേഹത്തെ ഓർക്കണം.

ഞാൻ വിചാരിച്ച കാര്യം ഇതാണ്. ഇപ്പോൾ ലത്തീൻ പഠിപ്പാൻ ഒന്നുകൊണ്ടും വശമില്ല. അതിനാൽ നിങ്ങൾ തമിൾ വായിക്കാൻ നല്ലവണ്ണം അഭ്യസിക്കണം. കാരണം പല ജ്ഞാനപുസ്തകങ്ങൾ ഉണ്ട്. ഇനിയും ഉണ്ടാകും.

ഹാ! ഈശോമിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ വസിക്കുക. എപ്പോഴും അവിടുത്തെ കൺ മുമ്പിൽ ഇരിക്കുവിൻ. തന്റെ അരികെ നടക്കുവിൻ. അവിടുത്തോട് എപ്പോഴും സംസാരിക്കുവിൻ.

ഏതെങ്കിലും വസ്തുക്കളിൽ ഇഷ്ടമോ ആഗ്രഹമോ അധിക സന്തോഷമോ നിങ്ങൾക്ക് തോന്നിയേക്കാം. അപ്പോൾ പ്രിയം നിറഞ്ഞ കർത്താവ് ഇങ്ങനെ നിന്റെ നേരേ തിരിഞ്ഞു പറയുന്നു എന്നോർക്കുക.

"എന്നെ നീ നോക്കുക. എന്നേക്കാൾ അധികമായി ആ വസ്തു നിന്നെ സന്തോഷിപ്പിക്കുന്നുവോ? ഇത് ദുഃഖമോ? ക്ലേശമോ.? എങ്കിൽ നീ എന്തുകൊണ്ടു ക്ലേശിക്കുന്നു? അത്രയും പോരേ?" ഇങ്ങനെ പറഞ്ഞു കൊണ്ട് അവിടുന്ന് ഒരു ക്ഷണനേരവും നിങ്ങളുടെ സമീപത്തു നിന്നു മാറാതെ നിൽക്കുന്നു. 'നിന്നെ സന്തോഷിപ്പിക്കണം, നീ അവിടുത്തെ സ്നേഹിക്കണം ഇതുമാത്രമാണ് അവിടുത്തെ ആഗ്രഹം.

നിനക്ക് എന്താണ് വേണ്ടത്.? വേണ്ടതൊക്കെ നൽകാം. ഇനി നിനക്ക് നൽകുവാൻ ഒന്നുമില്ല. നിശ്ചയം. എന്നു വച്ചാൽ തന്നെത്തന്നെ നിനക്കായി നൽകി. ആകാശം ഉൾപ്പെടെ എല്ലാം. അവിടുത്തെ സൃഷ്ടികളാണ്. അവിടുത്തേക്കാൾ വലുതായി എന്തു സൃഷ്ടിയാണുള്ളത്.

ഹാ! ഓർത്തു കൊള്ളുക ഞാനും നിങ്ങളും തമ്മിൽ എന്താണ് ബന്ധം. നിങ്ങൾ എവിടെ കിടക്കുന്നു.? ഞാൻ എവിടെ നിൽക്കുന്നു, നിങ്ങൾ എവിടെ നിൽക്കുന്നു. നിങ്ങളെ ഞാൻ അറിയുമോ? എന്നെ നിങ്ങൾ അറിയുമോ?

ഇപ്പോൾ നിങ്ങളുടെ സത്യജനങ്ങളെക്കാൾ നിങ്ങൾ എന്നെയും അപ്രകാരം തന്നെ ഞാനും സ്നേഹിപ്പാൻ കാരണം എന്ത്? കർത്താവേ നിന്നോടു ഞങ്ങൾ ഒന്നാംകുംവരെ ഞങ്ങളിൽ നിന്നും നീ അകലേയ്ക്കു പോകരുതേ.

### ശ്രേഷ്ഠത്തിയമ്മയ്ക്ക്

സുപ്രിയോരത്തി ഇതു വായിച്ച് മഠത്തിലുള്ളവരേയും എടുക്കാന്തക്കാരേയും (വിദ്യാർത്ഥികൾ) വായിച്ചു കേൾപ്പിക്കിക്കണം.

○

### നൂറ്റിഒൻപത്

## പണപ്പിരിവ്

കുനമ്മാവിലെ ആദ്യത്തെ കർമ്മലീത്താ മഠത്തിന്റെ സ്ഥാപനത്തിന് ചാവറയച്ചൻ നടത്തിയ അദ്ധ്വാനം ചെറുതല്ല. **ഫാ. ജോൺ റോമിയോ പട്ടശ്ശേരി രചിച്ച ചാവറയച്ചൻ- വ്യക്തിയും വീക്ഷണവും** എന്ന ഗ്രന്ഥത്തിൽ പ്രസ്തുത കാര്യങ്ങൾ സമഗ്രമായും സത്യസന്ധമായും വിവരിച്ചിട്ടുണ്ട്.

മാന്നാനത്ത് സുറിയാനിക്കാർ ആരംഭിച്ച സന്യാസത്തിന്റെ മാതൃകയിൽ ഒരു സന്യാസ ഭവനം നിർമ്മിക്കാൻ വരാപ്പുഴ മെത്രാപ്പോലീത്തായും മിഷനറിമാരും വിദേശത്തുനിന്ന് വൻ തുക കൊണ്ടുവന്ന് ചിലവഴിച്ചു. അതേ സമയം കന്യാസ്ത്രീകൾക്കായി മഠം തുടങ്ങണമെന്ന ചാവറയച്ചന്റെ അഭിലാഷം പണത്തിന്റെ ദൗർലഭ്യം മൂലം പൂവണിഞ്ഞില്ല. ദൈവത്തിന്റെ വഴികൾ അതിനിഗൂഢം എന്നതു പോലെ പെട്ടെന്ന് ഒരു വഴി തെളിഞ്ഞു. ആരോ ഒരാൾ കുമ്പസാരത്തിനുശേഷം ഉത്തരിപ്പ് കടം വീട്ടാനെന്ന നിലയിൽ ഒരു തുക ചാവറയച്ചനെ ഏൽപ്പിച്ചു. ചാവറയച്ചൻ ആ

പണം സ്വീകരിച്ചില്ല. എങ്കിലും മഠത്തിന്റെ പണിയ്ക്കു വേണ്ടി പണമില്ലാതെ ചാവറയച്ചൻ വിഷമിക്കുന്നുവെന്നതറിഞ്ഞ ആ മനുഷ്യൻ നിർബന്ധം പറഞ്ഞ് 10 രൂപാ സഹായ ധനമായി ഏല്പിച്ചു. ആ തുകയും, മറ്റു ചിലരുടെ സംഭാവനയും ചേർത്ത് 18 രൂപ ഉണ്ടാക്കി. അതായിരുന്നു, കൂനമ്മാവു മഠം പണിയുടെ ആദ്യമൂലധനം.

ലെയോപോൾദ് മിഷനറി ആധ്യാത്മിക കാര്യങ്ങളിൽ സഹായ ഹസ്തമരുളിയെങ്കിലും ഫണ്ടുശേഖരണം, നിർമ്മാണ കാര്യങ്ങൾ എന്നിവയിലെല്ലാം മുഴുകി പ്രവർത്തിച്ചതു ചാവറയച്ചനാണ്. പനമ്പു കൊണ്ടു നിർമ്മിച്ച മഠം ഒരു കൊല്ലം തികയുന്നതിനു മുമ്പ്, എണ്ണായിരം രൂപ ചിലവഴിച്ച് വലിയ സന്യാസിനി ഭവനമാക്കിത്തീർത്തു. കാലിൽ നീർക്കെട്ടും വാതപ്പനിയും പ്രമേഹവും ഉണ്ടായിരുന്നെങ്കിലും അതൊന്നും ആ കർമ്മയോഗി കാര്യമാക്കിയില്ല. "തുലാവർഷത്തിന്റെ ആരംഭത്തിൽ മലയാറ്റൂർ മുതലായ പള്ളികളിലേക്കു പോവുകയും ചേരാനല്ലൂരിൽ വച്ച് വാതപ്പനി കൂടി രണ്ടു ദിവസം ബോധമില്ലാതെ കിടക്കുകയും,ശടപ്പായിട്ടു തന്നെ കൂനമ്മാവു കൊവേന്തയിൽ വന്നു ചേരുകയും കാലിൽ നീര് കൂടി അതു പൊട്ടുകയും ഒരു പ്രകാരം സുഖം വന്നപ്പോൾ വീണ്ടും പണപ്പിരിവിനായി ഇറങ്ങിത്തിരിക്കയും" ചെയ്തു. കർമ്മലീത്താ സന്യാസിനി സമൂഹത്തിന്റെ ആരംഭത്തിന് ചാവറയച്ചനേപ്പോലെ ക്ലേശം സഹിച്ച മറ്റൊരാൾ ഉണ്ടാവില്ല.

### നൂറ്റിപ്പത്ത്

## മഠവും സെമിനാരിയും

മഠം തുടങ്ങിയതിന്റെ വാർഷികമായ 1867 ഫെബ്രുവരി 12-നു തന്നെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പു നടക്കണം എന്ന് ചാവറയച്ചൻ ആഗ്രഹിച്ചു. മെത്രാപ്പോലീത്തായുടെ അസൗകര്യം കൊണ്ടു ആ തിയതി മുൻപോട്ടു നീട്ടി. മാർച്ച് 27 നേ നടത്താൻ

കഴിഞ്ഞു. ഇതോടൊപ്പം മറ്റൊരു ഭാരിച്ച ഉദ്യമത്തിനു കൂടി നേതൃത്വം കൊടുക്കാൻ ചാവറയച്ചൻ നിർബന്ധിതനായി. കൂനമ്മാവിൽ ചാവറയച്ചൻ ആശ്രമാധിപനായതോടെ സന്യാസ ജീവിതത്തിനു പുതു ജീവൻ കൈ വന്നു. ധാരാളം യുവാക്കന്മാർ സന്യാസാർത്ഥികളായി മുന്നോട്ടു വന്നു. അവർക്ക് താമസസ്ഥലം അടിയന്തിരമായി ഉണ്ടാക്കേണ്ടിയിരുന്നു. നൂറിലധികം പേരെ ഒരേ സമയം താമസിപ്പിച്ച് പരിശീലനം നടത്താൻ വേണ്ടി രണ്ടു കെട്ടിടങ്ങൾ നിർമ്മിച്ചു. ഒന്ന് മൂന്നുനിലക്കെട്ടിടം ആയിരുന്നു. മറ്റേത് രണ്ടു നിലയും. 1868 ആയപ്പോഴേക്ക് രണ്ടു കെട്ടിടങ്ങളുടെയും പണി പൂർത്തിയായി. ആധ്യാത്മിക ജീവിതവും ബാഹ്യപ്രവർത്തനങ്ങളും സമന്വയിപ്പിച്ചുകൊണ്ടു പോകാൻ ചാവറയച്ചനുള്ള കഴിവ് അന്യാദൃശമായിരുന്നു.

നൂറ്റിപ്പതിനൊന്ന്

# വാഴ്ത്തപ്പെട്ട അൽഫോൻസായുടെ സാക്ഷ്യം

ചാവറയച്ചന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ മാധ്യസ്ഥതമൂലം ധാരാളം അത്ഭുതങ്ങൾ നടന്നിട്ടുണ്ട്. ഇപ്പോൾ നമ്മൾ വാഴ്ത്തപ്പെട്ടവളായി വണങ്ങുന്ന സി. അൽഫോൻസാ മാറാരോഗത്തിന്റെ അടിമയായിരുന്നു. അൽഫോൻസാമ്മ തന്നെ എഴുതുന്നു.. “വേറൊരു ദിവസം ശക്തമായ തലവേദന തുടങ്ങി. മൂക്കിൽ നിന്നു ധാരാളം രക്തം പോയി. ആകെപ്പാടെ ഞാൻ വിഷമിച്ചും വേദനിച്ചും കിടക്കുന്ന സന്ദർഭത്തിൽ ഞാൻ സഹായത്തിനായി ചാവറ അച്ചനെ വിളിച്ചു പ്രാർത്ഥിച്ചു. ഒരു സഹോദരി എന്റെ സമീപത്തിരുപ്പുണ്ടായിരുന്നു. ഏകദേശം മൂന്നുമണി ആയപ്പോൾ ചാവറയച്ചൻ എന്റെ അടുക്കൽ സന്തോഷത്തോടെ നിൽക്കുന്നതുപോലെ കരം പൊക്കി എന്നെ ആശിർവദിക്കുന്നതു പോലെ എനിക്കു





തോന്നുകയും ചെയ്തു.

നേരം വെളുത്തപ്പോൾ എനിക്കു നല്ല സുഖം തോന്നി. കൂടാതെ കാലിൽ കുറെ ദിവസങ്ങളായിട്ട് പഴുത്തു പൊട്ടിക്കൊണ്ടിരുന്ന വ്രണം നേരം വെളുത്തപ്പോൾ കരിയുകയും ചെയ്തു.......''

എന്ന് സി. അൽഫോൻസാ.

**നൂറ്റിപ്പന്ത്രണ്ട്**

# വീരോചിത പുണ്യം

നാമകരണവേളയിൽ മാർപ്പാപ്പാ ഇങ്ങനെ പ്രഖ്യാപിച്ചു.

വിശ്വാസം ശരണം ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം എന്നീ ദൈവിക പുണ്യങ്ങളും വിവേകം, നീതി, അടക്കം, ആത്മധൈര്യം എന്നീ വിശേഷവിധ പുണ്യങ്ങളും, അവയോടു ചേർന്നു മറ്റു പുണ്യങ്ങളും ചാവറ കുറിയാക്കോസ് ഏലിയസച്ചൻ വിരോചിതമായി അഭ്യസിച്ചിരുന്നുവെന്ന് തിരുസംഘത്തിന് ബോധ്യമായിട്ടുണ്ട്. ഇക്കാര്യം നാം ഇന്ന് പ്രഖ്യാപിക്കുന്നു.

എന്ന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ.

**നൂറ്റിപ്പതിമൂന്ന്**

# ദൈവത്തേയും മനുഷ്യനേയും കോർത്തിണക്കിയ വ്യക്തി

ഇന്ത്യൻ പ്രസിണ്ടായിരുന്ന ഡോ. ആർ. വെങ്കിട്ടരാമൻ ചാവറ സ്മാരക സ്റ്റാമ്പ് ഇന്ത്യൻ തപാൽ വകുപ്പിന്റെ പേരിൽ പ്രകാശനം ചെയ്തു കൊണ്ടു പറഞ്ഞു.

"ദൈവിക ചിന്തയേയും മനുഷ്യസേവനത്തേയും ഇദ്ദേഹത്തേപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. യഥാർത്ഥത്തിൽ ഈ മഹാനുഭവന്റെ മനസ്സിൽ വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും കർമ്മപരമായ പ്രവർത്തനങ്ങൾക്കും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നില്ല. ചാവറയച്ചൻ ഈ രണ്ടു രീതികളെ സമഞ്ജമായി സമ്മേളിപ്പിച്ചു. ബാഹ്യപ്രവർത്തനങ്ങളുടെ നിലയ്ക്കാത്ത യന്ത്രമായിരുന്നു അദ്ദേഹം. അതേ സമയം തന്റെ ഉള്ളിൽ കത്തിനിന്നിരുന്ന ദൈവിക ചൈതന്യം തന്നോടിടപെട്ടവരിലെല്ലാം സംക്രമിപ്പിച്ചു."

○

### നൂറ്റപ്പതിനാല്

## മനുഷ്യകുലത്തിലന്റെ അമൂല്യരത്നം

മുൻ കേരള ഗവർണർ ശ്രീ രാമചന്ദ്രൻ പറയുന്നു.

"ചാവറയച്ചൻ കേരളത്തിന്റെ മാത്രമല്ല, മാനവരാശിയുടെ മുഴുവൻ അഭിമാനമാണ്. ഒരു വ്യക്തിയിൽ തന്നെ ഇത്രമാത്രം വിശിഷ്ട ഗുണങ്ങൾ വിളങ്ങിവിരാജിക്കുകയെന്നത് അസുലഭമാണ്. ചാവറയച്ചൻ ഒരു സാധാരണ മനുഷ്യനായി ജനിച്ചുവെങ്കിലും അരശതാബ്ദത്തിനുള്ളിൽ അനുഷ്ഠിച്ച സുകൃതങ്ങൾ അദ്ദേഹത്തെ അനശ്വരനാക്കിയിരിക്കുന്നു. ദൈവത്തെ അനുഭവിച്ചറിഞ്ഞ ഈ വിശിഷ്ടാത്മാവ് ഈ കാലത്തും വരും കാലത്തും ലോകാവസാനം വരെയും മനുഷ്യകുലത്തിന്റെ അമൂല്യരത്നമായി വിരാജിക്കും."

○

PRIOR GENERAL'S HOUSE LIBRARY 3677 ERNAKULAM



# ചാവറയച്ചന്റെ 101 കിരണങ്ങൾ

ഫാ. സെഡ്. എം. മൂഴൂർ

അസ്തമിക്കാത്ത സൂര്യതേജസാണ്
ജീവിതകാലത്തും അതിനുശേഷവും വാഴ്ത്തപ്പെട്ട
ചാവറയച്ചൻ നമുക്കു സമ്മാനിച്ചത്. അദ്ദേഹത്തിന്റെ
ജീവിതത്തിൽ നിന്നും അടർത്തിയെടുത്ത നൂറിലേറെ
സംഭവങ്ങളും നന്മ തുളുമ്പുന്ന ആദർശങ്ങളും ജീവിതയാത്രയിൽ
ഘടദീപങ്ങളായിരിക്കുന്നു.ഒളിമങ്ങാത്ത കിരണങ്ങൾ അദ്ദേഹത്തിന്റെ
വൈവിധ്യമാർന്ന വ്യക്തിത്വത്തിന്റെ ഉജ്ജ്വലചിത്രങ്ങൾ
വരച്ചു കാട്ടുന്നു. റോൾ മോഡൽ അന്വേഷിക്കുന്ന
യുവതലമുറയ്ക്ക് സന്തോഷസമേതം
സമ്മാനിക്കാവുന്ന ഉത്തമഗ്രന്ഥം.

Academic Religious Aesthetic & Media Animation Mentorium
ARAMAM

**ആരാമം പബ്ലിക്കേഷൻസ്**
അറക്കുളം പി.ഒ. തൊടുപുഴ
പിൻ. 685591.
ഫോൺ. 225691